

# സോവിയറ്റ്യൂണിയനിൽ കാർഷികപ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെ

ഡി. എസ്സ്. കൊൽപകോവ്

ഡീ. എസ്സ്. കൊൾപകോവ്

# സോവിയററ് യൂണിയനിൽ കാർഷികപ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെ

The Information Department of the USSR
Embassy in India, New Delhi.

ആഗസ്റ്റ് 1958

വില: 20 ന. പ.

*Edited by G. Efimov, Printed and Published by N. K. Dorodnitsyn for the Information Department of the USSR Embassy in India, 25, Barakhamba Road, New Delhi at the Roxy Printing Press, New Delhi.*

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | കാർഷിക പ്രശ്നമെന്നു പറഞ്ഞാൽ എന്താണ്? | 5 |
| 2. | ഒക്ടോബർ വിപ്ലവത്തിന് മുമ്പ് റഷ്യയിലെ കർഷകരുടെ നില | 6 |
| 3. | ഭൂമിയെപ്പററി തലമുറകളായുള്ള ആ സ്വപ്നം സാക്ഷാല്ക്കരിക്കപ്പെടുന്നു | 18 |
| 4. | ഒരു സ്വതന്ത്രനാട്ടിലെ സ്വതന്ത്രരായ തൊഴിലാളികളുടെ ആദ്യനടപടികൾ | 28 |
| 5. | വി. ഐ. ലെനിന്റെ സഹകരണ പദ്ധതിയനുസരിച്ച് | 32 |
| 6. | ഒരു കൂട്ടകൃഷികളം എന്നാൽ എന്താണ്? | 43 |
| 7. | കർഷകരുടെ ജീവിതത്തിലെ മാററങ്ങൾ | 50 |
| 8. | കൂട്ടകൃഷികളങ്ങൾ രണ്ടാം ലോകമഹായുദ്ധകാലത്ത് | 53 |
| 9. | ഗണ്യമായൊരു പുരോഗതി | 56 |
| 10. | മാറിയ ജീവിത നിലവാരം | 67 |
| 11. | സാംസ്കാരിക വിപ്ലവം | 79 |

# 1

# കാഷികപ്രശ്നമെന്ന് പറഞ്ഞാൽ എന്താണ്?

"ഒരു കോഴിക്കുഞ്ഞിനുപോലും ഓടി നടക്കാൻ ഇടയില്ലാത്തവണ്ണം ഭൂമി അത്രയ്ക്കു ചെറുതാണ്," ല്യേവ് ടോൾസ്റ്റോയിയുടെ "വിദ്യാഭ്യാസത്തിന്റെ ഫലം" എന്ന ശുഭപര്യവസാനിയായ നോവലിലെ ഒരു സാധാരണ കഷകൻ പറയുന്ന വാക്കുകളാണ് ഇതു്. അതുവഴി ആ മഹാനായ സാഹിത്യകാരൻ വിപ്ലവത്തിനു മുൻപുള്ള റഷ്യയിൽ നൂററാണ്ടുകളായി പരിഹാരം കാണാതെ കിടന്നിരുന്ന കാർഷിക പ്രശ്നത്തിന്റെ ഒരു ചിത്രം വരച്ചു് കാട്ടുകയായിരുന്നു.

കാഷികപ്രശ്നം പ്രധാനമായും കാഷിക ബന്ധങ്ങളുടേതാണ്. ഭൂമി ആരുടെ വകയാണെന്നും അതിൽ ആരാണ് കൃഷി നടത്തുന്നതെന്നും അതിന്റെ ഫലം ആർക്കാണ് പോകുന്നതെന്നുമുള്ളതിനെയും, ഇതിന്റെ അടിസ്ഥാനത്തിൽ സമുദായത്തിലെ വിവിധ വിഭാഗങ്ങളും വർഗ്ഗങ്ങളും തമ്മിലുള്ള ബന്ധത്തേയും, കൃഷി വികസിക്കുന്ന സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളേയും ആശ്രയിച്ചാണ് ഇതിരിക്കുന്നതു്.

ഈ കാഷികപ്രശ്നം ഭൂമിയുടെ മേലുള്ള സ്വകാര്യ ഉടമയുടെ ആരംഭത്തോടൊപ്പം തന്നെ, വർഗ്ഗങ്ങളുടെ ഉത്ഭവത്തോടൊപ്പം തന്നെ ഉണ്ടായതാണ്.

നൂററാണ്ടുകൾ പലതും കടന്നുപോയി; ഒരു സാമൂഹ്യക്രമത്തിന്റെ സ്ഥാനത്തു് മറെറാരു സാമൂഹ്യക്രമം ഉടലെടുക്കുകയും ചെയ്തു. അങ്ങനെ അടിമത്വത്തിനു് പിന്നാലെ നാടുവാഴിത്വവും, അതിനുശേഷം മുതലാളിത്വവും ജന്മമെടുത്തു. പക്ഷെ, എന്നിട്ടും കഷകന്റെ കയ്യിലുള്ള ഭൂമി നന്നേ "ചെറുതാ"യിരുന്നു. രാജവംശങ്ങളും ഗവമ്മെൻറുകളും ഒന്നിനു് പുറകേ ഒന്നായി മാറി വന്നു; വർഗ്ഗങ്ങളും രാഷ്ട്രീയ പാർട്ടികളും മാറി; പക്ഷെ കാഷിക പ്രശ്നം പരിഹരിക്കപ്പെടാതെ തന്നെ കിടന്നു. മനുഷ്യചരിത്രത്തിൽ ആദ്യമായി റഷ്യയിൽ 1917 ലെ ഒക്ടോബർ വിപ്ലവാനന്തരം ഈ പ്രശ്നത്തിനു് വിപ്ലവകരമായ ഒരു പരിഹാരം കണ്ടെത്തപ്പെട്ടു. റഷ്യയിൽ കാഷികപ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെയാണെന്നാണ് ഈ ലഘുലേഖയിൽ വിവരിക്കപ്പെട്ടിട്ടുള്ളതു്.

## 2

# ഒക്ടോബർ വിപ്ലവത്തിന് മുൻപ് റഷ്യയിലെ കൃഷകരുടെ നില

1861 ൽ അടിമത്വം അവസാനിപ്പിക്കപ്പെടുന്നതു് വരെ റഷ്യയിൽ നാട്ടുവാഴിത്ത അടിമത്വം നിലനിന്നിരുന്നു. ഭൂമിയും, കൃഷകർ തന്നെയും ജന്മിമാരുടെ സ്വത്തായിട്ടാണു് പരിഗണിക്കപ്പെട്ടിരുന്നതു്. ഒരു ജന്മിക്കു് വെറുമൊരു സാധനമെന്നപോലെ തന്റെ കൃഷിക്കാരനെ വില്ക്കുകയോ, കൈമാറുകയോ, പാരിതോഷികമായി നൽകുകയോ ചെയ്യാമായിരുന്നു. പലപ്പോഴും കുട്ടികളെ മാതാപിതാക്കളിൽനിന്നു് വേർതിരിച്ചു് വില്ക്കുകയും, അങ്ങനെ കുടുംബങ്ങൾ തകർക്കപ്പെടുകയും ചെയ്തിരുന്നു.

സാർ ചക്രവർത്തിയായിരുന്നു ഏററവും വലിയ ജന്മി. 1861നു് തൊട്ടു് മുൻപു് വരെ രാജകുടുംബത്തിന്റെ വകയായി പത്തു്ലക്ഷം കൃഷകരുണ്ടായിരുന്നു. ഒരു കോടിയിലധികംപേർ മററു് ജന്മിമാരുടെ വകയായിരുന്നു; വേറൊരു 95 ലക്ഷംപേർ സ്റ്റേററിന്റെയും സ്വത്തായിരുന്നു.

കൃഷകർക്കു് യാതൊരുവിധ നാമമാത്രമായ അവകാശംപോലും ഉണ്ടായിരുന്നില്ല. ജന്മിമാരെപ്പററി പരാതിപ്പെടുന്നതു് പോലും വിലക്കപ്പെട്ടിരുന്നു.

അടിമത്വത്തിൻകീഴിൽ ബാഷ്ചിനാ സമ്പ്രദായം വഴിക്കായിരുന്നു കൃഷകരെ ഏററവും പ്രധാനമായി ചൂഷണം ചെയ്തിരുന്നതു്. ദക്ഷിണ റഷ്യയിലെ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിലായിരുന്നു ഇതു് ഏററവും കൂടുതലായി പ്രാബല്യത്തിലുണ്ടായിരുന്നതു്. അതിന്റെ രീതി ഇപ്രകാരമായിരുന്നു. ആഴ്ചയിൽ മൂന്നു് ദിവസം കൃഷകൻ ജന്മിയുടെ മണ്ണിൽ അദ്ധ്വാനിക്കണം. (ബാഷ്ചിനാ ചെയ്യുകയെന്നാണു് അതിനു് പറയുന്നതു്). എന്നാൽ മിക്കപ്പോഴും ആഴ്ചയിൽ ആറു് ദിവസവും കൃഷിക്കാരൻ ബാഷ്ചിനാ നടത്തേണ്ടിവരികയാണു് ചെയ്തിരുന്നതു്. അങ്ങനെ ഞായറാഴ്ച ഒഴിവു് ദിവസം മാത്രമേ അവനു് സ്വന്തം ആവശ്യത്തിനു് ലഭിച്ചിരുന്നുള്ളു.

ഭൂമി ഊഷരവും, വിളവ് മോശവുമായിരുന്ന രാജ്യത്തിന്റെ വടക്കൻ ഭാഗങ്ങളിൽ കൃഷിക്കാരനെക്കൊണ്ട് നിർബന്ധിച്ച് ഭൂമി കൃഷി ചെയ്യിക്കുന്നതിനേക്കാൾ, അവന്റെ കയ്യിൽനിന്ന് ഒരു തുക ഈടാക്കുന്നതാണ് കൂടുതൽ ലാഭകരമെന്ന് ജന്മിമാർ കണ്ടു. **ഒബ്രോക്ക്** എന്നായിരുന്നു ഈ സമ്പ്രദായം അറിയപ്പെട്ടിരുന്നത്. (ഒബ്രിച്ചേൻ—കൊടുക്കാൻ നിർബന്ധിതമാവുക എന്ന റഷ്യൻ വാക്കിൽനിന്നാണ് ഈ പേരുണ്ടായിട്ടുള്ളത്). പല കൃഷിക്കാരുടേയും വരുമാനം ഈ ഒബ്രോക്ക് കൊടുക്കാൻപോലും മതിയായിരുന്നില്ല. ഇത് കൊടുക്കുന്നതിനാവശ്യമായ പണം ഉണ്ടാക്കുന്നതിന് വേണ്ടി ഈ സാധുകർഷകർ ചുമട്ടുകാരായും മററും കൈത്തൊഴിൽ ശാലകളിൽ പണിയെടുക്കാൻ നിർബന്ധിതരായിരുന്നു.

നാടുവാഴിത്ത അടിമത്തം റഷ്യയുടെ സാമ്പത്തിക വികാസത്തെ വിഘാതപ്പെടുത്തി. അതേസമയം, വളർന്നുകൊണ്ടിരുന്ന റഷ്യയുടെ മുതലാളിത്ത വ്യവസായത്തിന് വിലകുറഞ്ഞ അദ്ധ്വാനശക്തിയും, അതിന്റെ ഉല്പന്നങ്ങൾക്ക് വിപണികളും ആവശ്യമായിരുന്നു. അടിമത്തവ്യവസ്ഥ കൂലിവേലക്കാരുടെ ഒരു വർഗ്ഗമുണ്ടാകുന്നതിനെ തടഞ്ഞു. കർഷകന്റെ പാപ്പരായ അവസ്ഥയും, ഒരു കുടുംബത്തിന്റെ ആവശ്യങ്ങൾ മിക്കവാറും ആ കുടുംബത്തിലെ ഉല്പാദനം കൊണ്ടുതന്നെ നടന്നിരുന്ന കൃഷിയിലെ പ്രാകൃത സമ്പദ്‌വ്യവസ്ഥയുടെ നിലനിൽപും മൂലം വ്യാവസായികോല്പാദനങ്ങൾക്ക് നാട്ടിനുള്ളിൽ ഒരു വിപണി ഉണ്ടായില്ല.

അടിമകളുടെ നിർബന്ധിതാദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത നന്നേ മോശമായിരുന്നു. കർഷകർ യാതൊരു താല്പര്യവും കൂടാതെയാണ് ജന്മികൾക്ക് വേണ്ടി വേലചെയ്തിരുന്നത്; തന്നെയല്ല, കൃഷി സമ്പ്രദായങ്ങൾ വളരെ പഴഞ്ചനുമായിരുന്നു. ഭൂമിയുടെ ഉല്പാദനശക്തി ക്ഷയിച്ചുവരികയും, വിളവ് മോശമായിവരികയുമായിരുന്നു. പട്ടിണിയും പങ്കപ്പാടും മാത്രം കർഷകരുടെ സന്തത സഹചാരികളായി അവശേഷിച്ചു. ഗ്രാമീണ ജനതയ്ക്കിടയിലെ മരണ നിരക്ക് നിരന്തരമായി ഉയർന്ന് വരികയുംചെയ്തു. സാമ്പത്തിക വളർച്ചയുടെ ഗതിക്രമമാകെത്തന്നെ അടിമത്തനിരോധനം അനുപേക്ഷണീയമാക്കിത്തീർത്തു. ബ്രിട്ടൻ, ഫ്രാൻസ്, ടർക്കി, സാർഡീനിയ എന്നീ രാജ്യങ്ങൾക്കെതിരായ ക്രിമിയൻ യുദ്ധത്തിലെ (1853—56) പരാജയം റഷ്യയുടെ സാങ്കേതിക-സാമ്പത്തിക-രാഷ്ട്രീയ പിന്നോക്കാവസ്ഥ കൂടുതൽ പ്രകടമാക്കി.

ക്രിമിയൻ യുദ്ധപരാജയംമൂലം ദുർബ്ബലപ്പെട്ടകയും, ജന്മികൾക്കെതിരായ കഷക സമരത്തെ ഭയപ്പെട്ടകയും ചെയ്ത സാറിസ്റ്റ് ഗവമ്മെൻറു് അടിമത്ത നിരോധനത്തിന് നിർബ്ബന്ധിതമായി തീൎന്നു.

1861 ഫെബ്രുവരി 19-ാംനു, സാർ ചക്രവത്തി അടിമത്വത്തിൽനിന്നും, അതോടൊപ്പം ഭൂമിയിൽനിന്നും കഷകക്കു് "വിമോചനം" നൽകുന്ന വിളംബരത്തിൽ ഒപ്പുവെച്ചു. കഷകൻ ഒരു സ്വതന്ത്ര വ്യക്തിയായിത്തീൎന്നിരിക്കുന്നുവെന്നു് വിളംബരം ചെയ്യപ്പെട്ടു. ജന്മിക്കു് ഇനിമേൽ കഷകരെ വില്ക്കുകയോ, വാങ്ങുകയോ, പകരം കൊടുക്കുകയോ ചെയ്യുക സാദ്ധ്യമല്ല. അയാൾക്കിനിമേൽ ഒരു കൃഷിക്കാരൻെറ വിവാഹം തടയാനോ, അവൻെറ സ്വകായ്യ ജീവിതത്തിൽ ഇടപെടാനോ സാദ്ധ്യമല്ല. എന്നാൽ, യഥാൎത്ഥത്തിൽ കഷകർ സാമ്പത്തികമായി ജന്മിമാരുടെ ആശ്രിതരായിതന്നെ അവശേഷിച്ചു. അടിമത്വ നിരോധനത്തിനു് ശേഷവും ജന്മിമാർ കഷക മദ്ദനം തുടൎന്നു് വന്നു.

സാർ ചക്രവത്തിയുടെ വിളംബരം മൂലം മുൻപു് കഷകരുടെ ഉപയോഗത്തിലായിരുന്ന ഭൂമിയുടെ അഞ്ചിലൊരു ഭാഗത്തിലധികം ജന്മിമാരുടെ കൈകളിലായി തീൎന്നു. ഇങ്ങനെ അവരുടെ കയ്യിൽനിന്നു് പോയ ഭൂമിക്കാണു് 'ഒത്രേസ്കി' എന്നു് പേരു് പറഞ്ഞിരുന്നതു്. കഷകരുടെ കയ്യിൽ അവശേഷിച്ച ഭൂമിക്കു് അവർ ഭീമമായൊരു നഷ്ടപരിഹാരം കൊടുക്കാൻ നിർബ്ബന്ധിക്കപ്പെട്ടു. ഉദാഹരണത്തിനു്, കഷകരുടെ കയ്യിൽ ശേഷിച്ച ഭൂമിയുടെ മൂല്യം 650,000,000 റൂബിൾ ആയിരുന്നപ്പോൾ, അവർ അതിനു് 2,000,000,000 (ഇരുനൂറു് കോടി) റൂബിൾ നൽകാൻ നിർബ്ബന്ധിക്കപ്പെട്ടു.

ഇതിലുമുപരി, ജന്മിമാക്കു് ഏററവും നല്ലതും ഫലഭൂയിഷ്ഠവുമായ ഭൂമി ലഭിച്ചപ്പോൾ കൃഷിക്കാക്കു് മോശപ്പെട്ട നിലമാണു് കിട്ടിയതു്.

ജന്മിമാരുടെ ഭൂമി കഷകരുടെ നിലങ്ങളിലേക്കു് തള്ളിനില്ക്കുകയും, മിക്കപ്പോഴും അതിനെ രണ്ടായി മുറിച്ചുകൊണ്ടു് അതിൻെറ നടുവിലൂടെ പോകുകയും ചെയ്യത്തക്കവണ്ണമാണു് ഭൂവിതരണം നടന്നതു്. അക്കാരണത്താൽ, അതിക്രമിച്ചു് കടക്കുന്നതിനും, കന്നുകാലികളെ ജന്മിയുടെ മണ്ണിലൂടെ ഓടിച്ചുകൊണ്ടു് പോകുന്നതിനും അവർ പണം കൊടുക്കേണ്ടി വന്നിരുന്നു. അതല്ലങ്കിൽ, വളരെ ക്രൂരമായ വ്യവസ്ഥകളിന്മേൽ ജന്മിമാരുടെ

പക്കൽനിന്നു് അവരുടെ അതിർത്തികൾ പാട്ടത്തിനെടുക്കാൻ ഈ കൃഷകർ നിർബ്ബന്ധിതരായി തീർന്നിരുന്നു.

കൃഷകർക്കു് ലഭിച്ച കൊച്ചു് കൊച്ചു് വീതങ്ങൾക്കു് കുടുംബത്തിന്റെ അരിഷ്ടിച്ചുള്ള നിലനില്പിനു് പോലും വകനല്കാൻ കഴിഞ്ഞില്ല. അപ്പോൾ, കുടുംബത്തെ പോററുന്നതിനു് വേണ്ടി കൊല്ലത്തിൽ ഏറ്റിയ ഭാഗവും ജന്മിയുടെ നിലത്തിൽ കൃഷകതൊഴിലാളിയായി പണിയെടുക്കാൻ അവൻ നിർബ്ബന്ധിതനായി തീർന്നു. ഇങ്ങനെ “ഭൂമിയുള്ള ലക്ഷക്കണക്കിനു് തൊഴിലാളികൾ” ഉണ്ടായിരുന്നു.

പല കൃഷകരും ജന്മിമാരുടെ കയ്യിൽനിന്നു് നിലം പാട്ടത്തിനെടുത്തു. പണമായോ ഇനമായോ കൊടുക്കേണ്ടിയിരുന്ന ഇതിന്റെ പാട്ടം, പാട്ടനിലത്തിൽനിന്നു് ലഭിച്ചിരുന്ന വിളയുടെ പകുതിയിലധികം വരുമായിരുന്നു. പലപ്പോഴും ഈ പാട്ടം കൊടുക്കുന്നതിനു്വേണ്ടി ഒരു നിശ്ചിത കാലത്തേയ്ക്കു് ജന്മിയുടെ നിലത്തിൽ ജോലി നോക്കാൻ അവർ നിർബ്ബന്ധിതരാവുകയും ചെയ്തിരുന്നു.

കാർഷിക പരിഷ്കരണത്തിനു്ശേഷമുള്ള 45 സംവത്സരങ്ങൾക്കിടയ്ക്കു് (1861—1906) കൃഷകർ ജന്മിമാർക്കു് പാട്ടമായും നഷ്ടപരിഹാരമായും ഏതാണ്ടു് 1650 കോടി സ്വർണ്ണ റൂബിൾ നൽകുകയുണ്ടായി.

വിപ്ലവത്തിനു് മുൻപുള്ള കൃഷകരുടെ നിലയെക്കുറിച്ചു് സംസാരിക്കവേ, സോവിയററു് സ്റ്റേററിന്റെ സ്ഥാപകനായ വ്ളാഡിമിർ ഇലിയിച്ചു് ലെനിൻ ഇപ്രകാരം പറയുകയുണ്ടായി: “അടിമത്വ നിരോധനത്തിനു്ശേഷവും ഭൂരിപക്ഷം ഗുബേർണിയാകളിലെ (ജില്ലകളിലെ) കൃഷകർ ജന്മികളുടെ ഭയങ്കരമായ അടിമത്വത്തിലാണു് കഴിഞ്ഞിരുന്നതു്. വിമോചനത്തിനു് ശേഷവും അവർ ഒരു ‘അധഃകൃത’ വിഭാഗമായിട്ടാണു്, കരമടയ്ക്കുന്ന കന്നുകാലികളായിട്ടാണു്, ജന്മികൾ നിയമിച്ച ഉദ്യോഗസ്ഥന്മാരാൽ അപമാനിയ്ക്കപ്പെടാനുള്ള പിച്ചകളായിട്ടാണു് കരുതപ്പെട്ടുവന്നതു്. ഈ ഉദ്യോഗസ്ഥന്മാർ അവരിൽനിന്നു് കരം പിടിച്ചു്പറിക്കുകയും, അവരെ ചമ്മട്ടികൊണ്ടടിക്കുകയും, കയ്യേററം നടത്തുകയും അപമാനിക്കുകയും ചെയ്തിരുന്നു.

“വിമോചനം” കഴിഞ്ഞു് നാല്പതു് സംവത്സരങ്ങൾക്കു്ശേഷം 19-ാം ശതകത്തിന്റെ അവസാനത്തിൽ റഷ്യയുടെ യൂറോ

പ്യൻ ഭാഗത്തു് ഭൂമി വിതരണം ചെയ്യപ്പെട്ടിരുന്നതിൻെറ ക്രമം ഏതാണ്ടിപ്രകാരമായിരുന്നു.

30,000 വൻകിട ജന്മിമാരുടെ കയ്യിൽ 18.9 കോടി ഏക്ര ഭൂമി ഉണ്ടായിരുന്നപ്പോൾ, 105 ലക്ഷം സാധു കർഷകകുടുംബങ്ങൾക്കു് 20.25 കോടി ഏക്ര മാത്രമാണുണ്ടായിരുന്നതു്. ഇതിൽ നിന്നു്, ഒരു സാധു കർഷകകുടുംബത്തിനു് ശരാശരി 18.9 ഏക്ര ഉണ്ടായിരുന്നപ്പോൾ, ഒരു വൻകിട ജന്മിയുടെ ശരാശരി ഭൂമി 6300 ഏക്രയായിരുന്നെന്നു് വ്യക്തമാകുന്നുണ്ടല്ലോ. ഏററവും വലിയ 699 ജന്മിമാക്കു് മൊത്തം 56155960 ഏക്ര അതായതു് ഒരാൾക്കു് ശരാശരി 81000 ഏക്ര ഉണ്ടായിരുന്നു.

അൻപതു് ശതമാനത്തിലേറെ കർഷക കുടുംബങ്ങൾക്കു് 3-5 ഏക്രയിലധികം ഭൂമി ഉണ്ടായിരുന്നില്ലെന്നും, 15 ശതമാനം കുടുംബങ്ങൾക്കു് ഭൂമിയേ ഉണ്ടായിരുന്നില്ലെന്നും, 30 ശതമാനം പേക്കു് കുതിര ഇല്ലാതിരുന്നപ്പോൾ 43 ശതമാനം പേക്കു് കാർഷികോപകരണങ്ങൾ ഉണ്ടായിരുന്നില്ലെന്നുംകൂടി പറയേണ്ടതുണ്ടു്.

19-ാം ശതകത്തിൻെറ ഉത്തരാർദ്ധത്തിലും, 20-ാം ശതകത്തിൻെറ ആരംഭത്തിലും, റഷ്യയിലെ കാർഷിക പ്രശ്നത്തിനു് നിദാനമായി കിടന്നിരുന്നതു് ഭൂമിക്കു്വേണ്ടിയുള്ള കർഷകരുടെ ദാഹവും, നാടുവാഴിത്ത അടിമത്വത്തിൻെറ അവശിഷ്ടങ്ങളുടേതായ മർദ്ദനവുമായിരുന്നു.

മരക്കലപ്പയും ദാരിദ്ര്യവും—അതായിരുന്നു വിപ്ളവത്തിനു്
മുൻപു് കർഷകൻെറ നില





പട്ടാളക്കാർ ബാൽട്ടിക്കു് പ്രദേശത്തു് കർഷക ഗൃഹങ്ങൾ
എരിച്ചുകളയുന്നു ( 1905 )

താങ്ങാനാവാത്ത നികുതിഭാരവും, മററു നൂറുകൂട്ടം പിരിവുകളുംകൊണ്ടു് പൊറുതിമുട്ടുകയും, എന്നും പട്ടിണിയും പങ്കപ്പാടും മാത്രമായി കഴിയേണ്ടിവരികയും ചെയ്ത കർഷകർ സാർ ചക്രവർത്തിയ്ക്കും ജന്മികൾക്കുമെതിരായി വീണ്ടും കലാപം നടത്തി. ഈ കർഷക സമരങ്ങൾക്കും കലാപങ്ങൾക്കുമിടയ്ക്കു് ജന്മിമാരുടെ ഭൂമിയും ആട്ടുമാടുകളും കൃഷി ആയുധങ്ങളും പിടിച്ചെടുത്തു് വീതിക്കപ്പെട്ടു. ഇങ്ങനെയുള്ള കർഷക സമരങ്ങൾ പല സമയങ്ങളിലായി ജില്ലകളിലും പ്രദേശങ്ങളിലുമാകെ പടർന്നുപിടിച്ചു. ഭൂമിയുടെമേലുള്ള തങ്ങളുടെ അധികാരം നിലനിർത്താനും, കർഷകരെ അടിമത്വത്തിലാഴ്ത്തിവെയ്ക്കാനുംവേണ്ടി ജന്മിമാർ കഴിയുന്ന നടപടികളെല്ലാം കൈക്കൊണ്ടു് നോക്കി. അതേസമയം, ജന്മിമാരുടെ കയ്യിൽനിന്നു് ഭൂമിയെടുത്തു് തങ്ങളെ അടിമത്വത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിമോചിപ്പിക്കുവാനായിരുന്നു കർഷകരുടെ ശ്രമം. അങ്ങനെ ഭൂമിയ്ക്കു് വേണ്ടി ഉഗ്രമായൊരു സമരം നടത്തപ്പെട്ടു.

ജന്മിമാരുടേയും മുതലാളിമാരുടേയും താല്പര്യത്തിനു് വേണ്ടി സാറിസ്റ്റു് ഗവണ്മെൻറു് കലാപകാരികളെ ക്രൂരമാംവണ്ണം അടിച്ചമർത്തി. ഗ്രാമങ്ങളിലേയ്ക്കു് പട്ടാളയൂണിററുകൾ അയക്കപ്പെട്ടു. ഈ സൈന്യദളങ്ങൾ ആയിരക്കണക്കിനു് കർഷകരെ വെടിവെച്ചു് കൊന്നു; അതിലുമധികം പേർ ചാട്ടയടിക്കു് വിധേയരാവുകയൊ, കൽത്തുറുങ്കിലടയ്ക്കപ്പെടുകയൊ, കഠിനാദ്ധ്വാനത്തിനു്

ശിക്ഷിക്കപ്പെട്ടുകയൊ ചെയ്തു. ഗ്രാമങ്ങളപ്പാടെതന്നെ ഈ ഭൂമുഖത്തുനിന്നു് തുടച്ചുനീക്കപ്പെട്ടു. പല കുടുംബങ്ങളും വഴിയാധാരമായി. കൃഷകരുടെ സ്ഥിതി എരിയുന്ന ചട്ടിയിൽനിന്നു് പൊരിയുന്ന തീയിലേയ്ക്കു് വീഴുന്നതുപോലെ ആയി.

ഭൂമിയ്ക്കു് വേണ്ടിയുള്ള കൃഷകരുടെ ഈ സമരത്തിനു് റഷ്യൻ തൊഴിലാളിവൎഗ്ഗത്തിൻെറ സൎവ്വാത്മനായുള്ള പിന്തുണ ഉണ്ടായിരുന്നു. കൃഷകർ തൊഴിലാളിവൎഗ്ഗത്തിൽ തങ്ങൾക്കു് വിശ്വസിക്കാവുന്ന ഒരു ബന്ധുവിനേയും, എല്ലാവിധ അടിമത്വത്തിനും ചൂഷണത്തിനുമെതിരായ ഉറച്ച ഒരു സമരസഖാവിനേയും കണ്ടെത്തി. വി. ഐ. ലെനിൻ സ്ഥാപിച്ച കമ്മ്യൂണിസ്റ്റ് പാൎട്ടി തൊഴിലാളിവൎഗ്ഗത്തിൻെറയും അദ്ധ്വാനിക്കുന്ന കൃഷകജനതയുടെയും നേതൃത്വം ഏറ്റെടുത്തു.

സാർ ചക്രവൎത്തിയുടെയും ജന്മിമാരുടെയും ഏകാധിപത്യവാഴ്ചക്കെതിരായ സമരം വിജയിക്കണമെങ്കിൽ, തൊഴിലാളി കൃഷക സഖ്യം ഊട്ടി ഉറപ്പിക്കേണ്ടതുണ്ടെന്നു്, അങ്ങിനെയൊരു സഖ്യത്തിനു് മാത്രമെ കൃഷകൎക്കു് സ്വാതന്ത്ര്യവും ഭൂമിയും നേടിക്കൊടുക്കാനും, വിപ്ലവത്തെ വിജയത്തിലേയ്ക്കു് നയിക്കാനും കഴിയുകയുള്ളുവെന്നു് കമ്മ്യൂണിസ്റ്റുകാർ കൃഷകരോടു് വിശദീകരിച്ചു.

1905—07 ലെ വിപ്ലവത്തിൻെറ സമയത്തു് ജന്മികൾക്കെതിരായ കൃഷക സമരം കൂടുതൽ ഊൎജ്ജിതപ്പെട്ടിരുന്നു. റഷ്യയിലെ ഏതാണ്ടു് പകുതിയോളം ജില്ലകളിൽ കൃഷകപ്രസ്ഥാനം പടൎന്നു് പിടിച്ചു. നാട്ടിൻ പുറങ്ങളിൽ വിപ്ലവകൃഷക കമ്മററികൾ സംഘടിപ്പിക്കപ്പെട്ടു. പലേടങ്ങളിലും, കൃഷകർ ജന്മിമാരുടെ കയ്യിൽനിന്നു് വയലുകളും പുൽത്തകിടികളും കൈവശപ്പെടുത്തി. ജന്മിയുടെ ധാന്യം, ആടു-മാടുകൾ, കൃഷി ആയുധങ്ങൾ തുടങ്ങിയവയും അവർ പിടിച്ചെടുത്തു.

1905—07 ലെ വിപ്ലവം പരാജയത്തിൽ കലാശിച്ചെങ്കിലും, ബഹുജനങ്ങളുടെ രാഷ്ട്രീയ വിദ്യാഭ്യാസത്തിനുള്ള ഒരു സ്കൂളെന്ന നിലയ്ക്കു് അതു് അതിപ്രധാനമായൊരു പങ്കുവഹിച്ചു. വാസ്തവം പറയുകയാണെങ്കിൽ, അതില്ലായിരുന്നുവെങ്കിൽ 1917-ലെ വിപ്ലവത്തിൽ തൊഴിലാളി-കൃഷകരുടെ വിജയം അസാദ്ധ്യമാകുമായിരുന്നു.

1905-ലെ വിപ്ലവം അടിച്ചമൎത്തിയശേഷം, സാറിസ്റ്റ് ഗവമെൻറു് നാട്ടിൻ പുറങ്ങളിൽ മുതലാളിത്തരീതിയിലുള്ള കൃഷി

ങ്ക്", അതായതു് വൻതോതിലുള്ള കളങ്ങൾക്കു് കൂടുതൽ പ്രോത്സാഹനം നൽകുന്ന ഒരു നയം കൈക്കൊണ്ടു. ഏററവും ധനികരായ കൃഷകർ വലിയ കളങ്ങളിൽ താമസമുറപ്പിച്ചു. അവക്കു് ഏററവും മെച്ചപ്പെട്ട ഭൂമിയും മററു പലേ ആനുകൂല്യങ്ങളും ലഭിച്ചു. പുറമേ, സക്കാരിൽനിന്നു് വേണ്ട പണം കടമായും. അതേസമയം സാധു കൃഷകർ നശിക്കുകയും, തുച്ഛമായ വിലയ്ക്കു് തങ്ങളുടെ ഭൂമി കുലാക്കുകൾക്കു് വിററശേഷം നഗരങ്ങളിൽ പോയി ഒരു ജീവിതമാൎഗ്ഗം തേടുന്നതിനുവേണ്ടി ഗ്രാമം വിട്ടുപോവുകയും ചെയ്തു.

റഷ്യയുടെ അതിത്തിപ്രദേശങ്ങളിൽ, പ്രത്യേകിച്ചു് മദ്ധ്യേഷ്യയിലും, റഷ്യനേതര ജനവിഭാഗങ്ങൾ അധിവസിച്ചിരുന്ന മദ്ധ്യപ്രദേശങ്ങളിലും കൃഷകക്കു് പ്രാദേശിക ജന്മിമാരുടേയും മുതലാളിമാരുടേയും ചൂഷണത്തിനു് പുറമെ, സാറിസ്റ്റ് ഏകാധിപത്യവും റഷ്യൻ ബൂഷ്വാസിയും കൈക്കൊണ്ടിരുന്ന ദേശീയമദ്ദന നടപടികളും സഹിക്കേണ്ടിയിരുന്നു.

ഒന്നാം ലോകമഹായുദ്ധകാലത്തു് (1914—18) ഈ സ്ഥിതി ഇതിലും കൂടുതൽ വഷളായിതീന്നു. പല കൃഷകകുടുംബങ്ങളിലും വേല ചെയ്യാൻ കഴിവുള്ളവർ ഇല്ലാതായി; കൃഷിചെയ്യപ്പെട്ടിരുന്ന പ്രദേശം കുറഞ്ഞു കുറഞ്ഞു വന്നു; വിളവു് വളരെ ഇടിയുകയും ചെയ്തു. യുദ്ധം ദശലക്ഷക്കണക്കിനു് മനുഷ്യജീവിതങ്ങളെ ഗ്രസിക്കുകയും, രാജ്യത്തിൻെറ വിഭവങ്ങൾ മുഴുവൻ വിഴുങ്ങുകയും ചെയ്തു. 1917-ൻെറ ആരംഭത്തിൽ സാമ്പത്തികമായ അരാജകത്വം അതിൻെറ അത്യുച്ചകോടിയിലെത്തി. തൊഴിലാളികളുടേയും കൃഷകരുടേയും ബുദ്ധിജീവികളുടേയുമിടയിൽ സാറിസ്സത്തിനെതിരായ അമഷം ആളിക്കത്താൻ തുടങ്ങി.

1917-ലെ ഫെബ്രുവരിമാസം റഷ്യയിലെ രാജവാഴ്ചയുടെ പതനത്തിനു് സാക്ഷ്യം വഹിച്ചു. രാജവാഴ്ചയുടെ പതനത്തിനു് ഉത്തരവാദപ്പെട്ട പ്രധാനശക്തി റഷ്യയിലെ തൊഴിലാളിവൎഗ്ഗമായിരുന്നു. അതു് രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളേയും ഏററവും പാവപ്പെട്ടവരേയും സമരത്തിലേയ്ക്കു് നയിച്ചു. ഈ സമരത്തിൽ അദ്ധ്വാനിക്കുന്ന കൃഷക ജനതയായിരുന്നു തൊഴിലാളിവൎഗ്ഗത്തിൻെറ ഏററവും ഉററമിത്രം. കൃഷകജനത തൊഴിലാളിവൎഗ്ഗത്തിനു് അവരുടെ ഉറച്ച പിന്തുണ നല്കി.

അക്കാലത്തു് ചേന്ന കൃഷകസമ്മേളനം അംഗീകരിച്ച ഒരു പ്രമേയമാണു് താഴെ ചേക്കുന്നതു്.

"ഷെൻക്കർസ്ക്ക് ഉയെസ്ദിലെ അക്കേൻഇൽ ഗ്രുബേർണിയയിലെ പുയിസ്കായ വൊളോസ്റ്റിലുള്ള 27 ഗ്രാമങ്ങളിലെ കൃഷകർ മാർച്ച് 11-ാംനു ഒരു യോഗം കൂടുകയും, അവരുടെ ഈ യോഗം പെട്രോഗ്രാഡ്* തൊഴിലാളിവർഗ്ഗത്തിനും വിപ്ലവസേനയ്ക്കും അഭിവാദനമരുളാനും, പൂർണ്ണസ്വാതന്ത്ര്യവും പൊതുക്ഷേമവും നേടുന്നതിനുവേണ്ടി തൊഴിലാളി സൈനിക പ്രതിനിധികളുടെ സോവിയററുമായി യോജിച്ചു് പ്രവർത്തിക്കാനും തീരുമാനിക്കുകയും ചെയ്യുന്നു. പഴയ അധികൃതർ നീക്കം ചെയ്യപ്പെടുകയും പുതിയവർ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു.....പെട്രോഗ്രാഡ് തൊഴിലാളിവർഗ്ഗവും വിപ്ലവസേനയും നീണാൾ വാഴട്ടെ!

എന്നാൽ ഫെബ്രുവരി (1917) വിപ്ലവത്തിനുശേഷം കേന്ദ്രത്തിലെ രാഷ്ട്രീയാധികാരം ബൂർഷ്വാ-ജന്മി പാർട്ടികളുടെ നേതാക്കന്മാരടങ്ങിയ താല്ക്കാലിക ഗവർമ്മെണ്ടിന്റെ കയ്യിലായിതീർന്നു. സമാധാനം, ഭക്ഷണം, ഭൂമി എന്നീ ജനകീയാവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ഈ ഗവർമ്മെണ്ടിനു് യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ല. താല്ക്കാലിക ഗവർമ്മെണ്ടു് സാറിസ്റ്റു് ഏകാധിപത്യഭരണത്തിന്റെ അതേ ജനാധിപത്യവിരുദ്ധ നടപടികൾ തുടർന്നു. സാറിസത്തെ നിഷ്കാസനം ചെയ്ത ഫെബ്രുവരി വിപ്ലവം സാമ്രാജ്യത്ത യുദ്ധത്തിനു് വിരാമമിടുക, ജന്മി ഉടമാവകാശം അവസാനിപ്പിച്ചു് ഭൂമി കൃഷകർക്കു് കൈമാറുക എന്നിവ ഉൾപ്പെടെയുള്ള ജനങ്ങളുടെ മൌലികാവകാശങ്ങൾ തൃപ്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടു.

എന്നാൽ, ബൂർഷ്വാ ഗവർമ്മെണ്ടിനു് സമാന്തരമായി മറെറാരു അധികാരശക്തി, അതായതു്, തൊഴിലാളി-സൈനിക ഡപ്യൂട്ടികളുടെ സോവിയററുകൾ നിലവിലുണ്ടായിരുന്നു. സോവിയററുകളിലെ സൈനിക പ്രതിനിധികൾ പ്രധാനമായും, യുദ്ധത്തിനുവേണ്ടി പട്ടാളത്തിൽ ചേർക്കപ്പെട്ടിരുന്ന കർഷകരായിരുന്നു.

ഇതിന്റെ ഫലമോ? ഫലം, ഒരു ദ്വിഭരണമായിരുന്നു. ഒരു വശത്തു്, സാർവ്വദേശീയബന്ധങ്ങളിൽ റഷ്യയെ പ്രതിനിധീകരിക്കുകയും അഭ്യന്തര നയം നടപ്പിലാക്കുകയും ചെയ്തിരുന്ന

---

* ഇന്നു് ലെനിൻഗ്രാഡ് എന്നു് അറിയപ്പെടുന്ന പെട്രോഗ്രാഡ് റഷ്യയുടെ തലസ്ഥാനവും അക്കാലത്തെ വിപ്ലവസംഭവങ്ങളുടെ ആസ്ഥാനവും ആയിരുന്നു.

താല്ക്കാലിക ഗവെണ്മെൻറും, മറുവശത്ത് ബൂഷ്വാസിയുടെ ഈ ഗവെണ്മെൻറിനോടൊപ്പം ലക്ഷലക്ഷം തൊഴിലാളി-കൃഷിക-സൈനികരുടെ പിന്തുണയോടുകൂടിയ സോവിയററുകളും.

അധികാരം താല്ക്കാലിക ഗവെണ്മെൻറിൻെറ കയ്യിൽ കേന്ദ്രീകരിക്കപ്പെട്ടുന്നടത്തോളം ജനങ്ങൾക്കു സമാധാനമോ ഭക്ഷണമോ ഭൂമിയോ ലഭിക്കുകയുണ്ടാവില്ലെന്നു തൊഴിലാളി വർഗ്ഗ മുന്നണിപ്പടയായ കമ്മ്യൂണിസ്റ്റു പാർട്ടി അദ്ധ്വാനിക്കുന്ന ജനങ്ങളോടു വിശദീകരിച്ചു. ജനങ്ങളുടെ വിപ്ലവാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനു അധികാരം സോവിയററുകളുടെ കൈകളിലേയ്ക്കു മാറേറണ്ടതു ആവശ്യമായിരുന്നു.

ഫെബ്രുവരി വിപ്ലവത്തിനു ശേഷം കൃഷികർ ഭൂമിയ്ക്കു വേണ്ടിയുള്ള സമരം ഒന്നുകൂടി മുറുക്കി. എല്ലായിടങ്ങളിലും കൃഷിക സംഘടനകളും കൃഷിക തൊഴിലാളി സംഘടനകളും രൂപീകരിക്കപ്പെട്ടു. കൃഷിക പ്രതിനിധികളുടെ കൌൺസിലുകൾ, കൃഷിക കമ്മററികൾ, ഭൂരഹിത കൃഷിക യൂണിയനുകൾ തുടങ്ങി പലേ സംഘടനകളും രൂപംകൊണ്ടു.

ഒററപ്പെട്ട ചില പ്രാദേശികമായ നടപടികളിൽനിന്നു (ജന്മിയുടെ നിലത്തിൻെറ ചില ഭാഗം പിടിച്ചെടുക്കുക, വനങ്ങളിലെ തടിവെട്ടുക, കന്നുകാലികളെ ജന്മിയുടെ വയലിലേയ്ക്കും പുൽത്തകിടിയിലേയ്ക്കും ഇറക്കിത്തീററുക തുടങ്ങിയ കൃത്യങ്ങൾ) കൃഷികർ കൂടുതൽ ഉറച്ചതും സംഘടിതവുമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. അവർ ജന്മിയുടെ ഭൂമി കൈവശപ്പെടുത്തുകയും പഴയ ഭരണം മാററിസ്ഥാപിക്കുകയും, അവക്കിടയിൽനിന്നു തന്നെ മാനേജരന്മാരെ നിയമിക്കുകയോ അവയുടെ നടത്തിപ്പിനു കമ്മററികൾ രൂപീകരിക്കുകയോ ചെയ്യുകയും ഉണ്ടായി. കളങ്ങളിലെ ജോലിക്കാരും അതേ വഴിയ്ക്കു നീങ്ങി. ഉദാഹരണത്തിനു, സരത്തോവു ഗുബേർനിയയിൽപെട്ട മെർക്കുല്യേവു എന്ന ജന്മിയുടെ വക ബെനർദക്കിൻസ്കോയെ എസ്റ്റേററു അവിടുത്തെ കളം ജോലിക്കാരുടെ യൂണിയൻ ഏറെറടുത്തു. പലയിടങ്ങളിലും, ജന്മിമാരുടെ ഭൂമികൾ പ്രാദേശിക സോവിയററുകളുടേയോ കമ്മററികളുടെയോ നിയന്ത്രണത്തിൽ പൊതുസ്വത്താക്കി മാററപ്പെട്ടു. കൃഷിക കലാപങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. താല്ക്കാലിക ഗവെണ്മെൻറിൻെറ അപൂർണ്ണമായ കണക്കനുസരിച്ചു ഇതിൻെറ സംഖ്യ 1917 മെയു മാസത്തിൽ 411 ആയിരുന്നതു, ജൂണിൽ 689-ാ, ജൂലായിയിൽ 1509-ം, ഓഗസ്റ്റിൽ 1131-ം, സെപ്തമ്പറിൽ 1587-ം ആയി വർദ്ധിച്ചു.

ഗ്രാമങ്ങളുടെ മേൽ സൈനികരുടെ സ്വാധീനം വമ്പിച്ച പ്രാധാന്യമുള്ള ഒരു കാര്യമായിരുന്നു. യുദ്ധരംഗത്തിൽനിന്നുള്ള കത്തുകളിൽ സൈനികർ തങ്ങളുടെ നാട്ടുകാരോട് ജന്മിമാർക്കെതിരായി ഉറച്ചുനിന്ന്പോരാടുവാൻ ആഹ്വാനം ചെയ്തു. "ഞാൻ പറയുന്നു: യാതൊരു ശങ്കയുംകൂടാതെ കന്നുകാലികളെ ജന്മിയുടെ മേച്ചിൽ സ്ഥലത്തേയ്ക്ക് തീററാൻ വിടുകയും, ജന്മിയുടെ അനുവാദം ചോദിക്കാതെ അയാളുടെ നിലം ഉഴുകയും ചെയ്യുക;" യുദ്ധഭൂമിയിലുണ്ടായിരുന്ന ഒരു പട്ടാളക്കാരൻ അയാളുടെ വീട്ടിലേക്കെഴുതി. അങ്ങനെയുള്ള കത്തുകളുടെ സംഖ്യ എണ്ണമററതുമായിരുന്നു.

ജന്മിമാരുടെ ഭൂമി പിടിച്ചെടുക്കാൻ ധൈര്യപ്പെട്ട കൃഷകരെ താല്ക്കാലിക ഗവമെൻ്റ് ക്രൂരമായി നേരിട്ടു. ഇക്കാര്യത്തിൽ അതു് സാറിസ്റ്റ് ഗവമെൻ്റിനേക്കാളും ഒട്ടും മോശമായിരുന്നില്ലെന്നു് മാത്രമല്ല, അവരും ഗ്രാമങ്ങളിലേയ്ക്ക് പട്ടാളക്കാരെ മാർച്ച് ചെയ്യിച്ചു. മാർച്ചിനും ജൂൺ അവസാനത്തിനുമിടയ്ക്ക് ഈ പട്ടാളങ്ങൾ 17 കൃഷക സമരങ്ങൾ അടിച്ചമർത്തി; ജൂലായിലും ആഗസ്റ്റിലുമായി മുപ്പത്തൊൻപതെണ്ണവും, സെപ്തമ്പറിലും ഒക്ടോബറിലുംകൂടി നൂറെണ്ണവും അവർ മർദ്ദിച്ചൊതുക്കി.

താല്ക്കാലിക ഗവമെൻ്റിൽനിന്നു് സമാധാനമോ ഭൂമിയോ പ്രതീക്ഷിക്കേണ്ടതില്ലെന്നു് തങ്ങളുടെ കയ്പേറിയ അനുഭവങ്ങളിൽനിന്നു് കർഷകർക്ക് സ്വയം ബോദ്ധ്യമായി. ഏറിയപങ്ക് സൈനികരും ഇതു് മനസ്സിലാക്കാൻ തുടങ്ങി. കർഷക സമരങ്ങൾ അടിച്ചമർത്താൻ അയക്കപ്പെട്ട സൈനികർ മറുപുറം ചേർന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

രാജ്യത്തിലെങ്ങും ഒരു പുതിയ വിപ്ലവാവേശം ഇരച്ചു് പൊങ്ങി. താൽക്കാലിക ഗവമെൻ്റിനെ മറിച്ചിടുന്നതിനും, സ്റ്റേററു് അധികാരം സോവിയററുകളുടെ കൈകളിലേയ്ക്ക് മാററുന്നതിനുംവേണ്ടി തൊഴിലാളികളും കർഷകരും പട്ടാളക്കാരും കൂടുതൽ ദൃഢനിശ്ചയത്തോടെ മുന്നോട്ട് നീങ്ങി. സോവിയററുകളുടെ ഭരണത്തിനു്വേണ്ടിയുള്ള അദ്ധ്വാനിക്കുന്ന ജനതയുടെ ഈ സമരത്തെ നയിച്ചിരുന്നതു് വി. ഐ. ലെനിൻ നേതൃത്വം വഹിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു.

1917 ഒക്ടോബർ 25-ാനു (പുതിയ കണക്കനുസരിച്ച് നവമ്പർ 7-ാനു) തൊഴിലാളികളെച്ചേർത്തു്രൂപീകരിച്ച റെഡ്ഗാർഡ്

ദളങ്ങളും വിപ്ലവസേനയും ചേർന്നു് താല്ക്കാലിക ഗവമ്മെണ്ടിനെ മറിച്ചിട്ടു. അതേസമയത്തു് പെട്രോഗ്രാഡിൽ സമ്മേളിച്ചിരുന്ന സോവിയറ്റുകളുടെ രണ്ടാമത്തു് അഖില റഷ്യൻ കോൺഗ്രസ്സു് രാജ്യത്തിലെങ്ങും അധികാരം സോവിയറ്റുകളുടെ കൈകളിലായിരിക്കുന്നതായി പ്രഖ്യാപിച്ചു. സോഷ്യലിസ്റ്റു് വിപ്ലവം ഒരു യാഥാർത്ഥ്യമായി തീർന്നു.

കൃഷക ബഹുജനതയുടെ പിൻബലത്തോടുകൂടി തൊഴിലാളിവർഗ്ഗം മുതലാളി-ജന്മി ഭരണത്തിനു് ഒരു വിരാമമിടുകയും, റഷ്യയിൽ അദ്ധ്വാനിക്കുന്ന ജനതയുടെ ഒരു ഗവമ്മെണ്ടു് സ്ഥാപിക്കുകയും ചെയ്തു.

# 3

# ഭൂമിയെപ്പററി തലമുറകളായുള്ള ആ സ്വപ്നം സാക്ഷാല്ക്കരിക്കപ്പെടുന്നു

ജന്മിമാരുടെ ഭൂസ്വത്തുക്കൾ കർഷകരുടെ കൈകളിലേയ്ക്കു് മാററം ചെയ്യുന്നതിനെ സംബന്ധിച്ച നിയമത്തിനു് അംഗീകാരം നല്കാൻ സോവിയററുകളുടെ രണ്ടാമത്തു് അഖില റഷ്യൻ കോൺഗ്രസ്സിനോടു് വി. ഐ. ലെനിൻ ആവശ്യപ്പെട്ട അവസരത്തിലും പെട്രോഗ്രാഡിൽ വിപ്ലവ സമരങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയായിരുന്നു.

ഒക്ടോബർ 26-ാംനു (നവമ്പർ 8) സോവിയററു് കോൺഗ്രസ്സ് ഭൂഡിക്രി പാസ്സാക്കി. തൽക്ഷണംതന്നെ യാതൊര നഷ്ടപരിഹാരവും കൂടാതെ ഭൂവുടമ അവസാനിപ്പിക്കപ്പെട്ടു. ഭൂമി ദേശസാല്ക്കരിക്കപ്പെട്ടു. അതു് സ്റ്റേററിന്റെ, ജനതയുടെയാകെ വകയായി തീർന്നു. ഇനിമേൽ ഭൂമി വില്ക്കുകയോ വാങ്ങുകയോ ചെയ്യാൻ പാടില്ലെന്നായി തീർന്നു.

ജന്മിമാരുടേയും ദേവാലയങ്ങളുടേയും ചക്രവർത്തിയുടേയും വക ഭൂമി മുഴുവൻ അദ്ധ്വാനിക്കുന്ന കർഷകർക്കു് സൗജന്യമായ ഉപയോഗത്തിനു് നല്കപ്പെട്ടു.

സ്വന്തം അദ്ധ്വാനം കൊണ്ടോ, സ്വന്തം കുടുംബങ്ങളുടെ സഹായത്താലോ, പങ്കുചേർന്നോ കൃഷിചെയ്യാൻ ആഗ്രഹിച്ചിരുന്ന എല്ലാ പൌരന്മാർക്കും (അവരുടെ വംശമോ ജനവിഭാഗമോ മതമോ ഏതാണെന്നു് നോക്കാതെ) ഭൂമി ഉപയോഗിക്കുന്നതിനു് അവകാശം നല്കപ്പെട്ടു. പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ഭൂമി കൈവശം വെയ്ക്കുന്നതിനു് തുല്യാവകാശം നല്കപ്പെട്ടു.

പൊതുസ്വത്തായി തീർന്ന കർഷകരുടെ ഭൂമി അവരുടെ കയ്യിൽനിന്നു് തിരിച്ചെടുക്കപ്പെട്ടില്ല. “സാധാരണ കർഷകരുടേയും സാധാരണ കൊസ്സാക്കുകളുടേയും ഭൂമി പിടിച്ചെടുക്കാൻ

പാടില്ലെന്നു്'' ഡിക്രിയിൽ നിഷ്കർഷിച്ചിരുന്നു. കർഷക ഡെപ്യൂട്ടികളുടെ 242 നിർദ്ദേശങ്ങളിൽനിന്നു് എടുക്കപ്പെട്ടതും, സോവിയറ്റുകളുടെ കോൺഗ്രസ്സിൻെറ അംഗീകാരം ലഭിച്ചതുമായ "ഭൂമിയെ സംബന്ധിച്ച മൗലിക നിർദ്ദേശ''ങ്ങളിൽ ഭൂപരിഷ്ക്കരണത്തിൻെറ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. ലെനിൻെറ ശുപാർശയനുസരിച്ച്, കർഷകർ അവരുടെ "നിർദ്ദേശങ്ങളിൽ'' ആവശ്യപ്പെട്ടിരുന്ന ഭൂവിതരണ തത്വത്തിനു് കോൺഗ്രസ്സ് അംഗീകാരം നല്കി. എല്ലാ ഭൂമിയും "അതു് കൃഷിചെയ്യുന്നവർക്കു് ഉപയോഗിക്കാൻ കഴിയത്തക്കവണ്ണം ജനതയുടെയാകെ സ്വത്തു്'' ആയിത്തീരണമെന്നും, "പ്രാദേശിക കേന്ദ്രഗവൺമെൻറു് സമിതികൾ അദ്ധ്വാനിക്കുന്നവർക്കിടയിലുള്ള അതിൻെറ വിതരണത്തെ നിയന്ത്രിക്കണമെന്നുമായിരുന്നു അതിലെ ശുപാർശ. ഭൂവുടമ സമ്പ്രദായം ആനുപാതികമായ അടിസ്ഥാനത്തിലായിരിക്കണമെന്നും (അതായതു്, ഒരു അദ്ധ്വാന നിലവാരമോ, ഉപഭോഗ നിലവാരമോ അനുസരിച്ചു് വേണം ഭൂവിതരണം നടത്തേണ്ടതെന്നു് സാരം), ഭൂഖണ്ഡു് കാലാകാലത്തിലുള്ള പുനർവിതരണത്തിനു് പാത്രമാകേണ്ടതാണെന്നും ശുപാർശ ചെയ്യപ്പെട്ടിരുന്നു. ഭൂവുടമ സമ്പ്രദായങ്ങൾ ഏതു് തരത്തിലുള്ളതായിരിക്കണമെന്നതു് ഓരോ ഗ്രാമത്തിലേയും കർഷകരുടെ തീരുമാനത്തിനു് വിട്ടുകൊടുക്കപ്പെട്ടു.

**തലമുറകളായി കർഷകർ ഭൂമിയ്ക്കുവേണ്ടി നടത്തിവന്ന സമരത്തിൻെറ പരിസമാപ്തിയായിരുന്നു ഭൂമിയെപ്പററിയുള്ള ഈ ഡിക്രി. കാർഷികപ്രശ്നത്തിൻെറ വിപ്ലവകരമായൊരു പരിഹാരമായിരുന്നു അതു്.** അതു് കാർഷികരംഗത്തെ ഉല്പാദന ശക്തികളുടെ വളർച്ചയെ വിഘാതപ്പെടുത്തിയിരുന്ന നാട്ടിൻപുറത്തെ അർദ്ധനാടുവാഴിസമ്പ്രദായങ്ങളെ ഇല്ലാതാക്കുകയും ചെയ്തു.

വിപ്ലവത്തിനു് മുമ്പു് കർഷകക്കു് സ്വന്തം ഉപയോഗത്തിനായുണ്ടായിരുന്നതു് 3645 ലക്ഷം ഏക്കർ ഭൂമിയായിരുന്നു. ഭൂമിയെപ്പററിയുള്ള ഡിക്രിയനുസരിച്ചു് അവർക്കു് മുൻകാലങ്ങളിൽ ജന്മിമാരുടെയും സാർചക്രവർത്തിയുടേയും മററു ധനികഭൂവുടമകളുടേയും കൈവശത്തിലുണ്ടായിരുന്ന 4050 ലക്ഷം ഏക്കർ ഭൂമികൂടി സൗജന്യമായി ലഭിച്ചു.

ജന്മിമാരുടെ ഭൂമി കർഷകക്കു് നൽകുകയെന്നു് പറഞ്ഞാൽ, അവർ പാട്ടത്തിൽനിന്നും, ഭൂമി വാങ്ങുന്നതിനും പാട്ടത്തി

ന്ന് കൊടുക്കുന്നതിനുമുള്ള ചിലവുകളിൽ നിന്നും വിമുക്തരാക്കപ്പെട്ടിരുന്നുവെന്നുകൂടി അർത്ഥമായിരുന്നു. ഇതാണെങ്കിലോ, പ്രതിവർഷം 700,000,000 സ്വർണ്ണറൂബിൾ വരുമായിരുന്നു. ജന്മിമാരും ബൂർഷ്വാസിയുംകൂടി നിയന്ത്രിച്ചിരുന്ന ഭൂ ബാങ്കിലേയ്ക്ക് കർഷകർ അടയ്ക്കേണ്ടിയിരുന്ന 130 കോടി റൂബിളിന്റെ കടബാദ്ധ്യതയിൽനിന്നും അവർ ഒഴിവാക്കപ്പെട്ടു. ഇതിനു് പുറമെ, വൻകിട ഭൂവുടമകളിൽനിന്നു് പിടിച്ചെടുക്കപ്പെട്ട വളരെയേറെ ആടുമാടുകളും കൃഷിആയുധങ്ങളും കളപ്പുരകളും അവർക്ക് ലഭിച്ചു. ധാതുനിക്ഷേപങ്ങളും വനങ്ങളും നദികളും ഉൾപ്പടെയുള്ള പ്രകൃതിസമ്പത്താകെ ജനതയുടെ വകയായി തീർന്നു.

ഭൂമിയെപ്പററിയുള്ള ഡിക്രിയ്ക്കു് രാജ്യത്തിലുടനീളം ആവേശകരമായ ഒരു സ്വാഗതം ലഭിച്ചു.

"ജനകീയ കമ്മിസ്സാറുകളുടെ കൗൺസിൽ പുറപ്പെടുവിച്ച ഭൂമിയെപ്പററിയുള്ള ഡിക്രി ഞങ്ങൾ പൂർണ്ണമായി അംഗീകരിക്കുന്നു; ഉടൻതന്നെ നടപ്പിൽ വരുത്തപ്പെടേണ്ട ഒരു യഥാർത്ഥ ജനകീയ നിയമമായി ഞങ്ങളതിനെ അംഗീകരിക്കുന്നു;" 1917 ഡിസമ്പർ 3-ാംനു് തേവർ ഗുബേർണിയായിൽ പെട്ട യെലിഡെവ്യേവ്സ്കായ വൊളോസ്റ്റിലെ കർഷകർ എഴുതി: ഭൂ നിയമത്തെപ്പററി പൊതുവിലുണ്ടായ പ്രതികരണം ഇതായിരുന്നു.

ഈ ഡിക്രിയുടെ പ്രസിദ്ധീകരണത്തെ തുടർന്നു് പ്രാദേശിക ഭൂകമ്മററികൾ സംഘടിപ്പിക്കപ്പെട്ടു. എല്ലായിടങ്ങളിലും കർഷകർ ജന്മിമാരുടെ ഭൂസ്വത്തുക്കളും കൃഷി ആയുധങ്ങളും വിത്തും മററും പിടിച്ചെടുക്കാൻ തുടങ്ങി. താല്ക്കാലിക ഗവർമ്മെണ്ടിന്റെ കാലത്തെപ്പോലെ, ഇപ്രാവശ്യം ഇതു് ഗവർമ്മെണ്ടിനെതിരായല്ല, പ്രത്യുത, തികച്ചും നിയമാനുസൃതമായും സോവിയററു് ഗവർമ്മെണ്ടിന്റെ പൂർണ്ണാനുമതിയോടു് കൂടിയുമാണു് നടത്തപ്പെട്ടിരുന്നതു്.

"പിതിച്ചു് കിട്ടിയിട്ടുള്ളതും വിലയ്ക്കു് വാങ്ങിയിട്ടുള്ളതുമായ (വിപ്ലവത്തിനു് മുൻപു്) എല്ലാ ഭൂമികളും വൊളോസ്റ്റിലെ ഓരോ ഗ്രാമത്തിലുമുള്ള ആളുകളുടെ എണ്ണമനുസരിച്ചു് തുല്യമായി പുനർവിതരണം ചെയ്യപ്പെടുന്നതാണു്. അതുപോലെതന്നെ ജന്മിമാരുടെ ഭൂമിയും പള്ളി ഭൂമിയും ചക്രവർത്തിയുടെ ഭൂസ്വത്തുക്കളും വിതരണം ചെയ്യപ്പെടുന്നതാണു്" എന്നാണു് 1918 ജൂലൈ 5-ാംനു് സ്മോളൻസ്കി ഗുബേർണിയയിൽപെട്ട പൊനിസ്സോവി വൊളോസ്റ്റിലെ കർഷകരുടെ പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ച പ്രമേയത്തിൽ പറയുന്നതു്.

ഭൂവുടമ അവസാനിപ്പിക്കപ്പെട്ടപ്പോൾ ഭംഗിയായി നടത്തപ്പെട്ടിരുന്ന പലേ കളങ്ങളും മാതൃകാസ്റ്റേറ്റുകളങ്ങളായി രൂപാന്തരപ്പെട്ടത്തപ്പെട്ടു. അങ്ങനെ അവ ഗ്രാമത്തിന്റെ സോഷ്യലിസ്റ്റ് പുനഃസംഘടനയ്ക്കുള്ള മാതൃകകളായി തീൎന്നു. കുറേ ഭൂമി വിപ്ലവാനന്തരം പെട്രോഗ്രാഡ്, മോസ്കോ, നൊവ്ഗോരദ്, വ്യാത്ക, റ്യസാൻ, വൊറനേഷ്, കാർക്കോവ് തുടങ്ങി രാജ്യത്തിന്റെ പല ഭാഗങ്ങളിൽ സ്വയമേവ ഉയൎന്നുവന്നിരുന്ന സഹകരണസംഘങ്ങൾക്കും കമ്മ്യൂണുകൾക്കുമായി നല്കപ്പെട്ടു.

അനുഭവംതന്നെ ഭൂമി പൊതുവായി കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത കൎഷകൎക്ക് വിശദമാക്കിക്കൊടുത്തു. വൊഷ് കോദ്യഷ്ചിയേ സ്സോൻത്സെ (ഉദയസൂര്യൻ) എന്ന് പേരായി ഒറേൽ ഗുബേർനിയായിൽപെട്ട ഗൊരോദിഷ്ചി വൊളോദിൽ ഉണ്ടായിരുന്ന ഒരു കമ്മ്യൂണിലെ അംഗമായ തിമൊഫെയേവ് എന്ന കർഷകൻ ഇതെപ്പററി 1918 ഡിസംബർ 5-ാനുയിലെ **ബെദ്നോത**യിൽ എഴുതിയതു് ഇപ്രകാരമായിരുന്നു:

"യുദ്ധരംഗത്തു് നിന്നു് മടങ്ങിയെത്തിയ ഉടനെ തന്നെ, ഇനിമേൽ പഴയ രീതിയിൽ ജീവിച്ചു് പോവുക അസാദ്ധ്യമാണെന്നു് ഞാൻ മനസ്സിലാക്കി. പാവപ്പെട്ടവർ നിശ്ശേഷം നശിപ്പിക്കപ്പെട്ടിരുന്നു; അവരുടെ വീടുകൾ നിലംപതിച്ചു് തുടങ്ങിയിരുന്നു; ധാന്യമോ, പശുക്കളോ, കുതിരകളോ, മററു കൃഷിപ്പണിയായുധങ്ങളോ ഉണ്ടായിരുന്നില്ല. കമ്മ്യൂണുകളെപ്പററിയോ കൂട്ടായ കൃഷിയെപ്പററിയോ മുൻപെങ്ങും ഞാൻ യാതൊന്നും കേൾക്കുകയോ വായിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, പാവപ്പെട്ടവരായ നമുക്ക് വേണ്ടതു് ഒന്നിച്ചു് ജീവിക്കുകയും കൂട്ടായി അദ്ധ്വാനിക്കുകയുമാണെന്നു ഞാൻ മനസ്സിലാക്കി. അതിനാൽ, ഭൂരഹിതരും ഭൂമിക്കു് വേണ്ടി ദാഹിക്കുന്നവരുമായ കർഷകരേയും, വിധവകളേയും, അനാഥ ബാലകരേയും വിളിച്ചുകൂട്ടി, ജീവിതത്തെക്കുറിച്ചു് എനിക്കുള്ള ആശയത്തെപ്പററി ഞാൻ അവരോടു് വിവരിച്ചു. പാവപ്പെട്ടവർ ഇതിൽ അതീവ സന്തുഷ്ടരാവുകയും, 13 കുടുംബങ്ങൾ കമ്മ്യൂണിൽ ചേരുന്നതിനു് സമ്മതിച്ചു് ഒപ്പു് വെയ്ക്കുകയും ചെയ്തു."

**ജന്മിമാർ പുതിയ ഡിക്രികൾക്കെതിരായി സർവ്വവും ത്യജിച്ചുകൊണ്ടു് എതിൎത്തുനോക്കി. അവർ ധാന്യം കത്തിക്കുകയും, കാൎഷികോപകരണങ്ങൾക്കു് കേടു് വരുത്തുകയും, കന്നുകാലികളെ കൊല്ലുകയും വില്ക്കുകയും, കൎഷക നേതാക്കന്മാരെയും സജീവരായ**

ഗ്രാമീണരേയും ഭീകരപ്രവൎത്തനംകൊണ്ടു് ഭയപ്പെടുത്തുകയും ചെയ്തു. മൊഗിലോവ്വ് ഗുബേർണിയയിലുള്ള നാസ്സ എസ്റ്റേററിലെ ജന്മിപത്നി അവരുടെ പാദസേവകരുടെ സഹായത്തോടെ മുപ്പതു് ടൺ ധാന്യം കത്തിച്ചുകളയുകയും ആടുമാടുകളെ വില്ക്കുകയും ചെയ്തു. സായുധരായ ഒരു സംഘം വേലക്കാരുടെ സഹായത്തോടെ സൊസൂൽനിക്കോവ്വ് എന്ന ജന്മി ഒരു പററം കന്നുകാലികളെ വില്പനനടത്തുന്നതിനു്വേണ്ടി ദൂരസ്ഥലങ്ങളിലേയ്ക്കു് ഓടിച്ചുകൊണ്ടു്പോയി. എന്നാൽ, തംബോവ്വ് ഗുബേർണിയയിലെ ഒൽഷാങ്കാ ഗ്രാമത്തിൽവെച്ചു് കൃഷകർ ആ പററത്തെ തടഞ്ഞുനിൎത്തി. ജന്മിയുടെ ആളുകളുമായി തുടൎന്നുണ്ടായ ഏററുമുട്ടലിൽ നാലു കൃഷകർ മൃതിയടയുകയും, അഞ്ചു്പേൎക്കു് പരുക്കേല്ക്കുകയും ചെയ്തു

അപ്പോൾ കൃഷകർ മുൻകരുതൽ നടപടിയെടുക്കുകയെന്നതു് സ്വാഭാവികമായിരുന്നില്ലേ? അവർ ജന്മിമാരെ തടങ്കലിലാക്കുകയും, അവരെ ഭൂമിയിൽനിന്നൊഴിപ്പിച്ചു് ഭൂമി പിടിച്ചെടുക്കുകയും ചെയ്തു. ഉദാഹരണത്തിനു് 1918 നവമ്പർ 18-ാംനു കലുഗാ ഗുബേർണിയായിൽ മെദീൻ ഉയേസ്ദിൽപ്പെട്ട മത്തിനോവ്വ്ക്കാ വൊളോസ്റ്റു് സോവിയററിലെ അംഗങ്ങൾ "24 മണിക്കൂറിനകം സുബ്ക്കോവ്വ്, ചെലിഷ്ചേവ്വ് എന്നീ ജന്മിമാരെ ഒഴിപ്പിക്കാനും .....അവരുടെ ഭൂമി പിടിച്ചെടുത്തു് കൃത്യമായി അളന്നു് തിട്ടപ്പെടുത്തുന്നതിനു്വേണ്ടി വൊളോസ്റ്റിലെ ഭൂകാൎയ്യ ഡിപ്പാർട്ടു്മെൻറിനെ ഏല്പിക്കാനും തീരുമാനിച്ചു".

വൊളോസ്റ്റു് സോവിയററുകളുടെ കർശനമായ നിയന്ത്രണത്തിലും, കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലുമായിരുന്നു ഭൂ കമ്മററികൾ ജന്മിമാരുടെ ഭൂമി ഏറെറടുത്തിരുന്നതു്. ഈ സ്വത്തിൽനിന്നു് മോഷണം നടത്തുന്നതിനുള്ള ഏതൊരു ശ്രമത്തേയും സോവിയററു് ഗവമ്മെൻറു് ശക്തിയായി തടയുകയും ചെയ്തിരുന്നു. ജന്മിമന്ദിരങ്ങളിൽനിന്നു് കണ്ടുകിട്ടിയിരുന്ന ഭക്ഷ്യസ്റ്റോക്കുകളും ലിസ്റ്റിൽ കൊള്ളിക്കപ്പെട്ടിരുന്നു. അധികൃതരുടെ നിർദ്ദേശാനുസരണം മാത്രമേ അതു ഉപയോഗപ്പെടുത്തിയിരുന്നുള്ളു. ജന്മിമാരുടെ വക കാൎഷികോപകരണങ്ങളുടേയും കന്നുകാലികളുടേയും ഒരു ഭാഗം സ്റ്റേററു് കളങ്ങൾക്കും കാൎഷിക കമ്മ്യൂണുകൾക്കുമായി വിട്ടിട്ടു് ബാക്കിയുള്ളവ കൃഷകൎക്കിടയിൽ വിതരണം ചെയ്യപ്പെടുകയോ, വാടകയ്ക്കു് കൊടുക്കുന്ന സ്ഥാപനങ്ങളെ ഏല്പിക്കുകയോ ആണു് ഉണ്ടായതു്.

ജന്മികൾക്കെതിരായി മാത്രമല്ല കർഷകർക്കു് സമരംചെയ്യേണ്ടിയിരുന്നതു്. കുലാക്കുകളേയും അവർക്കു് നേരിടേണ്ടിയിരുന്നു. യഥാർത്ഥത്തിൽ വൻകിട മുതലാളിത്ത കൃഷിക്കാരായിരുന്ന ഈ കുലാക്കുകൾ പലവിധ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുകയും സാധനങ്ങൾ സംസ്കരിക്കുന്നതിനുള്ള പല സ്ഥാപനങ്ങൾ നടത്തുകയും, കർഷകത്തൊഴിലാളികളെ ചൂഷണംചെയ്യുകയും, സാധുകർഷകരെ അടിമകളാക്കിവെയ്ക്കുകയും ചെയ്തിരുന്നു. അടുത്ത വിളവെടുപ്പുവരെയുള്ള അവധിയ്ക്കു് ഒരു കുതിരയേയൊ, കാർഷിക ഉപകരണങ്ങളോ, കൃഷിയ്ക്കുള്ള വിത്തോ, ഭക്ഷണത്തിനുള്ള ധാന്യമോ വായ്പയായി നൽകിക്കൊണ്ടു് ഈ കുലാക്കുകൾ സാധുകൃഷിക്കാരിൽനിന്നു് അന്യായമായ പലിശനിരക്കു് ഈടാക്കുകയോ, ഏററവും അടിമത്തപരമായ വ്യവസ്ഥകളിന്മേൽ അതു് അദ്ധ്വാനമായി മടക്കിക്കൊടുക്കാൻ അവരെ നിർബ്ബന്ധിക്കുകയോ ചെയ്തിരുന്നു. അതിനാൽ ചോരകുടിയന്മാരും മററുമായിട്ടാണു് ഈ കുലാക്കുകൾ ഗ്രാമവാസികൾക്കിടയിൽ എല്ലായ്പോഴും പരാമർശിക്കപ്പെട്ടിരുന്നതു്.

ജന്മിമാരുടെ കളങ്ങൾ ഇല്ലാതാക്കപ്പെട്ട അവസരത്തിൽ കുലാക്കുകൾ അവരുടെ സ്വത്തിൽ ഒരു നല്ലഭാഗം കൈക്കലാക്കുകയും, അങ്ങനെ, അവരുടെ സാമ്പത്തിക നില കൂടുതൽ സുദൃഢമാവുകയും ചെയ്തു. അവർ പലപ്പോഴും പ്രാദേശിക സോവിയററുകളിലേയ്ക്കു് നുഴഞ്ഞുകയറുകയോ, അവരുടെ ആശ്രിതരെ തള്ളിക്കടത്തിവിടുകയോ ചെയ്യുകയും, നാട്ടിൻപുറത്തുനിന്നു് ചൂഷണവും അടിമത്വവും തുടച്ചുനീക്കുന്നതിനുള്ള സോവിയററുഗവമ്മെണ്ടിന്റെ നടപടികളെ സർവ്വപ്രകാരേണ തുരങ്കംവെയ്ക്കുകയും ചെയ്തു. ഇടത്തരം കൃഷിക്കാരെ തങ്ങളുടെ പക്ഷത്തേക്കു് ചേർക്കുന്നതിനും, ഗ്രാമത്തെ അവരുടെ മുഷ്ടിക്കുള്ളിൽ ഒതുക്കിനിർത്തുന്നതിനും അവർ യത്നിച്ചു. ഇതിലേക്കു് കൈക്കൂലിയോ ഭീഷണിയോ ഒളിവിൽനിന്നുകൊണ്ടുള്ള കൊലയോ ചെയ്യാൻ അവർ മടിച്ചിരുന്നില്ല.

ശൈശവദശയിലായിരുന്ന സോവിയററു് റിപ്പബ്ലിക്കിനു് പഴയ ഭരണത്തിൽനിന്നു് കൊള്ളരുതാത്ത ഒരു പാരമ്പര്യമാണു് ലഭിച്ചിരുന്നതു്. യുദ്ധവും താല്ക്കാലിക ഗവമ്മെൻറിന്റെ കുററകരമായ നയവുംമൂലം സംജാതമായ ഒരു ഭക്ഷ്യക്കുഴപ്പത്തിന്റെ നടുവിലായിരുന്നു രാജ്യം. തൊഴിലാളികളും സാധുകർഷകരും പട്ടിണിയായിരുന്നപ്പോൾ വലിയ ഭക്ഷ്യ സ്റ്റോക്കുകൾ കൈവശമുണ്ടായിരുന്ന കുലാക്കുകൾ അതു് കരിഞ്ചന്തയിൽ വില്ക്കുകയായിരുന്നു.

നിശ്ചിത വിലയ്ക്ക് അതു് സ്റേററിനു് നല്കാൻ അവർ വിസമ്മതിച്ചു. നൊവ്ഗോരദ് ഗുബേർണിയയിലെ സ്ലാവ്ഷിൻ വൊളോസ്റ്റിൽനിന്നുള്ള ഒരു കത്തു് 1918 മെയ് മാസത്തിൽ "ബെദ്നോത്ത"യിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു; അതിൽ പറഞ്ഞിരുന്നതിപ്രകാരമാണു്: "എവിടെ നോക്കിയാലും പട്ടിണിയേയുള്ളു. കൃഷിക്കാർക്ക് ആഹാരത്തിനു് യാതൊന്നുമില്ല; അവർക്ക് എഴുന്നേററു് നടക്കാൻപോലും ജീവനില്ല. അതേസമയം കുലാക്കുകൾ ഇതെല്ലാം കണ്ടു് ഒളിഞ്ഞു് ചിരിക്കുകയാണു്".

ഗ്രാമങ്ങളിലെ വിപ്ലവകരങ്ങളായ പരിഷ്കാരങ്ങളെ എതിർത്തുകൊണ്ടു് കുലാക്കുകൾ ക്രമേണ ജന്മിമാരുമായി കൈകോർത്തു് പിടിച്ചു. അങ്ങനെപോയി, ഒട്ടുവിൽ ഒരു ജന്മി മുതലാളി-കുലാക്ക് ഐക്യമുന്നണിയേയാണു് തൊഴിലാളി-കൃഷകർക്ക് നേരിടേണ്ടിവന്നതു്. പലയിടങ്ങളിലും കുലാക്കുകൾ പ്രതിവിപ്ലവ കലാപങ്ങൾ കുത്തിപ്പൊക്കി.

ഗ്രാമങ്ങളിൽനിന്നു് കുലാക്കുകളുടെ രാഷ്ട്രീയ-സാമ്പത്തിക സ്വാധീനം തുടച്ചുനീക്കുന്നതിനു് അവരുടെ പ്രതിവിപ്ലവ പ്രവർത്തനങ്ങളെ ഇല്ലാഴ്മ ചെയ്യേണ്ടതാവശ്യമായിരുന്നു.

1918 ജൂൺ മാസത്തിൽ, സാധു കൃഷകരുടെ കമ്മററികൾ സംഘടിപ്പിക്കുന്നതിനു് വ്യവസ്ഥചെയ്തുകൊണ്ടു് സോവിയററു് ഗവമ്മെൻറു് ഒരു ഡിക്രി പുറപ്പെടുവിച്ചു. പ്രധാനമായി സാധു കൃഷകരും തൊഴിലാളികളും അടങ്ങിയ ഈ കമ്മററികൾ സാരാംശത്തിൽ, മുൻ ജന്മികൾക്കും കുലാക്കുകൾക്കും മററു് ചൂഷകർക്കും എതിരായ സമരത്തിൽ സാധു കൃഷകരുടേയും ഇടത്തരം കൃഷകരുടേയും കയ്യിലെ വിപ്ലവ ഉപകരണങ്ങളായിരുന്നു.

സാധു കൃഷക കമ്മററികൾ 1917 ൻെറ അന്ത്യത്തിൽതന്നെ ആരംഭിച്ചിരുന്ന ജന്മിമാരുടെ കളങ്ങൾ ഇല്ലാതാക്കുന്ന പ്രവർത്തനം പൂർത്തിയാക്കി. എന്നാൽ, കുലാക്കുകൾക്കെതിരായ സമരത്തിലാണു് അവർ വളരെ പ്രധാനമായ ഒരു പങ്കു് വഹിച്ചതു്.

കുലാക്കുകളുടെ കയ്യിൽനിന്നു് പിടിച്ചെടുത്ത അഞ്ചു് കോടി ഹെക്ടർ* ഭൂമിയും അസംഖ്യം കാഷികോപകരണങ്ങളും സാധു കൃഷകർക്കും ഇടത്തരം കൃഷിക്കാർക്കുമിടയിൽ വിഭജിക്കപ്പെട്ടു. ഇതു് ഏററവും പാവപ്പെട്ട കൃഷകരുടെ നില മെച്ചപ്പെടുത്തി. ഗ്രാമങ്ങളിൽ സോവിയററു് ഭരണത്തിനുള്ള പിന്തുണയും ഇതിനാൽ വർദ്ധിച്ചു.

* ഒരു ഹെക്ടർ = രണ്ടര ഏക്കർ.

1918 ലെ ഗ്രീഷ്മത്തോടുകൂടി രാജ്യത്തിലെ ഭക്ഷ്യക്കുഴപ്പം കൊടുമ്പിരിക്കൊണ്ടു. വ്യാവസായിക പ്രദേശങ്ങളിൽ തൊഴിലാളികൾക്കു് പ്രതിദിനം 50—100 ഗ്രാം റൊട്ടിയല്ലാതെ മററൊന്നുമുണ്ടായിരുന്നില്ല. ചുവപ്പു് സേനയ്ക്കുള്ള ഭക്ഷണ റേഷനിലും ഗൗരവമായ തകരാറുണ്ടായി. "ഭക്ഷണത്തിനുവേണ്ടിയുള്ള സമരം സോഷ്യലിസത്തിനുവേണ്ടിയുള്ള സമരമാണു്" എന്നതായിരുന്നു അക്കാലത്തു് മുന്നോട്ടുവെയ്ക്കപ്പെട്ട കേന്ദ്ര മുദ്രാവാക്യം. ഭക്ഷണത്തിനുവേണ്ടിയുള്ള സമരത്തിലും സാധു കൃഷക കമ്മററികൾ അവരുടെ പങ്കു് വഹിച്ചു. കുലാക്കുകളുടെ കയ്യിലുള്ള ഭക്ഷ്യമിച്ചം ശേഖരിച്ചു് അവർ സ്റ്റേററിനെ ഏല്പിച്ചു; ആവശ്യക്കാരായ കൃഷകർക്കു് ധാന്യവും വിത്തും നല്കി; വേണ്ടകാലത്തു് വിളവിറക്കു് പൂർത്തിയാക്കുന്നതിനും വയൽ സംരക്ഷിക്കുന്നതിനും കൊയ്ത്തു് നടത്തുന്നതിനും അവർ വേണ്ടതു് ചെയ്തു. ഭക്ഷ്യസാധനങ്ങളിലുള്ള ഊഹക്കച്ചവടത്തിനെതിരായും അവർ പോരാടി. കുലാക്കുകൾ ഒളിച്ചുവെച്ചിരുന്ന ആയുധങ്ങൾ പിടിച്ചെടുത്തും, മോഷണം തെമ്മാടിത്തം തുടങ്ങിയ വിപ്ലവ നിയമലംഘനങ്ങളെ ചെറുത്തും ഈ കമ്മററികൾ കുലാക്കു് കൊള്ളസംഘങ്ങൾക്കെതിരായി ഉത്സാഹപൂർവ്വം പൊരുതി.

ചുവപ്പു് സേനയിലേയ്ക്കു് കൃഷകരെ ചേർക്കുന്നതിനു് സാധു കൃഷക കമ്മററികൾ നല്കിയ സഹായം അതീവ പ്രാധാന്യമുള്ള ഒന്നായിരുന്നു.

ഗ്രാമ സോവിയററുകളിലും ബഹുജന സംഘടനകളിലും നുഴഞ്ഞുകയറിയിരുന്ന കുലാക്കുകളേയും അവരുടെ ഏജൻറന്മാരേയും അതിൽനിന്നെല്ലാം പുറത്താക്കാൻ ഈ കമ്മററികൾ സഹായിച്ചു.

ഉദാഹരണത്തിനു്, സരത്തോവു് ഗുബേർണിയയിലെ കുസ്നെസ്കു് ഉയേസ്ദിൽ പെട്ട കുഞ്ചെർ വൊളോസ്തിലെ സാധു കൃഷകകമ്മററി അതിൻെറ പ്രവർത്തനമാരംഭിച്ചതു് സഹകരണ സംഘത്തിൻെറയും പരസ്പര സഹായസംഘത്തിൻെറയും ബോർഡിൽ കടന്നുകൂടിയിരുന്ന കുലാക്കുകളെ പുറത്താക്കുകയും, അവരുടെ സ്ഥാനങ്ങളിൽ അദ്ധ്വാനിക്കുന്ന കൃഷകപ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്തുകൊണ്ടാണു്. വ്യാവസായിക തൊഴിലാളികൾ ഈ സാധു കർഷകകമ്മററികളിൽ പ്രമുഖമായൊരു പങ്കു് വഹിച്ചു.

1918-ൻെറ അന്ത്യത്തിൽ അവയുടെ കർത്തവ്യം പൂർത്തിയാക്കപ്പെട്ടതോടെ, സാധുകൃഷക കമ്മററികൾ പ്രാദേശിക സോവിയ

റുകളിൽ ലയിച്ചു. ഭൂമിക്കുവേണ്ടിയുള്ള കൃഷകസമരത്തിലെ ഈ കാലഘട്ടം തൊഴിലാളിവർഗ്ഗത്തിൻെറ സ്റ്റേറ്റു് ഭരണസമിതികളെന്ന നിലയ്ക്കു് സോവിയററുകൾക്കുള്ള ജനസമ്മതി വെളിപ്പെടുത്തി. ഈ തൊഴിലാളി വർഗ്ഗസ്റ്റേറ്റു് ഏററവും വിപുലമായ അദ്ധ്വാനിക്കുന്ന കൃഷക ജനവിഭാഗങ്ങളുമായുള്ള സഖ്യത്തെ ആശ്രയിച്ചിരിക്കുന്നതുമാണല്ലോ.

അദ്ധ്വാനിക്കുന്ന കൃഷകർക്കു് സോവിയററു് ഗവമ്മെൻറിൻെറ ഉദാരമായ സഹായം ലഭിച്ചു. അവർക്കു് ഭൂമിയും കാഷികോപകരണങ്ങളും, ജന്മിമാരിൽനിന്നു് പിടിച്ചെടുത്ത മററു് സ്വത്തുക്കളും കിട്ടി. കലാക്കുകളുടെ കയ്യിൽനിന്നു് കൃഷകർക്കുവേണ്ടി ഉല്പാദനോപകരണങ്ങളിൽ ഗണ്യമായൊരു ഭാഗം പിടിച്ചെടുക്കപ്പെട്ടു. ഇതിലെല്ലാമുപരി, കൃഷിപ്പണിയായുധങ്ങൾ വാങ്ങുന്നതിലേയ്ക്കു് സ്റ്റേററിൽനിന്നു് വായ്പ നൽകുകയും, വിത്തും വളവും മൃഗങ്ങളും സപ്ലൈ ചെയ്യുകയും ചെയ്തു. കൃഷകരുടെ സഹായത്തിനു് കാഷിക വിദഗ്ദ്ധരും പഴക്കം സിദ്ധിച്ച സംഘാടകരും സാംസ്കാരിക പ്രവത്തകരും ഗ്രാമങ്ങളിലേക്കയയ്ക്കപ്പെട്ടു.

കൃഷകരെ സംബന്ധിച്ചേടത്തോളം ഒക്ടോബർ വിപ്ലവത്തിനുള്ള പ്രാധാന്യത്തെപ്പററി സംസാരിക്കവേ, സോവിയററു് ഭരണത്തിൻകീഴിൽ പ്രഥമവും പ്രധാനവുമായി നേട്ടം സിദ്ധിച്ചവർ കൃഷകരാണെന്നു് ലെനിൻ ഊന്നിപ്പറയുകയുണ്ടായി.

ജന്മിമാരും മുതലാളിമാരും തങ്ങളുടെ അധികാരനഷ്ടവും, ഭൂമിയുടേയും ഫാക്ടറികളുടേയും ഖനികളുടേയും നഷ്ടവും സഹിച്ചു് അടങ്ങിയിരുന്നില്ല. തൊഴിലാളി-കൃഷക ഗവമ്മെൻറിനെ മറിച്ചിടാനും, തങ്ങളുടെ അധികാരവും സ്വത്തും ആനുകൂല്യങ്ങളും വീണ്ടെടുക്കാനും അവർ ആഗ്രഹിച്ചു. ഈ ലക്ഷ്യം വെച്ചുകൊണ്ടു് ആഭ്യന്തര പ്രതിവിപ്ലവകാരികൾ പരസ്യമായിതന്നെ വിദേശസാമ്രാജ്യത്തസ്റ്റേററുകളിലെ ഗവമ്മെൻറുകളുമായി ഗൂഢാലോചന നടത്തി. 1918-ൽ അഭ്യന്തര പ്രതിവിപ്ലവശക്തികളും വിദേശ ഇടങ്കോലിടലുകാരും ചേന്നു് രാജ്യത്തിനുള്ളിൽ ഒരു അഭ്യന്തരയുദ്ധം അഴിച്ചുവിട്ടു. അദ്ധ്വാനിക്കുന്ന ജനതയാകെ ഒക്ടോബർ വിപ്ലവനേട്ടങ്ങൾ കാത്തു് രക്ഷിക്കുന്നതിനായി അണിനിരന്നു. സോവിയററു് റഷ്യ ഒരു പട്ടാളക്യാമ്പായി മാററപ്പെട്ടു. സമരമുന്നണിയിലും പിന്നണിയിലും അക്കാലത്തു് സോവിയററു് ജനകീയ ശക്തികളെ അണിനിരത്തിയിരുന്നതു് "എല്ലാം സമരത്തിനു്!" എന്ന മുദ്രാവാക്യത്തിൻെറ പിന്നിലായിരുന്നു. യുദ്ധം വമ്പിച്ച ത്യാഗങ്ങളും അതിരററ പ്രയത്നവും ആവശ്യമാക്കി

ത്തീർത്തു. തങ്ങളുടെ സ്വാതന്ത്ര്യവും വിപ്ലവത്തിന്റെ നേട്ടങ്ങളും കാത്തു് രക്ഷിക്കുന്നതിനുവേണ്ടി തൊഴിലാളികളോടൊപ്പം കൃഷികരും ഈ ത്യാഗങ്ങൾ നടത്തി.

സോവിയററു് ഗവമെൻറു് രൂപീകരിച്ച തൊഴിലാളികളുടേയും കൃഷികരുടേയും ചുവപ്പു് സേന പ്രതിവിപ്ലവകാരികളുടേയും ഇടങ്കോലിടലുകാരുടേയും സുസജ്ജീകൃതമായ സൈന്യത്തിനെതിരായ സമരത്തിൽ വിജയം നേടി. 1920-ന്റെ അന്ത്യത്തോടുകൂടി പ്രധാന ശത്രുക്കൾ തുരത്തപ്പെട്ടിരുന്നു. ലോകസാമ്രാജ്യത്വം സോവിയററു് നാടിന്റെ മേൽ നടത്തിയ ആക്രമണം ദയനീയമായി പരാജയമടഞ്ഞു. അഭ്യന്തര യുദ്ധ വിജയം സമാധാനപരമായ സാമ്പത്തിക നിർമ്മാണത്തിനു് തുടക്കമിട്ടു.

# 4

# ഒരു സ്വതന്ത്രനാട്ടിലെ സ്വതന്ത്രരായ തൊഴിലാളികളുടെ ആദ്യനടപടികൾ

നാലുകൊല്ലത്തെ ഒന്നാം ലോകമഹായുദ്ധവും മൂന്നുകൊല്ലത്തെ അഭ്യന്തര യുദ്ധവും മൂലം റഷ്യൻ ദേശീയ സമ്പദ്വ്യവസ്ഥയുടെ നെല്ലിപ്പലക തെളിഞ്ഞിരുന്നു. 1920ലെ വ്യാവസായികോല്പാദനം യുദ്ധത്തിനു് മുൻപുള്ളതിന്റെ (1913) ഏഴിലൊന്നു മാത്രമായിരുന്നു. കാഷിക്കോല്പാദനം അതേ കാലത്തു് അൻപതു ശതമാനമായി ചുരുങ്ങുകയും ചെയ്തു. ഭൂമി ശ്രദ്ധിക്കപ്പെടാതായി, ആട്ടമാട്ടുകളുടെ എണ്ണം ചുരുങ്ങി, കാഷികോപകരണങ്ങൾ തേഞ്ഞുപോയിരുന്നു; യാതൊരുവിധ വളവും കിട്ടാനുണ്ടായിരുന്നില്ല. മിക്ക വീടുകളുടേയും കളപ്പുരകളുടേയും സ്ഥിതി ശോചനീയമായിരുന്നു

യുദ്ധക്കെടുതികൾ ഇല്ലാതാക്കാനും സാമ്പത്തിക അരാജകത്വം അവസാനിപ്പിക്കാനുമുള്ള ഉത്സാഹത്തോടുകൂടി തൊഴിലാളികളും കഷകരും മെയ്യും മനസ്സുമിളകി പ്രവത്തിച്ചു. 1926 ഓടുകൂടി വ്യവസായവും കൃഷിയും യുദ്ധത്തിനു് മുൻപുള്ള ഉല്പാദനനിലവാരത്തിലെത്തി.

സത്വരഗതിയിലുള്ള ഈ ദേശീയ സാമ്പത്തിക പുനരുദ്ധാരണത്തിനു് കാരണം തൊഴിലാളികളും കഷകരും ജന്മി-മുതലാളിമാക്കു് വേണ്ടിയല്ല, പ്രത്യുത തങ്ങൾക്കു് വേണ്ടി തന്നെയാണു്, അവരുടെ സോവിയററു് സമുദായത്തിനു് വേണ്ടിയാണു്, സോഷ്യലിസ്റ്റു് സ്റ്റേററിനു് വേണ്ടിയാണു് അദ്ധ്വാനിച്ചിരുന്നതു് എന്നതാണു്. അദ്ധ്വാനിക്കുന്ന ജനത തന്നെയാണു് തങ്ങളുടെ നാടിന്റെ അധിപന്മാരെന്നും, അതിന്റെ ഭാഗധേയങ്ങൾക്കു് തങ്ങൾ തന്നെയാണു് ഉത്തരവാദികളെന്നുമുള്ള ബോധം ഈ

ദേശീയ സാമ്പത്തിക പുനരുദ്ധാരണ പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സുപ്രധാനമായ ഒരു പ്രേരകശക്തിയായിരുന്നു.

1926-27ൽ സാധുകൃഷിക്കാരും, ഇടത്തരം കൃഷിക്കാരും ചേർന്ന് 664ലക്ഷം ടൺ ധാന്യം ഉല്പാദിപ്പിച്ചു. 1913ൽ ആകെ ഉല്പാദനം 400ലക്ഷം ടൺ മാത്രമായിരുന്നു. വിപ്ലവത്തിന് മുമ്പ് അവർക്ക് സ്വന്തം കുടുംബാവശ്യങ്ങൾക്കായി (ഭക്ഷണം; വിത്ത്, കന്നുകാലികൾക്കുള്ള തീററ) 349ലക്ഷം ടണ്ണിലധികം ധാന്യമുണ്ടായിരുന്നില്ല. അതേസമയം 1926-27ൽ അവർക്ക് 589ലക്ഷം ടൺ, അഥവാ 68 ശതമാനം കൂടുതൽ ധാന്യം ലഭിച്ചിരുന്നു. സാധുകൃഷിക്കാരുടേയും ഇടത്തരം കൃഷിക്കാരുടേയും ജീവിതത്തിൽ ഗണ്യമായ അഭിവൃദ്ധി ഉണ്ടായിരുന്നു.

ഒക്ടോബർ വിപ്ലവത്തിന് ശേഷമുള്ള ഒരു ദശകത്തിനിടയ്ക്ക് പല സാധുകൃഷിക്കുടുംബങ്ങളും ഇടത്തരക്കാരുടെ നിലയിലേയ്ക്ക് ഉയർന്നിരുന്നു. തങ്ങളുടെ കൈവശം കൂടുതൽ ഭക്ഷ്യസാധനങ്ങളുണ്ടായിരുന്ന അവർക്ക് മെച്ചമായ ഭക്ഷണം കഴിക്കാൻ കഴിഞ്ഞിരുന്നു.

എന്നാൽ, പലയിടങ്ങളിലായി ചിതറിക്കിടന്നിരുന്ന അസംഖ്യം ചെറുകൃഷിസ്ഥലങ്ങൾ തുടർന്നുള്ള കാർഷിക പുരോഗതിയെ തടസ്സപ്പെടുത്തി. 1913ൽ അവയുടെ സംഖ്യ 150-160 ലക്ഷമായിരുന്നത്, 1928ൽ 250ലക്ഷമായി വർദ്ധിച്ചിരുന്നു.

ചെറിയ കൃഷിസ്ഥലങ്ങൾക്ക് ട്രാക്ടറുകളും മററ് ആധുനിക കാർഷിക യന്ത്രങ്ങളും ഉപയോഗിച്ചും, ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ ഏർപ്പെടുത്തിയും, വൻതോതിൽ ആടുമാടുകളെ വളർത്തിയും കാർഷികോല്പാദനത്തിൽ ഗണ്യമായ മൂലധനനിക്ഷേപം നടത്തുന്നതിന് കഴിവുണ്ടായിരുന്നില്ല. ഏററവും ചെറിയ കൃഷിക്കുടുംബങ്ങളിൽ എൺപതു് ലക്ഷത്തെ സംബന്ധിച്ചേടത്തോളം കുതിരയെ വളർത്തുന്നതു്പോലും അനാദായകരമായിരിക്കത്തക്കവണ്ണം, അവയുടെ നടത്തിപ്പ് അത്രയ്ക്ക് കാര്യക്ഷമതയില്ലാത്തതായിരുന്നു; അപ്പോൾ പിന്നെ യന്ത്രം ഉപയോഗിക്കുന്ന കാര്യം പറയുകയേ വേണ്ടല്ലോ.

സോവിയററ് ഗവണ്മെണ്ട് നിലവിൽ വന്നതിന്‌ശേഷമുള്ള ആദ്യത്തെ ഒരു ദശകത്തിനിടയ്ക്ക് കാർഷിക രംഗത്തെ സാ

ങ്കേതിക ഉപകരണങ്ങൾ അല്പം മെച്ചപ്പെടുത്തപ്പെട്ടു. എന്നാൽ, 1928ലെ വസന്തകാല വിളവിറക്കിൻെറ കാലത്തും ഉഴവിൻെറ എട്ടു് ശതമാനം ഏററവും പഴഞ്ചനായ മരക്കലപ്പകൊണ്ടും, 89.2 ശതമാനം കുതിരയെക്കെട്ടിയ കലപ്പകൊണ്ടും, ഒരു ശതമാനം മാത്രം ട്രാക്ടറുകൾകൊണ്ടുമാണു് നടത്തപ്പെട്ടിരുന്നതു്. ധാന്യവിളയുടെ അൻപതിലധികം ശതമാനവും, മററു വിളകൾ മുഴവൻ തന്നെയും അരിവാളും മററും ഉപയോഗിച്ചു് കൈകൊണ്ടാണു് കൊയ്തെടുത്തിരുന്നതു്. ധാന്യവിളയുടെ അൻപതു് ശതമാനത്തിലധികം വടിയും അതുപോലുള്ള പ്രാകൃത ഉപകരണങ്ങളുംകൊണ്ടാണു് മെതിച്ചെടുത്തിരുന്നതു്. ഇതെല്ലാം കൃഷകൻെറ അദ്ധ്വാനത്തെ കാര്യക്ഷമമല്ലാത്തതാക്കി തീർത്തു.

വളരെ ഹ്രസ്വമായ ഒരു കാലത്തിനിടയ്ക്കു് കൃഷിയെ യുദ്ധത്തിനു് മുൻപുള്ള (1913ലെ) നിലവാരത്തിലേക്കെത്തിച്ചു. എന്നാൽ ഈ പുനരുദ്ധാരണത്തിനു്ശേഷമുള്ള കാലത്തെ(1926-28) പുരോഗതി വളരെ മന്ദഗതിയിലുള്ളതായിരുന്നു. 1927-29ൽ, ഒരു വർഷത്തിലെ ശരാശരി കാർഷികോല്പാദന വർദ്ധനവു് 0.9 ശതമാനത്തിലധികമുണ്ടായിരുന്നില്ല; അതേസമയം വ്യവസായത്തിൽ 20 ശതമാനത്തിനു് മേലേയായിരുന്നു. 1927-28ലെ ശരാശരി ജനസംഖ്യാവർദ്ധനവു് 1.23 ശതമാനമായിരുന്നു. തൽഫലമായി കൃഷി വ്യവസായ വികാസത്തിൻെറ വളരെ പിന്നിലായിപ്പോയി. ഇതിനെല്ലാം പുറമെ, രാജ്യത്തിൻെറ വ്യവസായവല്ക്കരണം ആരംഭിച്ചു്വെച്ച നഗരവികസനവും, നഗരവാസികളുടെ സംഖ്യാവർദ്ധനവും കൂടുതൽ കൂടുതൽ അസംസ്കൃത വിഭവങ്ങളും ഭക്ഷണവും ആവശ്യമാക്കിത്തീർത്തു.

യന്ത്രങ്ങളും, കൃഷിശാസ്ത്രനേട്ടങ്ങളും ഉപയോഗപ്പെടുത്താൻ കഴിയുന്ന വൻകിട കളങ്ങൾ സംഘടിപ്പിക്കുന്നതുകൊണ്ടു് മാത്രമേ കൃഷിയിലെ ഈ പിന്നോക്കാവസ്ഥയെ തരണം ചെയ്യാൻ കഴിയുമായിരുന്നുള്ളു.

വൻകിട കാർഷികോല്പാദനം മുതലാളിത്ത രീതിയിലോ സോഷ്യലിസ്റ്റു് രീതിയിലോ സംഘടിപ്പിക്കാൻ കഴിയുമായിരുന്നു. മുതലാളിത്ത രീതിയിലുള്ള വികസനത്തിനു് കൂലിവേലക്കാരുടെ അദ്ധ്വാനം ചൂഷണം ചെയ്യുന്ന വലിയ കളങ്ങൾ ആവശ്യമായിരുന്നു. ഇതു് നിസ്സംശയമായും ശതസഹസ്രക്കണക്കിന് കൃഷകരെ പാപ്പരാക്കുന്നതിലേയ്ക്കു് നയിക്കും. സോവിയററു്

സ്റ്റേറ്റിനു് ഇതു് അസ്വീകാര്യവുമായിരുന്നു. സോഷ്യലിസ്റ്റ് രീതി വിഭാവന ചെയ്തിരുന്നതു് വലിയ സ്റ്റേറ്റു് കളങ്ങളും കൂട്ടുകൃഷിക്കളങ്ങളും (കർഷകർ സ്വമനസ്സാലെ കാർഷികോല്പാദക സഹകരണസംഘങ്ങളായി സംഘടിക്കുന്നതു്) ആയിരുന്നു. ഈ മാർഗ്ഗം തൊഴിലാളി-കർഷകരുടെ മൗലിക താല്പര്യങ്ങൾക്കും, സോവിയറ്റു് യൂണിയനിൽ സോഷ്യലിസം പടുത്തുയർത്തുകയെന്ന നയത്തിനും ചേർന്നതായിരുന്നു.

വി. ഐ. ലെനിൻ അദ്ദേഹത്തിന്റെ സഹകരണപദ്ധതിയിൽ കൃഷിയുടെ സോഷ്യലിസ്റ്റ് പുനഃസംഘടനയ്ക്കുള്ള പരിപാടി വ്യക്തമാക്കിയിരുന്നു.

5

# വി. ഐ. ലെനിൻെറ സഹകരണപദ്ധതിയനുസരിച്ച്

കർഷകർ അവരുടെ സ്വമനസ്സാലെ പിന്നോക്കാവസ്ഥയിലുള്ളതും ഒററയ്ക്കൊററയ്ക്കുള്ളതുമായ ചെറുകിട കൃഷിയിൽനിന്നു് പുരോഗമനപരമായ കൂട്ടുകൃഷിയിലേയ്ക്കു് മാറുന്നതിലൂടെ ഒരു സോഷ്യലിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിനു് കർഷകരെ അണിനിരത്തുന്നതിനുള്ള മാർഗ്ഗം ലെനിൻ തൻെറ സഹകരണ പദ്ധതിയിൽ ആവിഷ്കരിച്ചു.

നാട്ടിൻപുറങ്ങളെ സോഷ്യലിസ്റ്റ് രീതിയിൽ പുനഃസംഘടിപ്പിക്കുകയെന്നതായിരുന്നു ഒക്ടോബർ വിപ്ലവത്തിനു്ശേഷം നാടിനെ അഭിമുഖീകരിച്ചിരുന്ന ഏററവും വിഷമമേറിയ ഒരു പ്രശ്നം. ശതസഹസ്രം ചെറു ഭൂവുടമകളെ സംബന്ധിച്ച് അതു് ഒരു മൗലിക പ്രശ്നമായിരുന്നു.

പല നൂററാണ്ടുകളായി, കർഷകർ ഓരോരുത്തരും തങ്ങളുടെ തുണ്ടു് നിലങ്ങൾ ഒററയ്ക്കു് കൃഷി ചെയ്യുകയായിരുന്നു പതിവു്. ഇങ്ങനെ ഓരോ കുടുംബവും ഒററപ്പെട്ടു പ്രവർത്തിയെടുക്കുകയെന്ന സ്വഭാവം നൂററാണ്ടുകളായി, തലമുറ തലമുറകളായി അച്ഛനപ്പൂപ്പന്മാരുടെ കാലംതൊട്ടു് രൂപംകൊണ്ട ഒന്നായിരുന്നു ഇപ്പോൾ, സോഷ്യലിസ്റ്റ് ഉല്പാദന രീതിയിലേയ്ക്കു് നീങ്ങുന്നതിനു് ചെറു തുണ്ടം നിലങ്ങൾ ഇടയ്ക്കു് യാതൊരു വിടവുമില്ലാത്ത വലിയ നിലങ്ങളാക്കി മാററുകയും, ഉല്പാദനോപകരണങ്ങൾ ഒന്നിച്ചു് കൂട്ടുകയും ചെയ്യേണ്ടതു് ആവശ്യമായിരുന്നു. കർഷകരെ സംബന്ധിച്ചേടത്തോളം അവർക്കു് മുൻപു് യാതൊരുവിധ അനുഭവവും ഇല്ലാത്ത ഒരു സംരംഭമായിരുന്നു അതു്.

പട്ടണത്തിലും ഗ്രാമത്തിലും സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൻെറ വിഭിന്നതകൾ കർഷകരോടു് വിശദീകരി

ക്കവേ ലെനിൻ പറയുകയുണ്ടായി: "നഗരങ്ങളിൽ നൂറുകണക്കിനും ആയിരക്കണക്കിനും തൊഴിലാളികൾ ജോലി ചെയ്യുന്ന വൻകിട വ്യവസായങ്ങളെയാണ് വിപ്ലവം നേരിട്ടതു്. മില്ലുകളും ഫാക്ടറികളും ഒരുപിടി മുതലാളിമാരുടെ വകയായിരുന്നു. അവരെ നേരിടുന്നതിനു് തൊഴിലാളികൾക്കു് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. മുതലാളിമാർക്കെതിരായ നീണ്ട സമരത്തിൽ തൊഴിലാളികൾ പലേ അനുഭവങ്ങളും നേടിക്കഴിഞ്ഞിരുന്നു. യോജിച്ചും, സംഘടിതമായും, പ്ലാനനുസരിച്ചും പ്രവർത്തിക്കാൻ അതു് അവരെ പഠിപ്പിച്ചിരുന്നു. 'എന്നാൽ ഗ്രാമത്തിലെ സ്ഥിതി തികച്ചും വിഭിന്നമായിരുന്നു.' ഇവിടെ സോഷ്യലിസം വിജയിപ്പിക്കുന്നതിനു് പലേ അന്തരാളനടപടികളും ആവശ്യമായിട്ടുണ്ടു്. എണ്ണമററ ചെറുകിട കൃഷിഭൂമികളെ വൻതോതിലുള്ള ഉല്പാദനരീതികളിലേയ്ക്കു് പരിവർത്തനം ചെയ്യുകയെന്നതു് ക്ഷണം ചെയ്തുതീർക്കാൻ കഴിയുന്ന ഒരു കാര്യമല്ല.'

ഏതൊരു കൃഷിക്കാരനും മനസ്സിലാകുന്നതരത്തിലുള്ള ഏററവും ലളിതമായ സഹകരണ രൂപങ്ങളിൽ, അതായതു് മാർക്കററിംഗ് സഹകരണസംഘങ്ങൾ, പരസ്പര സഹായ സംഘങ്ങൾ എന്നിവയിൽ തുടങ്ങി, ക്രമേണ ഉല്പാദക സഹകരണസംഘങ്ങളിലേയ്ക്കും കൂട്ടുകൃഷികളങ്ങളിലേയ്ക്കും നീങ്ങണമെന്നു് ലെനിൻ നിർദ്ദേശിച്ചു. തന്നെയല്ല, കൃഷികരുടെ സഹകരണം പൂർണ്ണമായും സ്വാത്മനാ ചേരുകയെന്ന തത്വത്തിൽ അധിഷ്ഠിതമായിരിക്കേണ്ടിയിരുന്നു; അതു് കൃഷകരുടെതന്നെ ഒരു ബഹുജനപ്രസ്ഥാനമായി മാറേണ്ടിയിരുന്നു. ഉദാഹരണത്തിന്റെ ശക്തികൊണ്ടുള്ള അനുനയ സമ്പ്രദായത്തിനു് ലെനിൻ വലിയ പ്രാധാന്യം കല്പിച്ചിരുന്നു. കൂട്ടുകൃഷി തങ്ങൾക്കൊരു സാമ്പത്തിക നേട്ടമാണെന്നു് ഗ്രാമത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കേണ്ടതു് ആവശ്യമായിരുന്നു. സോവിയററു് ഗവൺമെൻറു് സ്ഥാപിച്ച വലിയസ്റ്റേററു് കളങ്ങളിലും, വിപ്ലവം കഴിഞ്ഞയുടനെയുള്ള കാലങ്ങളിൽ കൃഷകർ രൂപീകരിച്ച കാർഷിക കമ്മ്യൂണുകളിലും സഹകരണസംഘങ്ങളിലും നിന്നു് വ്യക്തിപരമായ ചെറുകിട കൃഷിയേക്കാൾ വൻതോതിലുള്ള ഉല്പാദനത്തിന്റെ മെച്ചങ്ങൾ എല്ലാ കൃഷകർക്കും വ്യക്തമായിരുന്നു.

ആദ്യത്തെ കൂട്ടുകൃഷികളങ്ങൾ പഴയ ലളിതമായ ആ കാർഷികോപകരണങ്ങൾ തന്നെയാണു് ഉപയോഗപ്പെടുത്തിയിരുന്നതെങ്കിലും കൂട്ടായ അദ്ധ്വാനത്തിന്റെ പ്രയോജനങ്ങൾ വളരെ സ്പഷ്ടമായിരുന്നു; എന്തുകൊണ്ടെന്നാൽ, അവർ ഈ ഉപകരണ

ങ്ങളും കന്നുകാലികളും കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി; തന്നെയുമല്ല, അവർ മെച്ചപ്പെട്ട കൃഷി സമ്പ്രദായങ്ങൾ പരീക്ഷിക്കുകയും ചെയ്തു.

1924-25ൽ, 124 ഗ്രാമങ്ങളിൽ നടത്തപ്പെട്ട ഒരു സർവ്വേയിൽ നിന്നു് ലഭിച്ച വിവരമനുസരിച്ചു് പകുതിയിലധികം കളങ്ങൾക്കു് സമീപത്തുള്ള ഒററയ്ക്കു് കൃഷിചെയ്യുന്ന കളങ്ങളിലേതിനേക്കാൾ 20-25 ശതമാനം വിള കൂടുതൽ ലഭിച്ചിരുന്നു:

1925ൽ, ലെനിൻഗ്രാഡ്പ്രദേശത്തെ കൂട്ടകൃഷി കളങ്ങളുടെ ധാന്യവിള ഒററയ്ക്കു് കൃഷി ചെയ്യപ്പെട്ടുന്നതിനേക്കാൾ 50-100ശതമാനം അധികമായിരുന്നു. രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി ഇത്തരത്തിലുള്ള പലേ ഉദാഹരണങ്ങളും കാണാമായിരുന്നു. പല കൂട്ടകൃഷി കളങ്ങളും അതിവേഗം തന്നെ വിജയകരമായ സാമ്പത്തിക യൂണിററുകളായി വളന്നു വരികയായിരുന്നു. പിസ്കോവു് ഗുബേർണിയയിലെ തോർപ്പെത്സ് ഉയേസ്ദിലുള്ള ബ്രിദിൻസ്കി കൂട്ടകൃഷികളം 1918 മെയ് മാസത്തിൽ സംഘടിപ്പിക്കപ്പെട്ട അവസരത്തിൽ അവിടെ ഉണ്ടായിരുന്നതു് 2 ഇരുമ്പു് കലപ്പയും, 3 മരക്കലപ്പയും, 4 കുതിരകളും, 4 കറവപശുക്കളും, 10 ആടും, മൂന്നു് പന്നിയും, 150 ഹെക്ടർ ഭൂമിയും ആയിരുന്നു. അഞ്ചുകൊല്ലത്തിനു് ശേഷം 1930ൽ അതേ കളത്തിനു്, 11കലപ്പകളും രണ്ടു്കൊയ്ത്തു് യന്ത്രങ്ങളും, ഒരു മെതിയന്ത്രവും ഉൾപ്പടെ മുപ്പതു് ആധുനിക കാഷികോപകരണങ്ങളും, മററു് യന്ത്രങ്ങളും, 13കുതിരകളും, 30പശുക്കളും, 80ആടുകളും ഉണ്ടായിരുന്നു. ഈ കൂട്ടകൃഷി കളത്തിലെ ധാന്യവിള അടുത്തുള്ള കഷക കുടുംബങ്ങളുടേതിനേക്കാൾ മൂന്നിരട്ടി അധികമായിരുന്നു. ഈ കൂട്ടകൃഷികളം ഒരു അറക്കമില്ലും ധാന്യം പൊടിക്കുന്ന മില്ലും, പല വീടുകളും കളപ്പുരകളും നിമ്മിച്ചിരുന്നു.

സാധാരണ വിത്തിനു് പകരം മേത്തരം വിത്തു് നല്കിയും, കാഷിക യന്ത്രങ്ങൾ സൗജന്യമായി കൊടുത്തും ഈ കളം അയൽപ്രദേശങ്ങളിലുള്ള കഷക കുടുംബങ്ങൾക്കു് വിലപ്പെട്ട പല സഹായങ്ങളും നല്കി.

റ്യസാൻ ഗുബേർണിയയിലെ റാണെൻബഗ്ഗ് ഉയേസ്ദിലുള്ള 'പുരോഗതി കൂട്ടകൃഷികളം' കുതിരയില്ലാത്ത കൃഷിക്കാർക്കു് കൊയ്ത്തു നടത്താൻ സഹായം നൽകുകയും, ഒരു ഗ്രന്ഥശാല

തുറക്കുകയും ചെയ്തു. ഗ്രാമവാസികൾ ഇതു് വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി.

വ്ളഡിമീർ ഗുബേർണിയയിലെ ഭൂഡിപ്പാർട്ടുമെന്റ് അതിന്റെ 1924-25ലെ വാഷിക റിപ്പോർട്ടിൽ കൂട്ടുകൃഷി കളങ്ങൾക്കു് "...സാമ്പത്തികമായി വലിയ നേട്ടങ്ങളുണ്ടായിട്ടുണ്ടെന്നു് പറഞ്ഞിരുന്നു. ചുററുമുള്ള ജനങ്ങൾക്കിടയിൽ അവക്കു് ക്രമേണ അംഗീകാരം ലഭിച്ചു് വരുന്നുണ്ടു്. കാഷികോല്പാദനം സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചു് ഉപദേശവും നിദ്ദേശങ്ങളും ആവശ്യപ്പെട്ടുകൊണ്ടു് ചുററുമുള്ള കഷകർ കൂട്ടുകൃഷി കളങ്ങളിലേക്കു് വരുന്നുണ്ടു്. അവക്കു് ഈ കളങ്ങളിൽനിന്നു് അനുകൂലമായ വ്യവസ്ഥകളിന്മേൽ വിത്തും, ആട്ടുമാട്ടുകളും ലഭിക്കുന്നുണ്ടു്; പുറമെ, കാഷിക യന്ത്രങ്ങളും ഉപകരണങ്ങളും സൌജന്യമായും ലഭിക്കുന്നു.

1927ൽ യുക്രെയിനിലെ കൂട്ടുകൃഷി കളങ്ങളിൽനിന്നു് 26000 കർഷക കുടുംബങ്ങൾക്കു് കാർഷിക സാങ്കേതിക സഹായം ലഭിക്കുകയുണ്ടായി.

കൂട്ടുകൃഷി കളങ്ങൾ ഗ്രാമങ്ങളിൽ കാർഷിക വിജ്ഞാനം പ്രചരിപ്പിക്കുന്നതിനും (കൃഷിശാസ്ത്രവും മൃഗവളത്തലും), കൂട്ടുകൃഷിയുടെ ആശയങ്ങൾക്കു് ജനസമ്മതി നേടുന്നതിനുമുള്ള കേന്ദ്രങ്ങളായി വരികയായിരുന്നുവെന്നു് ഇതെല്ലാം സൂചിപ്പിക്കുന്നു. കഷകക്കു് സ്വയംതന്നെ കൂട്ടുകൃഷിയുടെ മെച്ചം കണ്ടു് മനസ്സിലാക്കാൻ കഴിയുമായിരുന്നു.

രാജ്യത്തിന്റെ വ്യവസായവല്ക്കരണം കൂട്ടുകൃഷി പ്രസ്ഥാനത്തിനു് ഒരു ഉത്തേജനം നല്കി. വളരെ ഹ്രസ്വമായ ഒരു കാലയളവിനുള്ളിൽ സോവിയററു് യൂണിയൻ വളരെ സുശക്തമായ ഒരു ഘനവ്യവസായം സ്ഥാപിച്ചു് കഴിഞ്ഞിരുന്നു. അതാണല്ലോ വ്യവസായവല്ക്കരണത്തിന്റെ അടിത്തറയും. ടാക്ടറുകളും മററു് കാഷിക യന്ത്രങ്ങളും നിമ്മിക്കുന്നതിനുള്ള വൻകിട ആധുനിക വ്യവസായശാലകൾ സ്ഥാപിക്കപ്പെട്ടു. ടാക്ടറുകൾകൊണ്ടു് ആദ്യമായി സ്റ്റേററു് കളങ്ങളിലേയും കൂട്ടുകൃഷികളങ്ങളിലേലും മണ്ണു് ഉഴുതു് മറിച്ചിടുന്നതു് കാണുന്നതിനു് വേണ്ടി ഗ്രാമവാസികളാകെ വന്നുകൂടിയിരുന്നു. അങ്ങനെ ഉഴവുകാരന്റെ ജോലി അവണ്ണനീയമാംവിധം ലഘൂകരിക്കപ്പെട്ടു.

ട്രാക്ടറുകളുടേയും മററു് കാർഷിക യന്ത്രങ്ങളുടേയും ഉപയോഗം യുക്തിപൂർവ്വമായി ക്രമപ്പെടുത്തുന്നതിനു് മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾ (എം. ടി എസ്) എന്ന വൻ സ്റ്റേററു് സ്ഥാപനങ്ങളിലാണു് അവ കേന്ദ്രീകരിക്കപ്പെട്ടിരുന്നതു്. കൂട്ടുകൃഷി കളങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ അവയ്ക്കു് നിർണ്ണായകമായ ഒരു പങ്കുണ്ടു്.

അനുഭവത്തിൽനിന്നാണു് മെഷീൻ ട്രാക്ടർ സ്റ്റേഷനുകളെപ്പററിയുള്ള ആശയം ഉദയം ചെയ്തതു്. 1927 ൽ ഷെവ്ചെങ്കോ സ്റ്റേററു് കളത്തിൽ (യുക്രെയിനിലെ ഒഡീസ്സാ പ്രദേശത്തു്) ഒരു ട്രാക്ടർ നിര രൂപീകരിക്കപ്പെട്ടു. അവിടെയുള്ള കർഷക കുടുംബങ്ങളെ സഹായിക്കുകയായിരുന്നു അതിൻെറ ഉദ്ദേശം. ഇതിൻെറ പ്രവർത്തനം വമ്പിച്ചൊരു വിജയമായിരുന്നു. യന്ത്രംകൊണ്ടുള്ള കൃഷിയുടെ മെച്ചം നേരിൽകണ്ടു് മനസ്സിലാക്കിയ കർഷകർ തങ്ങളുടെ വിഭവങ്ങളെല്ലാം ഒന്നിച്ചു് ചേർത്തു് കൂട്ടായി കൃഷിനടത്താൻ നിശ്ചയിച്ചു അപ്പോഴാണു് കൂട്ടുകൃഷികളങ്ങൾക്കു് സഹായം നൽകുന്നതിനുവേണ്ടി ഈ സ്റ്റേററു് കളത്തിൽ ആദ്യത്തെ എം. ടീ. എസ്സ്. സംഘടിപ്പിക്കപ്പെട്ടതു്.

യുക്രെയിനിലെ റോക്കി കൂട്ടുകൃഷിക്കളത്തിൽ കൊയ്ത്തുയന്ത്രങ്ങൾ പാടത്തേയ്ക്കു് കൊണ്ടുപോകാൻ തയ്യാറാക്കി നിർത്തിയിരിക്കുന്നു





ഗോർക്കി പ്രദേശത്തുള്ള പുത്തു് ലെനിനാ കൂട്ടുകൃഷിക്കളത്തിൽ ഗോതമ്പു് കൊയ്ത്തു് നടക്കുന്നു

പിന്നീടു്, സോവിയററു് യൂണിയന്റെ നാനാ ഭാഗങ്ങളിലും സ്വതന്ത്ര ഘടകങ്ങളായി സ്ഥാപിക്കപ്പെട്ട മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾക്കു് മാതൃക ഇതായിരുന്നു. 1958 ൽ യൂ. എസ്സ്. എസ്സ്. ആർ. ലുള്ള കൂട്ടുകൃഷികളങ്ങൾക്കു് വേണ്ടി സേവനമനുഷ്ഠിച്ചിരുന്ന 8000 മെഷീൻ ട്രാക്ടർ സ്റ്റേഷനുകളുണ്ടായിരുന്നു. ഈ സ്റ്റേഷനുകളുടെ കൈവശാവകാശത്തിൽ 170 ലക്ഷം ട്രാക്ടറുകളും, 45 ലക്ഷം കൊയ്ത്തു് യന്ത്രങ്ങളും 66 ലക്ഷം ലോറികളും മററു് പല കാർഷിക യന്ത്രങ്ങളും ഉണ്ടായിരുന്നു. ഇവ കൂട്ടുകൃഷികള ഉല്പാദനത്തിന്റെ പ്രധാന സാങ്കേതിക അടിത്തറ ആയിത്തീന്നു; കൂട്ടുകൃഷികളങ്ങളിലെ ജോലികൾ യന്ത്രവല്ക്കരിക്കുന്നതിനുള്ള അടിത്തറയായിതീന്നു. കൂട്ടുകൃഷികളങ്ങൾക്കു് സ്റ്റേററിന്റെ ഭൗതികവും സംഘടനാപരവുമായ സഹായം നല്കിയിരുന്നതും ഈ സ്റ്റേഷനുകളിലൂടെയായിരുന്നു.

മുകളിൽ പ്രസ്താവിച്ചതു്പോലെ മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾ സ്റ്റേററു് സ്ഥാപനങ്ങളും, കൂട്ടുകൃഷികളങ്ങൾ സഹകരണ സമിതികളുമാണു്. വർഷന്തോറുമുള്ള ഉടമ്പടികൾ അവ തമ്മിലു

ള്ള ബന്ധത്തെ നിർവ്വചിക്കുന്നു. ഈ ഉടമ്പടി രണ്ടുകൂട്ടർക്കും ഒരേപോലെ ബാധകമാണു്.

കൂട്ടുകൃഷികളങ്ങളിൽ എം. ടി. എസ്സ്. ഇത്ര ജോലി ഇന്ന സമയത്തിനുള്ളിൽ ഇന്ന രീതിയിൽ ചെയ്തിരിക്കണമെന്നു് ഉടമ്പടിയിൽ വ്യക്തമാക്കിയിരിക്കും. കൂട്ടുകൃഷികളങ്ങളിലെ വിളയും, ക്ഷീര മാംസ ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനും അതിനു് ഉത്തരവാദിത്വമുണ്ടു്. കൂട്ടുകൃഷികളങ്ങളിൽ ചെയ്യുന്ന ജോലിക്കു് സ്റ്റേറ്റു് നിശ്ചയിച്ച നിരക്കിന്റെ അടിസ്ഥാനത്തിൽ ഇനമായിട്ടാണു് മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾക്കു് പ്രതിഫലം ലഭിക്കുന്നതു്. ചില ജോലികൾക്കു് പണമായിതന്നെയും പ്രതിഫലം നല്കിവരാറുണ്ടു്.

നിലവിലുള്ള നിയമമനുസരിച്ചു്, എം ടി. എസ്സ്. ഡയറക്ടറും കൂട്ടുകൃഷികളം ചെയർമാനും കൊല്ലത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ഉടമ്പടിയുടെ പൂർത്തീകരണത്തെ സംബന്ധിച്ചു് കളം അംഗങ്ങളുടെ പൊതുയോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കണം

എം. ടി. എസ്സ്. ന്റെ പിറവിയോടുകൂടി മരക്കലപ്പ കാഴ്ചബംഗ്ലാവിൽ മാത്രമുള്ള ഒരു അപൂർവ്വ വസ്തുവായി തീരുകയും, അതു് ട്രാക്ടറിനു് വഴിമാറിക്കൊടുക്കുകയും ചെയ്തു. ഇതു് കാർഷികജോലികൾ ലഘൂവാക്കുകയും, കൂടുതൽ ഉല്പാദനക്ഷമമാക്കുകയും ചെയ്തു. കൂട്ടുകൃഷികളത്തിൽ ഒരു ഹെക്ടർ (രണ്ടര ഏക്കർ) നിലത്തിൽ ഉഴവു നടത്തുന്നതിനുള്ള അദ്ധ്വാനം ഒററയ്ക്കു് കൃഷി നടത്തപ്പെടുന്ന കളങ്ങളുടേതിനേക്കാൾ 90 ശതമാനം ചുരുങ്ങി. കൊയ്ത്തു് യന്ത്രം ധാന്യകൊയ്ത്തിന്റെ ഉല്പാദകത്വം നാലുതിരട്ടിയെങ്കിലും വർദ്ധിപ്പിച്ചു. ഓരോ കൊല്ലവും എം. ടി. എസ്സ്. നു് ധാന്യം, പച്ചക്കറികൾ, വാണിജ്യ വിളകൾ തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിലെ അദ്ധ്വാനം ലഘൂകരിക്കുന്നതിനുള്ള പുയിയ പുതിയ യന്ത്രങ്ങൾ ലഭിച്ചു.

കൂട്ടുകൃഷി പ്രസ്ഥാനത്തിന്റെ വൻതോതിലുള്ള വിപുലീകരണത്തിനു് ഒരു വലിയ അതിരുവരെ കാരണക്കാർ മെഷീൻ ട്രാക്ടർ സ്റ്റേഷനുകളായിരുന്നു. യന്ത്രങ്ങളുടെ ഉപയോഗം എന്തൊരു സാമ്പത്തിക നേട്ടമാണെന്നും, അതു് എത്രകണ്ടു് അദ്ധ്വാനം ലഘൂകരിക്കുന്നുണ്ടെന്നും കർഷകർക്കു് കാണാമായിരുന്നു; എന്നാൽ അവരുടെ കയ്യിലുള്ള കൊച്ചു് തുണ്ടം നിലങ്ങളിൽ അവർക്കു് ഈ

യന്ത്രങ്ങൾ ഉപയോഗിക്കാൻ സാദ്ധ്യമല്ലായിരുന്നു. അനുഭവം തന്നെ അവരെ സഹകരണത്തിലേയ്ക്കു് നീക്കിവിട്ടു.

പ്രാരംഭദശയിൽ കൂട്ടുകൃഷിക്കളങ്ങളുടെ സാമ്പത്തിക നില നന്നേ മോശമായിരുന്നു; യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും, ഗാരേജുകൾ പണിയുന്നതിനും, വർക്ക്ഷോപ്പുകളുടെ റിപ്പയർ നടത്തുന്നതിനും ഈ കളങ്ങൾക്കു് പണമുണ്ടായിരുന്നില്ല. തന്നെയുമല്ല, ഇവയെല്ലാം ആവശ്യമായ എല്ലാ യന്ത്രങ്ങളും നിർമ്മിക്കാൻ രാജ്യത്തിനൊട്ടു് കഴിവുണ്ടായിരുന്നുമില്ല.

ഇന്നു് സ്ഥിതി പാടേ മാറിയിരിക്കുന്നു. കമ്മ്യൂണിസ്റ്റു് പാർട്ടി മുന്നോട്ടു് വെച്ച സുപ്രധാന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായുള്ള അനവരതമായ പ്രയത്നഫലമായി ഇന്നു് ഈ കളങ്ങൾ അവയുടെ കുറവുകൾ നികത്തുകയും, വമ്പിച്ച വിജയം കൈവരിക്കുകയും ചെയ്തിരിക്കുന്നു.

ഉസ്‌ബെക്കു് റിപ്പബ്ലിക്കിൽ ക്ലൂന സമ്പ്രദായമനുസരിച്ചുള്ള
പരുത്തി കൃഷി



കൂട്ടകൃഷി കളങ്ങളുടെ അവിഭക്ത ഫണ്ടിന്റെ അനുസ്യൂതമായ വദ്ധനവ് തന്നെയാണ് അവയുടെ സാമ്പത്തിക സുസ്ഥിതിയ്ക്കുള്ള ഏററവും നല്ല തെളിവ്. ഉല്പാദനോപകരണങ്ങൾ, വണ്ടിക്കാളകൾ, കറവപ്പശുക്കൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, ജലസേചന പദ്ധതികൾ, ക്ലബ്ബ്കൾ, ഗ്രന്ഥശാലകൾ, കിൻറർ ഗാഡ്നകൾ തുടങ്ങിയവയാണ് ഈ അവിഭക്ത ഫണ്ടിൽ പെടുന്നതു്. 1952-ൽ ഈ ഫണ്ട് 6300 കോടി റൂബിളായിരുന്നു. എന്നാൽ 1957-ൽ അതു് 9870 കോടിയായി വദ്ധിച്ചു. അതേസമയം രാജ്യത്തിലുള്ള 8000 മെഷീൻട്രാക്ടർ സ്റ്റേഷനകളുടെ മൊത്തം മൂല്യം 1800—2000 കോടി റൂബിളായിരിക്കം.

1956-ൽ ഈ കൂട്ടകൃഷിക്കളങ്ങൾക്ക് എല്ലാംകൂടി പണമായുള്ള വരുമാനം ഏതാണ്ട് 100,00 കോടി റൂബിളായിരുന്നു; അതായതു്, 1950-ന്റെ മൂന്നിരട്ടി. ഇന്നിപ്പോൾ കൂട്ടകൃഷിക്കാർ കൂടുതൽ വ്യാവസായികോല്പന്നങ്ങൾ വാങ്ങുന്നുണ്ട്. അവിടങ്ങളിലെ കെട്ടിട നിമ്മാണം വമ്പിച്ച തോതിലാവുകയും ചെയ്തിട്ടുണ്ട്.

ഉയന്ന യോഗ്യത സിദ്ധിച്ച ലക്ഷക്കണക്കിനു് ധാന്യകൃഷിക്കാരേയും, മാട്ട് വളത്തുകാരേയും, മെക്കാനിക്കകളേയും, ഡ്രൈവർമാരേയും ഇലക്ട്രീഷ്യന്മാരേയും, ഈ കൂട്ടകൃഷിക്കളങ്ങളിൽ പരിശീലിപ്പിച്ചെടുത്തിട്ടുണ്ട്. അവരിൽ മിക്കവരും പ്രത്യേക സ്കൂളകളിൽനിന്നു് പാസ്സായവരാണ്. മെഷീൻ ട്രാക്ടർ സ്റ്റേഷനകളിൽ 20 ലക്ഷം മെക്കാനിക്കകൾ ജോലിചെയ്യുന്നുണ്ട്. അവക്ക് നല്ല ഒന്നാന്തരം സാങ്കേതിക വിജ്ഞാനമുണ്ട്. വ്യാവസായിക തൊഴിൽ രീതികളിൽ നല്ല പ്രാഗത്ഭ്യമുള്ളവരുമാണ് ഈയാളുകൾ. 1953-ൽ സവ്വകലാശാലാ ബിരുദമോ, സ്പെഷ്യൽ സ്കൂൾ സർട്ടിഫിക്കറേറാ ലഭിച്ച 83000 വിദഗ്ദ്ധന്മാരാണ് കാഷിക രംഗത്തു് പ്രവത്തിച്ചിരുന്നതെങ്കിൽ, ഇന്നു് അവരുടെ സംഖ്യ 227000 ആയിരിക്കുന്നു.

മോട്ടോർവാഹനങ്ങൾ, ട്രാക്ടറുകൾ, മററു് കാഷിക യന്ത്രങ്ങൾ തുടങ്ങിയവ നിമ്മിക്കുന്ന സോവിയററു് വ്യാവസായിക ശാഖയുടെ ഉല്പാദനവും ഇതനുസരിച്ച് ഗണ്യമായി വദ്ധിച്ചിട്ടുണ്ട്.

അതുകൊണ്ടു്, ഇന്നു് സോവിയററു് വ്യവസായത്തിനു് കൂട്ടകൃഷിക്കളങ്ങൾക്ക് വേണ്ടത്ര യന്ത്രസാമഗ്രികൾ നിമ്മിക്കാനും,

കൂട്ടകൃഷിക്കളങ്ങൾക്ക് അതെല്ലാം വാങ്ങാനുമുള്ള കഴിവുണ്ടായിരിക്കുകയും, കാർഷികയന്ത്ര വിദഗ്ദ്ധന്മാർക്ക് യാതൊരു ക്ഷാമവും ഇല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയ്ക്ക് മെഷീൻട്രാക്ടർ സ്റ്റേഷനുകളുടെ വലിയ ആവശ്യമൊന്നും ഇല്ലതന്നെ.

അതുകൊണ്ടാണ്, യു. എസ്. എസ്. ആർ. സുപ്രീംസോവിയററ് 1958 മാർച്ചിൽ ഈ മെഷീൻ ട്രാക്ടർ സ്റ്റേഷൻ പുനസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച ഒരു ഡിക്രി അംഗീകരിച്ചതു്. ഇതനുസരിച്ച്, കൂട്ടകൃഷിക്കളങ്ങൾക്ക് ആവശ്യമുള്ള എല്ലാ യന്ത്രസാമഗ്രികളും സ്വന്തമായി വാങ്ങാൻ കഴിയും.

ഇനിമുതൽ കൂട്ടകൃഷിക്കളങ്ങൾക്ക് സ്വന്തമായി ഭൂമിമാത്രമല്ല, ഏററവും ആധുനികമായ യന്ത്രസാമഗ്രികളും ഉണ്ടായിരിക്കും. മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾ റിപ്പയർ സ്റ്റേഷനുകളുമായി പുനസംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. യന്ത്രങ്ങൾ റിപ്പയർ ചെയ്തുകൊടുക്കുന്നതിനു് പുറമെ, പുനസംഘടിപ്പിക്കപ്പെട്ട ഈ സ്റ്റേഷനുകൾ കൂട്ടകൃഷിക്കളങ്ങൾക്ക് യന്ത്രങ്ങൾ വില്ക്കുകയും, സ്പെയർ പാർട്ടുകളും വളവും മററും വിതരണം നടത്തുകയും ചെയ്യും. കൂട്ടകൃഷിക്കളങ്ങളുടെ പക്കൽ സ്വന്തമായില്ലാത്ത യന്ത്രങ്ങൾ ഇവിടെനിന്നു് വാടകയ്ക്കെടുക്കാനും കഴിയും.

മുൻപറഞ്ഞ കാര്യങ്ങളിൽനിന്നു് സ്പഷ്ടമാകുന്നതുപോലെ, സോവിയററുകൾ അധികാരത്തിലേയ്ക്കുയന്ന ക്ഷണംതന്നെ ഗ്രാമങ്ങളിൽ സോഷ്യലിസ്റ്റ് ഉല്പാദനം ആരംഭിക്കപ്പെട്ടു. 1918 ജൂലൈ 1-ാനു രാജ്യത്തിലൊട്ടാകെ 16000 സഹകരണ (കൂട്ടകൃഷി) കളങ്ങളുണ്ടായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ സംഖ്യ നിരന്തരമായി ഉയർന്നുവന്നു. 1925-ൽ അതു് 21900 വരെ എത്തി. എന്നാൽ 1929-ലും തുടർന്നുള്ള രണ്ടു് കൊല്ലങ്ങളിലുമാണ് ഈ കൂട്ടകൃഷി പ്രസ്ഥാനം ഇത്രവലിയൊരു ബഹുജനസ്വഭാവം കൈവരിച്ചതു്. കൂട്ടകൃഷികളങ്ങളിൽ ഏകോപിക്കപ്പെട്ടിരുന്ന കർഷക കടുംബങ്ങളുടെ സംഖ്യ 1929 ജൂലൈമാസത്തിൽ 3.9 ശതമാനമായിരുന്നതു് 1931-ലെ ഗ്രീഷ്മത്തിൽ 52.7 ശതമാനമായി ഉയർന്നു. 1940-ൽ, മൊത്തം കർഷക കടുംബങ്ങളുടെ 96.9 ശതമാനം കൂട്ടകൃഷി

കളങ്ങളിൽ ചേൻനിരുന്നു. കഷകർ ഉപയോഗിച്ചിരുന്ന ഭൂമിയുടെ 99.9 ശതമാനം മണ്ണിൽ കൃഷിചെയ്തിരുന്നതും അവരായിരുന്നു.

അങ്ങിനെ കഷക കടുംബങ്ങൾ വ്യക്തിഗതമായി നടത്തുന്ന ചെറുകിട ഉല്പാദനത്തെ വൻതോതിലുള്ള കൂട്ടകൃഷിയാക്കി മാററുകയെന്ന ലെനിൻെറ സഹകരണ പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരപ്പെട്ടു.

## 6

# ഒരു കൂട്ടുകൃഷികളം എന്നാൽ എന്താണ്?

കൂട്ടുകൃഷിയുടെ ആദ്യകാലങ്ങളിൽ, വേണ്ടത്ര അനുഭവം ഇല്ലാതിരുന്നതിനാൽ ഏതെങ്കിലും പ്രത്യേകതരത്തിലുള്ള സഹകരണത്തിന്റെ പ്രായോഗികമായ മെച്ചം എന്താണെന്ന് വിലയിരുത്താൻ കഴിഞ്ഞിരുന്നില്ല. പ്രാദേശിക സാഹചര്യങ്ങളനുസരിച്ച് കർഷകർ മൂന്നുതരത്തിലുള്ള സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചിരുന്നു. കമ്മ്യൂണുകൾ, ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സമിതികൾ, കാർഷിക സഹകരണ സംഘങ്ങൾ എന്നിവയായിരുന്നു ഈ മൂന്നെണ്ണം. എന്നാൽ, ഈ മൂന്നും തമ്മിലുള്ള വ്യത്യാസം അഗണ്യമായിരുന്നുവെന്ന് പറയേണ്ടതുണ്ട്. അവയുടെ പ്രധാന വ്യത്യാസങ്ങൾ താഴെകാണുംപ്രകാരമായിരുന്നു.

മുൻകാലത്തെ ജന്മിമാരുടെ കളങ്ങളിൽ തൊഴിലാളികളും, കർഷക തൊഴിലാളികളും സാധു കർഷകരും ചേർന്നാണ് **കമ്മ്യൂൺ** സംഘടിപ്പിച്ചിരുന്നത്. ഇവർക്ക് സ്വന്തമായ യാതൊരു ഉല്പാദനോപകരണങ്ങളും ഉണ്ടായിരുന്നില്ല. സാധാരണയായി. അവിടെ ഉല്പാദനോപകരണങ്ങളും, ആട്മാടുകളും, കളപ്പുരകളും, വീടുകളും എല്ലാം സാമൂഹ്യവല്ക്കരിക്കപ്പെട്ടിരുന്നു. കമ്മ്യൂണിലെ അംഗങ്ങൾക്ക് സ്വന്തം പേരിൽ ആട്മാടുകളോ, കോഴികളോ ഭൂമിയോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കമ്മ്യൂണുകളിലെ വരുമാനം (പണമായും ഇനമായും ഉള്ളത്) ആളുകളുടേയും, കുടുംബങ്ങളുടേയും എണ്ണമോ, ആവശ്യമോ അനുസരിച്ച് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെട്ടിരുന്നു.

കമ്മ്യൂണുകൾക്ക്, അവയിലെ അംഗങ്ങളുടെ വ്യക്തിപരമായ താല്പര്യവും, കളത്തിന്റെയും സ്റ്റേറ്റിന്റെയും പൊതു താല്പര്യവും തമ്മിൽ വേണ്ടപോലെ കൂട്ടിയിണക്കിക്കൊണ്ട് പോകാൻ കഴിഞ്ഞില്ല. ഓരോ അംഗവും പൊതു സമ്പദ് വ്യവസ്ഥയ്ക്ക് വേണ്ടി

നടത്തിയിരുന്ന അദ്ധ്വാനത്തിന് വേണ്ടത്ര പരിഗണന നല്കാതെയാണ് കമ്മ്യൂണിലെ അംഗങ്ങളുടെ ആവശ്യമനുസരിച്ച് വരുമാനം അവർക്കിടയിൽ വിതരണം ചെയ്യുകയെന്ന തത്വം അംഗീകരിക്കപ്പെട്ടത്. മെച്ചപ്പെട്ട ജോലിയ്ക്ക്, കമ്മ്യൂണിന്റെ വികസനത്തിന് വേണ്ടി കൂടുതൽ സംഭാവന നൽകുന്നവർക്ക്, എന്തെങ്കിലും പ്രചോദനം നൽകുന്നതിന് വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നില്ല. കൂടാതെ, ഈ തത്വം നടപ്പിലാക്കുന്നത് കമ്മ്യൂണുകളുടെ മോശമായ സാമ്പത്തിക നിലയ്ക്ക് ചേർന്നതുമായിരുന്നില്ല; തന്മൂലം അംഗങ്ങളുടെ ഭക്ഷണം, വസ്ത്രം, ചെരിപ്പ് തുടങ്ങിയ വീട്ടാവശ്യങ്ങൾ നിറവേററുന്നതിൽ വലിയ വിഷമതകൾ നേരിട്ടു.

**ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സമിതി.** സഹകരണത്തിന്റെ ഏററവും ലളിതമായ രൂപം ഇതായിരുന്നു.

അദ്ധ്വാനം, കൃഷിഭൂമി, കൊയ്യുന്നതിനും മെതിക്കുന്നതിനും മററുമുള്ള ഏററവും സങ്കീർണ്ണതയേറിയ യന്ത്രങ്ങൾ തുടങ്ങിയവയാണ് ഇവയുടെ പൊതുസ്വത്തിൽ പെട്ടിരുന്നത്.

1925 ലെ സർവ്വേയിൽനിന്ന് ലഭിച്ച വിവരങ്ങളനുസരിച്ച് കമ്മ്യൂണുകളിൽ ഉല്പാദനോപകരണങ്ങളുടെ 99.5 ശതമാനവും, സഹകരണസംഘങ്ങളിൽ 68 ശതമാനവും സാമൂഹ്യവല്ക്കരിക്കപ്പെട്ടിരുന്നു; അതേസമയം ഭൂമി കൂട്ടായി കൃഷിചെയ്യുന്നതിനുള്ള സമിതികളിൽ 27 ശതമാനം മാത്രമേ ഇപ്രകാരം സാമൂഹ്യവല്ക്കരിക്കപ്പെട്ടിരുന്നുള്ളു. 1924 ൽ കമ്മ്യൂണുകളിൽ കൃഷിഭൂമി 99.8 ശതമാനവും, സഹകരണ സംഘങ്ങളിൽ 97.7 ശതമാനവും, സമിതികളിൽ 58.6 ശതമാനവും സാമൂഹ്യവല്ക്കരിക്കപ്പെട്ടിരുന്നു. സമിതികളിലെ അംഗങ്ങളുടെ സ്വന്ത കൃഷിയിൽനിന്നുള്ള വരുമാനം മിക്കപ്പോഴും അവരുടെ പൊതു വരുമാനത്തെക്കാൾ കൂടിനിന്നിരുന്നു.

ഈ സമിതികളിലെ അംഗങ്ങൾക്കിടയിൽ സാധാരണയായി വരുമാനം വിതരണം ചെയ്യപ്പെട്ടിരുന്നത് ഇപ്രകാരമായിരുന്നു. വരുമാനത്തിലൊരു ഭാഗം അദ്ധ്വാനമനുസരിച്ചും, മറെറാരു ഭാഗം ഓരോരുത്തരുടേയും വീതമനുസരിച്ചും, അതായത്, പൊതുഉപയോഗത്തിന് വിട്ടുകൊടുക്കപ്പെട്ട ഭൂമിയുടേയും ഉല്പാദനോപകരണങ്ങളുടേയും വീതമനുസരിച്ചുമാണ് വിതരണം ചെയ്യപ്പെട്ടുന്നത്.

ഈ സമിതികൾക്ക് കൂട്ടകൃഷിയുടെ അടിസ്ഥാന രൂപമായി ത്തീരാൻ കഴിയുമായിരുന്നില്ല. വ്യക്തിപരമായി കൈവശം വെച്ചിരുന്ന ഭൂമിയുടെ അനുപാതം വളരെ കൂടിയിരുന്നതിനാൽ പൊതുകാർഷികോല്പാദന നിരക്ക് ആവശ്യമായത്ര നിലയിലേ ക്കുയർത്താൻ ഈ സമിതികൾക്ക് കഴിഞ്ഞിരുന്നില്ല. തന്നെയുമല്ല, അംഗങ്ങളുടെ വീതമനുസരിച്ചുള്ള വരുമാനവിഭജനം, അതായതു കളത്തിൽ ഓരോരുത്തരുടേയും സ്വത്തിൻെറ വീതമനുസരിച്ചുള്ള വിഭജനം, സമിതിയിൽ ചേരുന്നതിനു് മുൻപു് വളരെ കുറച്ച് മാത്രം ഉല്പാദനോപകരണങ്ങൾ കൈവശമുണ്ടായിരുന്ന സാധു കർഷകരെ പ്രതികൂലമായി ബാധിച്ചു.

കൂട്ടകൃഷി പ്രസ്ഥാനം വളർത്തിക്കൊണ്ടു് വന്ന കുറേക്കൂടി പുരോഗമനപരമായ രൂപം കാർഷിക സഹകരണ സംഘമായിരുന്നു. അതാണു് ഇന്നു് കൂട്ടകൃഷിയുടെ അടിസ്ഥാനരൂപമായി തീർന്നിട്ടുള്ളതു്.

കൂട്ടായ അദ്ധ്വാനത്തെ അടിസ്ഥാനമാക്കിയുള്ള **കാർഷിക സഹകരണസംഘ**ത്തിൽ (കൂട്ടകൃഷികളം എന്നറിയപ്പെടുന്നതു്) ഭൂമിയും അടിസ്ഥാന ഉല്പാദനോപകരണങ്ങളും (കൃഷിക്കുള്ള കാളകളും, മററു് ആടുമാടുകളും, കളപ്പുരകളും, കാർഷികോപകരണങ്ങളും എല്ലാം) പൊതുസ്വത്താണു്. മലക്കറി കൃഷിക്കും കായ് കനി കൃഷിക്കുമുപയോഗിക്കുന്ന വീടിനോടു് ചേർന്നുള്ള ഭൂമിയും, വീടും, കറവപ്പശുക്കളും, ചില അപ്രധാനങ്ങളായ ഉപകരണങ്ങളും അതിലെ അംഗങ്ങളുടെ വ്യക്തിപരമായ ഉപയോഗത്തിനു് വിട്ടുകൊടുക്കപ്പെടുന്നു.

സഹകരണസംഘത്തിൻെറ അടിത്തറ അതിൻെറ പൊതുസ്വത്താണു്. കൂട്ടകൃഷിക്കാരുടെ അദ്ധ്വാനത്തിൻെറ പ്രധാന രംഗം അതാണു്. അതാണു് അവരുടെ പ്രധാനവരുമാന മാർഗ്ഗവും. ധാന്യം, വാണിജ്യവിളകൾ, കന്നുകാലി തീററ തുടങ്ങിയവ സഹകരണസംഘത്തിൻെറ പൊതുവയലുകളിൽ മാത്രമാണു് കൃഷി ചെയ്യപ്പെടുന്നതു്. മാംസം, ക്ഷീരോല്പന്നങ്ങൾ, ഉരുളക്കിഴങ്ങു്, പച്ചക്കറികൾ, പഴങ്ങൾ എന്നിവയുടെ ഏററിയകൂറും ഈ മേഖലയിൽനിന്നു് തന്നെയാണു് നല്കപ്പെടുന്നതു്. സഹകരണ സംഘങ്ങളുടെ പൊതുമേഖലയാണു് ജനങ്ങൾക്കാവശ്യമുള്ള ഭക്ഷണസാധനങ്ങളും, ലഘു-വ്യവസായങ്ങൾക്കുള്ള അസംസ് കൃത വിഭവങ്ങളും പ്രധാനമായി ഉല്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതും.

കൂട്ടുകൃഷി കളത്തിലെ ജോലിക്കു് പ്രതിഫലമായി കിട്ടുന്ന വരുമാനത്തിനു് പുറമെ, ഒരു കൂട്ടുകൃഷിക്കാരനു് അയാൾക്കു് സ്വന്തമായി അനുവദിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽനിന്നു് ലഭിക്കുന്ന വരുമാനവുമുണ്ടു്. അയാളുടെ കുടുംബം അവർക്കു് കിട്ടുന്ന ഒഴിവു് സമയം ഇതിലേക്കു് വിനിയോഗിക്കുന്നു. സഹകരണസംഘത്തിൽനിന്നു് ലഭിക്കുന്നതുകൊണ്ടു് തികയാത്ത മാംസവും പച്ചക്കറികളും പഴങ്ങളും മററും ഈ ഭൂമിയിൽനിന്നു് കിട്ടുന്നു. പല കൂട്ടുകൃഷിക്കാർക്കും സ്വന്തം ഭൂമിയിൽനിന്നു് അവരുടെ ആവശ്യവും കഴിഞ്ഞു് സ്റ്റേററു് ക്രയവിക്രയ സംഘടനകൾക്കോ, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കോ, അതുമല്ലെങ്കിൽ കൂട്ടുകൃഷികളത്തിലെ മാർക്കററിൽവെച്ചു് ഉപഭോക്താക്കൾക്കു് നേരിട്ടുതന്നെയോ വില്ക്കാൻ വേണ്ടത്ര സാധനങ്ങൾ ലഭിക്കുന്നുണ്ടു്. ഇതിൽനിന്നുള്ള വരുമാനം ഗണ്യമാണു് 1958-ൽ, സോവിയററു് ഗവമ്മെൻറിൻെറ പുതിയ ഡിക്രിയനുസരിച്ചു് കൂട്ടുകൃഷിക്കാർക്കു് തങ്ങളുടെ സ്വന്തം നിലത്തിൽനിന്നുള്ള ഉല്പന്നങ്ങൾ സ്റ്റേററിനു് നിർബ്ബന്ധമായി നല്കേണ്ടതില്ലെന്നു് വരുമ്പോൾ, അവരുടെ ഈ വരുമാനം ഇതിലും ഗണ്യമായിരിക്കും.

1935-ൽ ചേർന്ന സജീവ കൂട്ടുകൃഷി പ്രവത്തകരുടെ രണ്ടാമത്തു് അഖില സോവിയററു് കോൺഗ്രസ്സു് അംഗീകരിച്ച കാർഷിക സഹകരണ സംഘങ്ങളുടെ മാതൃകാ നിയമമനുസരിച്ചു് ഓരോ കൂട്ടുകൃഷിക്കാരൻെറ കുടുംബത്തിനും സ്വന്തം ഉപയോഗത്തിനായി കാൽ ഹെക്ടർ മുതൽ ഒരു ഹെക്ടർ വരെ ഭൂമി (വീടിരിക്കുന്നസ്ഥലത്തിനു് പുറമെ) സൗജന്യമായി ലഭിക്കുന്നു. ഒരു കൂട്ടുകൃഷിക്കാരനു് ഒരു പശു, രണ്ടു് പശുക്കിടാക്കൾ, പത്തു് കോലാടുകളും ചെമ്മരിയാടുകളും, അപരിമിതമായത്ര കോഴികളും മുയലുകളും തുടങ്ങിയവയെ വളത്താം. 20 തേനീച്ചക്കൂടുകളും അയാൾക്കു് സൂക്ഷിക്കാം വൻതോതിലുള്ള ആടു്-മാടു്-കോഴി വളത്തൽ നിലവിലുള്ള ജില്ലകളിൽ കൂട്ടുകൃഷിക്കാർക്കു് അത്തരം കൂടുതൽ മൃഗങ്ങളെ വളത്താൻ കഴിയും.

കൂട്ടുകൃഷിക്കാരുടെ ഈ ഉപജോലികൾക്കാവശ്യമായ എല്ലാ സഹായവും നല്കാൻ സോവിയററു ഗവമ്മെൻറു് പ്രാദേശിക അധികൃതരോടു് നിർബ്ബന്ധമായി ആവശ്യപ്പെടുന്നു. കൂട്ടുകൃഷികളും അതിൽപെട്ട അംഗങ്ങൾക്കു് വളരെ അനുകൂലമായ വ്യവസ്ഥകളിന്മേൽ ആടുമാടുകളേയും കോഴികളേയും നൽകുകയും കൂട്ടുകൃഷിക്കാരുടെ ആടു്-മാടുകൾക്കു് വേണ്ട മേച്ചിൽസ്ഥലങ്ങൾ ഏപ്പാടു് ചെയ്യുകയും, ശീതകാലമാസങ്ങളിലേയ്ക്കു് അവയ്ക്കു് ആവശ്യമായ

തീററ നൽകുകയും ചെയ്യുന്നു. കൂട്ടുകൃഷികളത്തിൻെറയും സ്റ്റേററിൻെറയും വക നഴ്സറികളിൽനിന്നു് കർഷകർക്കു് അവരുടെ സ്വഭൂമിയിൽ നട്ടുപിടിപ്പിക്കുന്നതിനുള്ള ഫലവൃക്ഷത്തൈകൾ ലഭിക്കുന്നു.

കഴിഞ്ഞ ചില കൊല്ലക്കാലത്തിനിടയ്ക്കു് കൂട്ടുകൃഷികളങ്ങൾ വളരെ വളർന്നിട്ടുണ്ടെന്നും, കൂട്ടുകൃഷികളങ്ങളിലെ ജോലിയിൽനിന്നു് കർഷകർക്കു് ലഭിക്കുന്ന വരുമാനം വർദ്ധിച്ചിട്ടുണ്ടെന്നുമുള്ള വസ്തുതയെ പരിഗണിച്ചു് പല കൂട്ടുകൃഷികളങ്ങളിലേയും അംഗങ്ങളുടെ പൊതുയോഗങ്ങൾ തങ്ങളുടെ സ്വന്തമായ ഭൂമിയുടെ വലിപ്പം അല്പം കുറയ്ക്കാനും, സ്വന്തമായി വളർത്തുന്ന ആടുമാടുകളുടെ സംഖ്യയിൽ കുറവുവരുത്താനും നിശ്ചയമെടുത്തിട്ടുണ്ടു്.

സോഷ്യലിസത്തിൻെറ തത്വത്തിൻെറ അടിസ്ഥാനത്തിൽ, അദ്ധ്വാനത്തിൻെറ അളവും മേന്മയുമനുസരിച്ചാണു് കൂട്ടുകൃഷികളങ്ങളുടെ വരുമാനം വിതരണം ചെയ്യപ്പെടുന്നതു്.

കൂട്ടുകൃഷികളത്തിലെ അദ്ധ്വാനത്തിൻെറ അളവു് ജോലിദിവസ യൂണിററാണു്. കളത്തിലെ എണ്ണമററ ജോലികൾ അവയ്ക്കാവശ്യമായ അദ്ധ്വാനം, അവയുടെ സങ്കീർണ്ണത, കൂട്ടുകൃഷികളത്തെ സംബന്ധിച്ചേടത്തോളം അവയ്ക്കുള്ള പ്രാധാന്യം എന്നിവയെ ആധാരമാക്കി ഒമ്പതു് ഗ്രൂപ്പുകളായി തരംതിരിക്കപ്പെട്ടിട്ടുണ്ടു്. ഇതിലോരോ ജോലിക്കും ഒരു നിശ്ചിത ഉല്പാദനക്വോട്ടായുമുണ്ടു്. താരതമ്യേന ലഘുവായ ജോലികളുടെ പ്രതിദിന ഉല്പാദനക്വോട്ടായ്ക്കു് ഒരു ജോലിദിവസയൂണിററു് കണക്കാക്കപ്പെടുന്നു. മറെറല്ലാ ജോലികൾക്കും 0.1, 0.5, 0 75, 1.25, 1 5, 1.75, 2.0, 2 25, 2.5 എന്നിങ്ങനെ കുറവോ കൂടുതലോ ആകാം. ഒരു ജോലി എത്രയ്ക്കു് കൂടുതൽ വിഷമകരവും സങ്കീർണ്ണവും പ്രധാനവുമായിരിക്കുന്നുവോ, അതു് ചെയ്യുന്നതിനു് അത്രയ്ക്കു് കൂടുതൽ ജോലിദിവസയൂണിററുകൾ കണക്കാക്കപ്പെടുന്നതായിരിക്കും. ഒരു ജോലിദിവസത്തിനിടയ്ക്കു് ഒരു കർഷകനു് അയാൾ ചെയ്യുന്ന ജോലിയുടെ സ്വഭാവവും അയാളുടെ ഉല്പാദനക്വോട്ടായുടെ പൂർത്തിയാക്കലുമനുസരിച്ചു് ഒരു ജോലിദിവസ യൂണിറേറാ അതിൽ കുറവോ, പല ജോലിദിവസയൂണിററുകളോ സമ്പാദിക്കാൻ കഴിയും. ജോലിദിവസയൂണിററു് എന്നു് പറയുന്നതു് കൂട്ടുകൃഷികളത്തിൽ ചെയ്യപ്പെട്ട മൊത്തം അദ്ധ്വാനത്തിൻെറയും, അതിൻെറ മേന്മയുടെയും ഈ അദ്ധ്വാനത്തിനുള്ള പ്രതിഫലത്തിൻെറയും ഒരു അളവാണു്. കൂടുതൽ ജോലിദിവസയൂണിററുകൾ സമ്പാദിക്കുന്നയാളിനു് കൂടുതൽ പ്രതിഫലം നല്കപ്പെടും. ഇതിനു് പുറമെ, നി

ശ്ചിത ധാന്യവിളവും, ആട്-മാട് വളർത്തലിലെ ഉല്പാദന ക്ഷമതയും നേടാൻ കഴിയുന്നവർക്ക് ബോണസ്സ് നല്കപ്പെടുകയും ചെയ്യുന്നു.

അദ്ധ്വാനത്തിനുള്ള പ്രതിഫലം കൂട്ടുകൃഷിക്കളത്തിന്റെ വിജയങ്ങളെ തന്നെ ആശ്രയിച്ചിരിക്കുന്നു. അതിന്റെ വരുമാനം കൂടുന്നതനുസരിച്ച്, ഓരോ ജോലി ദിവസത്തിനും നല്കപ്പെടുന്ന പണവും ഉല്പന്നങ്ങളും കൂടിയിരിക്കും. അതുകൊണ്ട് മെച്ചമായി ജോലിചെയ്യുന്നതിലും, കൂട്ടുകൃഷിക്കളത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ഓരോ കൂട്ടുകൃഷിക്കാരനും താല്പര്യമുണ്ട്; എന്തെന്നാൽ, ഇതുകൊണ്ട് അയാളുടെ അദ്ധ്വാനത്തിനുള്ള പ്രതിഫലനിരക്ക് വർദ്ധിക്കുകയും അയാളുടെ കുടുംബത്തിന് മെച്ചമായൊരു ജീവിതം സാദ്ധ്യമാവുകയും ചെയ്യുന്നു നിശ്ചിത തീയതികളിൽ പല തവണകളായിട്ടാണ് വരുമാനം വിതരണം ചെയ്യപ്പെടുന്നതു്. തുടക്കത്തിൽ, ഓരോ മാസത്തിലും കൂട്ടുകൃഷിക്കാർക്ക് മുൻകൂർ പ്രതിഫലം ലഭിക്കുന്നു; ബാക്കിയുള്ളതു് വർഷാവസാനത്തിൽ സാമ്പത്തിക ഫലങ്ങൾ വിലയിരുത്തിക്കഴിഞ്ഞശേഷവും നല്കപ്പെടുന്നു. ഉദാഹരണത്തിന്, ഷോസ്റ്റ്ക്കാ ജില്ലയിലെ "ബോൾഷെവിക്" കൂട്ടുകൃഷിക്കളത്തിൽ എല്ലാ മാസവും 20-നും 25-നുമിടയ്ക്കാണ് മുൻകൂർ പ്രതിഫലം ലഭിക്കുന്നതു്. ഉല്പാദന നിലവാരത്തിൽ വളരെ മുന്തിനില്ക്കുന്ന ഏററവും വിജയകരങ്ങളായ കൂട്ടുകൃഷിക്കാരുടെ വരുമാനം വർഷന്തോറും കൂടിക്കൂടി വരികയാണ്.

കൂട്ടുകൃഷിക്കളത്തിന്റെ നടത്തിപ്പ് ജനാധിപത്യ തത്വങ്ങളെ ആധാരമാക്കിയുള്ളതാണ്.

കളത്തിലെ അംഗങ്ങളുടെ പൊതുയോഗം സഹകരണ സംഘത്തിന്റെ നിയമാവലിയെപ്പററി പര്യാലോചിച്ച് അംഗീകരിക്കുകയും, അതിന്റെ ഭരണ സമിതിയേയും കൂട്ടുകൃഷിക്കളം ചെയർമാനേയും ഓഡിററിംഗ് കമ്മീഷനേയും തിരഞ്ഞെടുക്കുകയും, ഉല്പാദന പദ്ധതികൾ ചർച്ചനടത്തുകയും, ഭരണ സമിതിയുടെയും ഓഡിററിംഗ് കമ്മീഷന്റെയും റിപ്പോർട്ട് കേൾക്കുകയും ചെയ്യുന്നു. അംഗങ്ങളുടെ പൊതുയോഗം സാധാരണയായി കൊല്ലത്തിൽ 3—4 പ്രാവശ്യവും, ഭരണസമിതിയോഗം മാസത്തിൽ രണ്ട് പ്രാവശ്യവും കൂടുന്നു.



യുക്രെയിനിലുള്ള വൊറോഷിലോവ് കൂട്ടുകൃഷിക്കളത്തിൽ കൊമ്പയിൽ നടത്തുകാർ വിശ്രമത്തിലേപ്പെട്ടിരിക്കുകയാണ്

ഭരണ സമിതി കളത്തിന്റെ ദൈനംദിന കാര്യങ്ങൾ നടത്തുന്നു. സാമ്പത്തിക നടത്തിപ്പ്, ജീവനക്കാരുടെ തിരഞ്ഞെടുപ്പും നിയമനവും, കൂട്ടു് കൃഷിക്കാരുടെ സാംസ്കാരികവും തൊഴിൽപരവുമായ വിദ്യാഭ്യാസം, കായിക പരിശീലനത്തിനും സ്പോട്ട്സിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, അമച്വർ കലാപ്രവർത്തനങ്ങൾ, ഗ്രാമത്തിലെ അഭിവൃദ്ധി പദ്ധതികൾ, ഭവനനിർമ്മാണത്തിലെ അഭിവൃദ്ധി, കിൻറർ ഗാഡ്നുകൾക്കും ശിശുവിദ്യാലയങ്ങൾക്കുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവ ഇതിന്റെ പ്രവർത്തനത്തിൽ പെടുന്നു.

# 7

# കഷകരുടെ ജീവിതത്തിലെ മാററങ്ങൾ

സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ വികസിച്ചിരുന്ന സോവിയററു് കൃഷി രണ്ടാം സാമ്രാജ്യത്ത യുദ്ധത്തിനു് മുൻപു് വളരെ ഉയന്ന നിലവാരത്തിൽ എത്തിയിരുന്നു.

1927 നും 1929 നുമിടയ്ക്കു് മൊത്ത കാഷികോല്പാദനത്തിലുള്ള വാഷിക വധനവു് 0.9 ശതമാനമായിരുന്നതു് 1933-37 ആയപ്പോഴേയ്ക്കും 9 ശതമാനമായി ഉയന്നിരുന്നു. യുദ്ധത്തിനു് തൊട്ടു് മുൻപു് സോഷ്യലിസ്റ്റ് കൃഷി 1913 നേക്കാൾ ഏതാണ്ടു് അൻപതു് ശതമാനത്തിലേറെ ധാന്യവും, 250 ശതമാനത്തിലധികം പരുത്തിയും, 200 ശതമാനത്തിലധികം കരിമ്പും ഉല്പാദിപ്പിച്ചിരുന്നു.

വിപ്ലവത്തിനു് മുൻപു് കഷക കുടുംബമൊന്നിനു് പ്രതിവഷം ഉല്പാദിപ്പിച്ചിരുന്നതു് ശരാശരി 2.3 ടണ്ണായിരുന്നു. അതേ സമയം രണ്ടാം ലോകമഹായുദ്ധത്തിനു് മുൻപു് കൂട്ടകൃഷികളങ്ങളിൽ കഷക കുടുംബമൊന്നിനുള്ള ഉല്പാദനം ശരാശരി 5.9 ടണ്ണായി ഉയന്നിരുന്നു.

കൂട്ടകൃഷികളങ്ങളുടെ പുരോഗതി കൂട്ടകൃഷിക്കാരുടെ ക്ഷേമൈശ്വര്യം ത്വരിതഗതിയിൽ വദ്ധിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. സാറിസ്റ്റ് റഷ്യയിൽ അൻപതു് ശതമാനത്തിലധികം കഷക കുടുംബങ്ങൾക്കു് അടുത്ത വിളവെടുപ്പു്വരെ ഞെരുങ്ങി കഴിയാൻപോലും വേണ്ടത്ര ധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ, 1938 ലെ വിളവെടുപ്പു്കാലത്തു് കൂട്ടകൃഷിക്കാരുടെ കുടുംബങ്ങളിൽ ആളൊന്നുക്കു് ശരാശരി കാൽ ടൺ വീതം ധാന്യസ്റ്റോക്കുണ്ടായിരുന്നു.

ലക്ഷക്കണക്കിന്ന് കർഷക കുടുംബങ്ങൾക്ക് ധാന്യം കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ 8 മുതൽ 25 ടൺ വരെ ധാന്യം ലഭിച്ചു. പരുത്തി, കരിമ്പ്, ചണ, മുന്തിരി, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യുന്ന പ്രദേശങ്ങളിലും, ആട്മാട് വളർത്തുന്ന പ്രദേശങ്ങളിലും അവക്ക് ശതസഹസ്രക്കണക്കിന്ന് റൂബിൾ വീതവും ലഭിച്ചു.

വിപ്ലവത്തിന്ന് മുൻപുള്ള റഷ്യയിൽ സാധു കർഷകരുടേയും ഇടത്തരം കർഷകരുടേയും കുടുംബങ്ങളിലെ ആളൊന്നുക്കുള്ള ഉപഭോഗം 100 ആയിരുന്നുവെന്ന് നാം സങ്കല്പിക്കുകയാണെങ്കിൽ, യുദ്ധത്തിന്ന് മുൻപ് കൂട്ടുകൃഷിക്കാർക്കിടയിലെ ആളൊന്നുക്കുള്ള ഉപഭോഗത്തിന്റെ കണക്ക് ഇപ്രകാരമായിരുന്നു: റൊട്ടിയും പയറുവർഗ്ഗങ്ങളും—125, പച്ചക്കറികളും പഴങ്ങളും—147, പാലും ക്ഷീരോല്പന്നങ്ങളും—148, മാംസവും പന്നിക്കൊഴുപ്പും—179, ഉരുളക്കിഴങ്ങ്—180, മുട്ട—400.

കൂട്ടുകൃഷിക്കാർക്ക് വില്പന നടത്തപ്പെട്ട ഫാക്ടറി നിർമ്മിതസാധനങ്ങൾ ആറുകൊല്ലത്തിനിടയ്ക്ക് (1933-38) വർദ്ധിച്ചതിന്റെ കണക്ക് ഇപ്രകാരമായിരുന്നു: ചെരിപ്പ്-63 ശതമാനം, കമ്പിളി ഉടുപ്പുകളും പരുത്തിവസ്ത്രങ്ങളും-170 ശതമാനം, പിഞ്ഞാണ സാമാനങ്ങളും മററു വീട്ടുപകരണങ്ങളും-315 ശതമാനം, വളരെക്കാലം പഴക്കം നില്ക്കുന്ന സാധനങ്ങൾ (പുസ്തകം, സ്പോർട്ട്സ് ഉപകരണങ്ങൾ, സംഗീത ഉപകരണങ്ങൾ, ക്യാമറ, റേഡിയോ തുടങ്ങിയവ) 492 ശതമാനം.

നിരക്ഷരത്വം തുടച്ചുനീക്കിയതിന്റെയും, സാംസ്കാരിക നിലവാരത്തിലുണ്ടായ അഭിവൃദ്ധിയുടെയും ഫലമായി കർഷകർക്ക് ആധുനിക കാർഷികയന്ത്രങ്ങളുടെ പ്രവർത്തനവും, ഉയർന്നതരം കൃഷി സമ്പ്രദായങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞു. 1938-ൽ കാർഷിക രംഗത്ത് ട്രാക്ടർ ഡ്രൈവർമാർ, കൊയ്ത്ത് യന്ത്രം നടത്തിപ്പുകാർ, ട്രാക്ടർ ടീം നേതാക്കന്മാർ, ഡ്രൈവർമാർ, മെക്കാനിക്കുകൾ, കൃഷി ശാസ്ത്രജ്ഞർ, മൃഗവളർത്ത് വിദഗ്ദ്ധന്മാർ, മൃഗഡോക്ടറന്മാർ തുടങ്ങി കോളേജ് പരിശീലനവും സെക്കൻററി വിദ്യാഭ്യാസവും സിദ്ധിച്ച 15 ലക്ഷം പേരുണ്ടായിരുന്നു. 1914-ൽ വിപ്ലവത്തിന്ന് മുൻപുള്ള റഷ്യയിൽ സ്റ്റേററ് സർവ്വീസിലും മററും കൂടി ആകെ 2100-ൽ അധികം കൃഷിശാസ്ത്രജ്ഞന്മാർ ഉണ്ടായിരുന്നില്ല. 1938-ൽ സോവിയററ് റഷ്യയിൽ അവരുടെ സംഖ്യ 107200 ആയി ഉയർന്നു.

വിവിധ ഉല്പാദന ശാഖകളിലും, സാംസ്കാരിക-ആരോഗ്യ സേവന വിഭാഗങ്ങളിലുമുള്ള അസംഖ്യം വിദഗ്ധന്മാരും, ഗവമെൻറിലെയും സാമ്പത്തിക ശാഖയിലേയും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരും സോവിയററു് ഭരണകാലത്തു് കർഷകക്കിടയിൽനിന്നു് പരിശീലിപ്പിക്കപ്പെട്ടവരായിരുന്നു. ഉദാഹരണത്തിനു്, വിപ്ലവത്തിനു് മുൻപുള്ള 50 കൊല്ലത്തിനിടക്കു് (1867—1917) തുർലേവ എന്ന ബഷ്കീർ ഗ്രാമത്തിൽനിന്നു് ഏഴു് പുരോഹിതരും, 3 ഉദ്യോഗസ്ഥന്മാരും, 3 സൈനിക ഓഫീസർമാരുമാണു് ഉയന്നു് വന്നതെങ്കിൽ, വിപ്ലവത്തിനു് ശേഷമുള്ള 20 കൊല്ലംകൊണ്ടു് അതേ ഗ്രാമവാസികൾക്കിടയിൽനിന്നു് 22 അദ്ധ്യാപകരേയും, ഇഞ്ചിനീയർമാരേയും, കൃഷിശാസ്ത്രജ്ഞരേയും, 4 വനവിദഗ്ധരേയും, 3 ഫാക്ടറി ഡയറക്ടർമാരേയും, ഒരു ഡോക്ടറേയും, 29 കണക്കപ്പിള്ളമാരേയും, 30 ടെലഗ്രാഫ് ഓപ്പറേററർ മാരേയും, 15 മെക്കാനിക്കുകളേയും, 50 വൈദ്യുത വിദഗ്ധന്മാരേയും പരിശീലിപ്പിച്ചെടുക്കുകയുണ്ടായി. ഇത്തരമുള്ള ഉദാഹരണങ്ങൾ എവിടെ നോക്കിയാലും കാണാൻ കഴിയും. കഷ്കരുടെ ജീവിതത്തിൽ മൗലികമായ പരിവത്ത്നം ഉണ്ടായിരിക്കുന്നു.

# 8

# കൂട്ടകൃഷികളങ്ങൾ രണ്ടാം ലോക മഹായുദ്ധകാലത്ത്

രണ്ടാം ലോകമഹായുദ്ധം സോവ്യീയററു് യൂണിയൻെറ സമ്പദ് വ്യവസ്ഥയ്ക്കു് പ്രത്യേകിച്ചു് കൃഷിയ്ക്കു് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തി. ഫാസിസ്റ്റ് കൊള്ളക്കാർ 70000 ഗ്രാമങ്ങളും,98000 കൂട്ടകൃഷികളങ്ങളും, 1876 സ്റ്റേററു് കളങ്ങളും, 2890 മെഷീൻ ട്രാക്ടർ സ്റ്റേഷനുകളും തകത്തു് തരിപ്പണമാക്കുകയും, 170 ലക്ഷം കന്നുകാലികളേയും, 270 ലക്ഷം ആടുകളേയും, എണ്ണമററ കോഴികളേയും കൊന്നൊടുക്കുകയും ചെയ്തു.

യുദ്ധം കൂട്ടകൃഷി വ്യവസ്ഥയുടെ ഒരു അഗ്നിപരീക്ഷണവും, അതിൻെറ നിലനില്ക്കാനുള്ള കഴിവിൻെറ ചരിത്ര പരിശോധനയുമായിരുന്നു. യുദ്ധകാലവഷങ്ങൾ ചെറുകിട വ്യക്തിഗതമായ കൃഷിയേക്കാൾ കൂട്ടകൃഷിക്കുള്ള മെച്ചം വളരെയധികം സ്പഷ്ടമാക്കി. ഒന്നാം ലോകമഹായുദ്ധകാലത്തു്, യുദ്ധത്തിൽനിന്നു് രക്ഷപെട്ടിരുന്ന ഉൾപ്രദേശത്തെ കൃഷിനിലങ്ങളുടെ വിസ്തീണ്ണം ചുരുങ്ങി. സോവിയററു് ഭരണത്തിനിടയ്ക്കു് രണ്ടാം ലോകമഹായുദ്ധം വന്നപ്പോൾ ഈ പ്രദേശങ്ങൾ വിപുലീകരിക്കപ്പെട്ടു. ഒന്നാം ലോകമഹായുദ്ധം തുടങ്ങി രണ്ടുകൊല്ലത്തിനുശേഷം, യുദ്ധരംഗത്തുനിന്നു് വളരെ വളരെ അകലെയായിരുന്ന നിഷ്നി നോവ് ഗോരദ്ഗുബേർണിയയിലെ (ഇപ്പോഴത്തെ ഗോക്കി പ്രദേശം) 218,000 ഹെക്ടർ ഭൂമിയിൽ കൃഷിയില്ലാതായി. അതേ സമയം, രണ്ടാം ലോകമഹായുദ്ധകാലത്തു് ഇവിടെ 156C00 ഹെക്ടർ (ഒരു ഹെക്ടർ—രണ്ടര ഏക്ര) ഭൂമിയിൽ പുതുതായി കൃഷി ചെയ്യപ്പെട്ടു.

ഹിററ്ലർപ്പടയുടെ ആക്രമണത്തിനു് വിധേയമായിരുന്ന പ്രദേശങ്ങളിൽ കടുംബമൊന്നിനുള്ള ശരാശരി ഭൂമി 1940-ൽ 6.3 ഹെക്ടർ ആയിരുന്നതു് 1942-ൽ 7 ഹെക്ടറായി വദ്ധിച്ചു.

യുദ്ധകാലവർഷങ്ങളിൽ കൂട്ടുകൃഷിക്കാർ നിസ്വാർത്ഥമായ സേവനത്തിന്റെയും ഉറച്ച സോഷ്യലിസ്റ്റ് അച്ചടക്കത്തിന്റെയും വിശിഷ്ടതരമായ മാതൃകകൾ പ്രദർശിപ്പിക്കുകയുണ്ടായി. യുദ്ധത്തിന് വേണ്ടി സമരഭൂമിയിലേയ്ക്കു് പോയിരുന്ന പുരുഷന്മാരുടെ സ്ഥാനം കർഷകസ്ത്രീകൾ ഏറ്റെടുത്തു. യുദ്ധം തുടങ്ങിയതിന് ശേഷമുള്ള ആദ്യത്തെ രണ്ടു് വർഷങ്ങളിൽ സ്ത്രീകളായ ട്രാക്ടർ ഡ്രൈവർമാരുടെ സംഖ്യ നാലു ശതമാനത്തിൽനിന്നു് 45 ആയും, കൊയ്ത്തു് യന്ത്രം നടത്തിപ്പുകാരുടേതു് 6-ൽനിന്നു് 43-ശതമാനം ആയും വർദ്ധിച്ചു.

അക്ട്രാബ്രിയാ കൂട്ടുകൃഷികളത്തിലെ (യുക്രേനിയ,
ഒരു റേഡിയോറിലേ കേന്ദ്രം.



സൈന്യത്തിനും ജനങ്ങൾക്കും കൂടുതൽ ഭക്ഷണം നൽകുന്നതിനുവേണ്ടി കൂട്ടുകൃഷി കളങ്ങൾ 'സോവിയററു് സൈനികഫണ്ടിലേയ്ക്കു്' കൂടുതൽ ഭൂമി കൃഷിചെയ്യുകയും, ഏററവും നല്ല കുതിരകളേയും കന്നുകാലികളേയും വളർത്തി സ്റ്റേററിനു് നൽകുകയും ചെയ്തു.

യുദ്ധത്തിൻെറ അവർണ്ണനീയമായ പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടും സോഷ്യലിസ്റ്റ് കൃഷി ജനങ്ങൾക്കും സൈന്യത്തിനും വേണ്ട ഭക്ഷണസാധനങ്ങൾ നൽകുകതന്നെ ചെയ്തു. രണ്ടാം യുദ്ധത്തിൻെറ നാലുകൊല്ലത്തിനിടയ്ക്കു് (1941—1944) സോഷ്യലിസ്റ്റ് കൃഷി ഒന്നാം യുദ്ധത്തിൻെറ നാലുകൊല്ലക്കാലത്തു് (1914—1917) നല്ലപ്പെട്ടതിൻെറ മൂന്നു് മടങ്ങ് ധാന്യം സപ്ലൈ ചെയ്തു.

ആക്രമണം കൊണ്ടു് നശിച്ച പ്രദേശങ്ങളിൽ കൃഷിയ്ക്കു് ആനാശത്തിൽനിന്നു് കരകയറുന്നതിനു് വളരെക്കാലം പിടിച്ചേക്കുമെന്നാണു് പലരും കരുതിയതു്. എന്നാൽ വെറും മൂന്നുവർഷം കൊണ്ടു് ധാന്യോൽപ്പാദനം യുദ്ധത്തിനു് മുമ്പുള്ള നിലയെ പ്രാപിച്ചു.

യു. എസ്സ്. എസ്സ്. ആർ. ൽ 1947-ൽ ഭക്ഷണത്തിൻെറയും മററു് സാധനങ്ങളുടേയും റേഷൻ സമ്പ്രദായം ഉപേക്ഷിക്കപ്പെട്ടു. യുദ്ധം കഴിഞ്ഞയുടൻ തന്നെ, ഹിററ്ലറുടെ അധിനിവേശംമൂലം നശിപ്പിക്കപ്പെട്ടിരുന്ന കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്കു് ഭക്ഷണം നല്കി അവരെ സഹായിക്കാൻ കഴിയുന്ന ഒരു നിലയിലേയ്ക്കു് സോവിയററു് യൂണിയൻ എത്തിച്ചേരുകയുമുണ്ടായി. ഒന്നാം ലോകമഹായുദ്ധത്തിനും അഭ്യന്തരയുദ്ധത്തിനും ശേഷം യുദ്ധത്തിനുമുമ്പുള്ള ധാന്യോല്പാദന നിലവാരത്തിലെത്തിച്ചേരാൻ—അന്നും യു. എസ്സ്. എസ്സ്. ആർ. ൽ ചെറുകിട വ്യക്തിപരമായ കൃഷിയായിരുന്നു നടപ്പിലുണ്ടായിരുന്നതു്—ആറുകൊല്ലം വേണ്ടിവന്നുവെന്നു് അനുസ്മരിക്കുന്നതു് ഇവിടെ അനുചിതമായിരിക്കുകയില്ലല്ലൊ? ഒന്നാം യുദ്ധത്തിനുശേഷം ഫ്രാൻസിൽ ഈ നിലവാരത്തിൽ എത്തിച്ചേർന്നതു് 11 കൊല്ലം കൊണ്ടും, ജർമ്മനിയിൽ 16 കൊല്ലംകൊണ്ടുമാണു്.

പഴയ കെട്ടുതികൾ നീക്കി പൂർവ്വസ്ഥിതിയെ പ്രാപിച്ച സോഷ്യലിസ്റ്റ് കൃഷിക്കു് പുതിയതും, കുറേക്കൂടി ഭാരിച്ചതുമായ കടമകളേയാണു് നേരിടേണ്ടിവന്നതു്.

# 9

# ഗണ്യമായൊരു പുരോഗതി

അഞ്ചാം പഞ്ചവത്സരപദ്ധതി (1950-55) കാർഷിക രംഗത്തു വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കി. മൊത്തധാന്യോല്പാദനം 31 ശതമാനവും, കരിമ്പ് 49ശതമാനവും, മാംസോല്പാദനം 30ശതമാനവും, പാല് 22ശതമാനവും വർദ്ധിച്ചു. കൂട്ടുകൃഷിക്കാരുടെ യഥാർത്ഥ വരുമാനം അൻപതു ശതമാനത്തോളം കൂടുതലായി. ഈ ഉല്പാദന വർദ്ധനവെല്ലാമുണ്ടായിട്ടും പഞ്ചവത്സരപദ്ധതിയുടെ നിശ്ചിതലക്ഷ്യത്തിലെത്തിച്ചേർന്നിരുന്നില്ല. സോവിയററു് കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മററി 1953-55ലെ അതിൻെറ പ്ലീനറി യോഗങ്ങളിൽവെച്ച് കൃഷിയുടെ നടത്തിപ്പിലുള്ള ഗൗരവതരമായ കുറവുകൾ എടുത്തു കാണിക്കുകയും, ഈ കുറവുകൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശുപാർശ നടത്തുകയും ചെയ്തു.

കാർഷികോല്പാദനത്തിലെ വർദ്ധനനിരക്ക് വ്യവസായത്തിൻെറയും, നഗരത്തിലെ ജനസംഖ്യാവർദ്ധനവിൻെറയും വളരെ പിന്നിലായിരുന്നു. 1940 നും 1952നുമിടയ്ക്ക് വ്യാവസായികോല്പാദനം 13൦ശതമാനം കണ്ടു് ഉയർന്നപ്പോൾ കാർഷികോല്പാദനം 10ശതമാനം മാത്രമാണ് വർദ്ധിച്ചതു്. വ്യാവസായിക പുരോഗതിയും നഗരങ്ങളിലെ ജനസംഖ്യാവർദ്ധനവും കാർഷിക അസംസ്കൃത വിഭവങ്ങളുടേയും ഭക്ഷ്യസാധനങ്ങളുടേയും ആവശ്യകത വളരെ വർദ്ധിപ്പിച്ചു.

ഈ വിടവ് നികത്തുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയും സോവിയററു് ഗവമെണ്ടും ചേർന്ന് കൃഷിയിൽ ഗണ്യമായ പുരോഗതി വരുത്തുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ചു. 1956 ഫെബ്രുവരി മാസത്തിൽ ചേർന്ന സോവിയററു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഇരുപതാം കോൺഗ്രസ്സ് ചർച്ച് ചെയ്ത യു. എസ്. എസ്. ആർ. ദേശീയ സമ്പദ്വ്യവസ്ഥയുടെ വികസനത്തിനുള്ള ആറാം പഞ്ചവത്സരപദ്ധതിയിൽ ഈ പരിപാടി ഉൾക്കൊള്ളിക്കപ്പെട്ടു. 1960-ഓടുകൂടി മൊത്തധാന്യോല്പാദനം 1800 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കണമെന്നും, മാംസം, ക്ഷീരോല്പന്നങ്ങൾ തുട

ങ്ങിയവയുടെ ഉല്പാദനം 10ശതമാനം ഉയർത്തണമെന്നും അതിൽ പറഞ്ഞിട്ടുണ്ട്. കാർഷികോല്പാദനത്തിലെ പ്രതിവർഷ ശരാശരി വർദ്ധനവ് 11ശതമാനത്തിലധികമായിരിക്കും.

ആറാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ഉല്പാദിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്ര ധാന്യം സോവിയററ് യൂണിയനിൽ ഇതിന് മുൻപൊരിക്കലും ഉണ്ടായിട്ടില്ല. വിപ്ലവത്തിന് മുൻപുള്ള റഷ്യയിൽ, കാലാവസ്ഥ ഏററവും അനുകൂലമായിരുന്ന കൊല്ലങ്ങളിൽപ്പോലും ധാന്യവിള 800 ലക്ഷം ടണ്ണിന് മുകളിൽ പോയിരുന്നില്ലെന്ന് പറയുമ്പോൾ ഇതിൻെറ അന്തരം കാണാൻ കഴിയുന്നതാണ്.

ഇതെങ്ങനെയാണ് നേടാൻ കഴിയുക?

ഒന്നാമത്, വിളവർദ്ധനവ് വഴി തന്നെ പല സ്റ്റേററ് കളങ്ങളും കൂട്ടുകൃഷികളങ്ങളും ഇപ്പോൾ തന്നെ ഹെക്ടറിന് രണ്ട് മുതൽ അഞ്ച് വരെ ടൺ ധാന്യം ഉല്പാദിപ്പിക്കുന്നുണ്ട്. എന്നാൽ, ഹെക്ടറിന് ഒരു ടണ്ണിലധികം വിളയുണ്ടാകാത്ത വളരെയധികം പ്രദേശങ്ങൾ ഇപ്പോഴുമുണ്ട്. അതിനാൽ, മെച്ചപ്പെട്ട ശാസ്ത്രീയ സാങ്കേതിക കൃഷി സമ്പ്രദായങ്ങൾ വഴി വിളവർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് വമ്പിച്ച പ്രധാന്യം കല്പിക്കപ്പെട്ടുന്നുണ്ട്.

രണ്ടാമത്, വിളവെടുപ്പ് കാലത്തുണ്ടാകുന്ന പാഴ്ചിലവ് കുറക്കുന്നതു വഴി കൊയ്ത്ത് നടക്കുന്ന കാലയളവ് നീട്ടിക്കൊണ്ട് പോകുന്നതുമൂലം പല സ്റ്റേററ് കളങ്ങൾക്കും കൂട്ടുകൃഷി കളങ്ങൾക്കും മിക്കപ്പോഴും 25 ശതമാനത്തിലധികം വിളനഷ്ടപ്പെടാറുണ്ട്. അതുകൊണ്ട് കൊയ്ത്തുകാലം 7-10 ദിവസമാക്കി പരിമിതപ്പെടുത്തുകയെന്നതാണ് കൃഷിയെ അഭിമുഖീകരിക്കുന്ന ചുമതല. അങ്ങനെതന്നെ അനേകലക്ഷം ടൺ ധാന്യം കൂടുതലായി ലഭിക്കും.

മൂന്നാമത്, ചോളം കൃഷിചെയ്യുന്ന വയലുകളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതു് വഴി. 1953-ൽ 3,500,000 ഹെക്ടർ സ്ഥലത്താണ് ചോളം കൃഷിചെയ്യപ്പെട്ടിരുന്നതു്. 1960ൽ ഇതു് 280 ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിക്കാനാണ് പ്ലാൻ ചെയ്തിരിക്കുന്നതു്.

ഇതിനെല്ലാമുപരി 1953ൽ സോവിയററ് യൂണിയനിൽ അഭൂതപൂർവ്വമായ തരത്തിലുള്ള വിപുലമായ ഒരു പ്രവർത്തനം ആരംഭി

ക്കുകയുണ്ടായി; വളരെ ചുരുങ്ങിയ ഒരു സമയത്തിനുള്ളിൽ 230-300ലക്ഷം ഹെക്ടർ ഭൂമി തെളിച്ചെടുത്തു് കൃഷിക്കു് ഉപയോഗയോഗ്യമാക്കുകയെന്നതായിരുന്നു ഈ പ്രവർത്തനം. കസ്സാക്കു് റിപ്പബ്ലിക്കിലേയും സൈബീരിയയിലേയും പുൽത്തകിടികളിലും രാജ്യത്തിന്റെ മററു് പല ഭാഗങ്ങളിലും അനേക സംവത്സരങ്ങളായി വിശാലമായ ഭൂവിഭാഗങ്ങൾ തരിശായി കിടന്നിരുന്നു. ഇവയിൽ ചിലതു് കുറേ കൊല്ലങ്ങളായി കൃഷി ചെയ്യപ്പെടാതെ കിടന്നിരുന്നതാണെങ്കിൽ, മററു് ചിലതു് കലപ്പയുടെ സ്പർശനമേ ഏററിട്ടില്ലാത്തതായിരുന്നു. ചില പ്രദേശങ്ങൾ മേച്ചിൽ സ്ഥലങ്ങളായി ഉപയോഗിക്കപ്പെട്ടു് വരികയായിരുന്നു.

1954ലെ വസന്തത്തിലാണു് പുതുഭൂമിയും തരിശുഭൂമിയും തെളിച്ചെടുക്കുന്ന പ്രവർത്തനം ആരംഭിക്കപ്പെട്ടതു്. കമ്യൂണിസ്റ്റ് പാർട്ടിയുടേയും സോവിയററു് ഗവമ്മെണ്ടിന്റേയും ആഹ്വാനത്തെ ആദരിച്ചുകൊണ്ടു് സോവിയററു് യൂണിയന്റെ യൂറോപ്യൻ ഭാഗത്തുള്ള ജനനിബിഡമായ നഗരങ്ങളിലും ഗ്രാമങ്ങളിലുംനിന്നു് 350,000 ത്തോളം സോവിയററു് ദേശാഭിമാനികൾ, പ്രത്യേകിച്ചു് യുവാക്കൾ കിഴക്കൻപ്രദേശത്തെ ഈ ഭൂമി തെളിച്ചെടുക്കൽ പ്രവർത്തനത്തിൽ സഹായിക്കാൻ സ്വയം സന്നദ്ധരായി.

സ്വാഭാവികമായും, അതു് അത്ര എളുപ്പമുള്ള ജോലിയായിരുന്നില്ല. സൈബീരിയയിലും കസ്സാക്കിസ്ഥാനിലുമുള്ള ചില പുൽമൈതാന പ്രദേശങ്ങൾ നൂറുകണക്കിനു് കിലോമീററർ പ്രദേശത്തോളം് വ്യാപിച്ചു് കിടക്കുന്നുണ്ടു്.

ആദ്യകാലത്തു്, ഇതിലേക്കു് തിരിച്ചിരുന്ന സന്നദ്ധസേവകർ ടെൻറുകളിലാണു് താമസിച്ചിരുന്നതു്. പുതുഭൂമി ഉഴുകയും, അവിടെ വിതക്കുകയും ചെയ്യുന്നതിനിടക്കു്തന്നെ അവർ വീടുകളും കളപ്പുരകളും മററും നിർമ്മിക്കുകയും, കിണറുകൾ കുഴിക്കുകയും ബേക്കറികളും ക്ലബ്ബുകളും സ്റ്റോറുകളും സ്ഥാപിക്കുകയും;പഴത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുകയും, മുൻപു് ജനവാസമില്ലാതിരുന്ന ആ പ്രദേശത്തു്ഉയർന്നുവന്ന പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും തെരുവുകളുടെ ഇരുവശങ്ങളിലും വൃക്ഷങ്ങൾ നടുകയുംചെയ്തു.

സോവിയററു് ഗവമ്മെൻറു് ഈ പുതിയ വാസക്കാർക്കു് കൃഷിയന്ത്രങ്ങളും കെട്ടിടനിർമ്മാണ സാമഗ്രികളും വിത്തും വളവും ഭക്ഷ്യസാധനങ്ങളും, അങ്ങിനെ ചുരുക്കത്തിൽ ഒരു പുതിയ ജീവിതം ആരംഭിക്കുന്നതിനാവശ്യമായ സർവ്വവും നല്കി സഹായിച്ചു.



ഉസ്ബെകിസ്ഥാനിലെ ഒരു പ്രമുഖ പരുത്തികൃഷിക്കാരൻ മോസ്കോ
കൃഷിവിദഗ്ദ്ധരോട് താൻ കണ്ടുപിടിച്ച പുതിയതരം
പരുത്തിയെപ്പററി വിശദീകരിക്കുന്നു.

അവക്ക് രണ്ടു് ലക്ഷം ട്രാക്ടറുകളും, ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള ബത്ത (അലവൻസും)യും, സൗജന്യമായ റെയിൽവെ പാസ്സും, സ്വന്തം വീടുകൾ നിർമ്മിക്കുന്നതിനും വീട്ടുസാമാനങ്ങൾ വാങ്ങുന്നതിനുമുള്ള വായ്പകളും ലഭിച്ചു.

മൂന്നു് കൊല്ലംകൊണ്ടു് കിഴക്കൻ പ്രദേശങ്ങളിൽ 355 ലക്ഷം ഹെക്ടർ പുതുഭൂമിയും തരിശുഭൂമിയും കൃഷിക്കുപയോഗമാക്കപ്പെട്ടു.

ഇപ്രകാരം തെളിച്ചെടുക്കപ്പെട്ട ഭൂമി ഫ്രാൻസിലെയും ഇററലിയിലെയും മൊത്ത കൃഷിഭൂമിക്കു് ഏതാണ്ടു് തുല്യമാണെന്നും, ക്യാനഡായിലെ ആകെ കൃഷിഭൂമിയുടെ ഏകദേശം ഇരട്ടിയാണെന്നും പറയുമ്പോൾ ഈ പ്രവർത്തനത്തിന്റെ വൈപുല്യം വ്യക്തമാകുമല്ലോ.

ഈ ഹ്രസ്വമായ കാലയളവിനുള്ളിൽ 425 സ്റ്റേററു് കളങ്ങൾ സംഘടിപ്പിക്കപ്പെടുകയും, ഇപ്പോഴുള്ള ഒരു ഭൂപടത്തിലും

കാണാൻ സാദ്ധ്യമല്ലാത്ത നൂറുകണക്കിന് വാസകേന്ദ്രങ്ങൾ നിലവിൽവരികയും ചെയ്തു.

ഈ തെളിച്ചെടുക്കൽ പരിപാടി ആരംഭിക്കുന്നതിന് മുൻപ് സോവിയററ് യൂണിയനിലെ ഏററവും വലിയ കൂട്ടകൃഷികളം റസ്റ്റോവ് പ്രദേശത്തുള്ള "ജയൻറ്" ആയിരുന്നു. പ്രതിവർഷം 20 ലക്ഷം പൂഡ് (ഒരു പൂഡ് =36 റാത്തൽ) ധാന്യമാണ് നൽകിവന്നിരുന്നത്. ഇപ്പോൾ കസ്സാക്കിസ്ഥാനിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള അൻപതു് പുതിയ സ്റ്റേററ് കളങ്ങൾ ഓരോന്നും 1956ൽ സ്റ്റേററിലേയ്ക്കു് 2,000,000 പൂഡ് ധാന്യം വീതം വിളിക്കയുണ്ടായി. "ഷെലെസ്ന ദരഷ്നിക്ക" സ്റ്റേററ്കളം മാത്രം 40 ലക്ഷം പൂഡ് ധാന്യം നൽകുകയുണ്ടായി. നമുക്ക് ഉത്തര കസ്സാക്കിസ്ഥാനിലുള്ള ബുലുവേവ്സ്കി സ്റ്റേററ് കളത്തിൻെറ കാര്യം തന്നെയെടുക്കാം. 1954 മാർച്ച് മാസത്തിൽ ആദ്യത്തെ കുടിയേറിപ്പാർപ്പുകാർ അവിടെ ടെൻറടിക്കുന്നതിന് മുൻപ്, അതിന് സമീപത്തെങ്ങും മനുഷ്യജീവിതത്തിൻെറ ഒരു ലാഞ്ഛനപോലുമുണ്ടായിരുന്നില്ല. എന്നാൽ അവർ അവിടെ എത്തിയ ഉടൻതന്നെ അവർക്ക് കൃഷിയന്ത്രങ്ങളും, സഞ്ചരിക്കുന്ന വീടുകളും അടുക്കളകളും, മുൻകൂട്ടി തയ്യാറാക്കിയ ഭവനനിർമ്മാണസാമഗ്രികളും ലഭിച്ചു.

ഇന്നു് അവിടെയുള്ള ആ വലിയ ജനവാസകേന്ദ്രത്തിൽ 1500 പേർ അധിവസിക്കുന്നുണ്ടു്. അവിടെ ഇരുനില കെട്ടിടങ്ങളും പത്തായപ്പുരകളും, മെഷീൻ റിപ്പയർ നടത്തുന്ന സ്ഥലങ്ങളും, സ്റ്റോറുകളും, ഒരു ക്ലബ്ബും, ഗ്രന്ഥശാലയും ആശുപത്രിയും മററുമുണ്ടു്.

ഭൂമി തെളിച്ചെടുക്കൽ പ്രവർത്തനവും മേത്തരം വിളവുകളും വഴി കഴിഞ്ഞ മൂന്നു് കൊല്ലത്തിനിടയ്ക്കു് മൊത്തം ധാന്യവിളയുടെ കാര്യത്തിൽ വമ്പിച്ച വർദ്ധനവുണ്ടായിട്ടുണ്ടു്. ധാന്യവിള സൈബീരിയയിലും യുറാൾസിലും ഏതാണ്ടു് നൂറുശതമാനവും, കസ്സാക്കിസ്ഥാനിൽ 330 ശതമാനവും വർദ്ധിച്ചിട്ടുണ്ടു്. ഇന്നിപ്പോൾ ഫലഭൂയിഷ്ഠമായ യുക്രെയിനിനേക്കാൾ കൂടുതൽ ധാന്യം നൽകുന്നതു് കസ്സാക്കിസ്ഥാനാണു്.

1956ൽ കസ്സാക്കിസ്ഥാനിലെയും സൈബീരിയയിലേയും പുതുഭൂമികളിലെ വിളവെടുപ്പിൽ സഹായിക്കുന്നതിനുവേണ്ടി സോവിയററ് യൂണിയൻെറ മദ്ധ്യപ്രദേശങ്ങളിൽനിന്നു് ശതസഹസ്രക്കണക്കിന് തൊഴിലാളികളും, ഓഫീസ് ജീവനക്കാരും,

കൂട്ടകൃഷിക്കാരും വരികയുണ്ടായി (ഇവരിൽ 21000 കൊയ്ത്തുയന്ത്രം നടത്തുകാരും 20000 ലോറി ഡ്രൈവർമാരും ഉണ്ടായിരുന്നു. അതിൽതന്നെ പലരും സ്വന്തം കൊയ്ത്തുയന്ത്രങ്ങളും ലോറികളുമായിട്ടാണ് വന്നിരുന്നതു്.)

അക്കൊല്ലം സോവിയററു് യൂണിയൻ അതിൻെറ ചരിത്രത്തിലുണ്ടായിട്ടുള്ളതിൽ ഏററവും മികച്ച വിളവെടുത്തു. സ്റ്റേററിനു് 540 ലക്ഷം ടണ്ണിലധികം ധാന്യം, അതായതു് ഏററവും അനുകൂലമായ മുൻകൊല്ലത്തേക്കാൾ അൻപതു് ശതമാനം കൂടുതൽ ധാന്യം സ്റ്റോക്കു് ചെയ്യാൻ കഴിഞ്ഞു.

90000 ത്തോളം കൂട്ടകൃഷിക്കാർക്കും, ട്രാക്ടർ ഡ്രൈവർമാർക്കും, കൊയ്ത്തുയന്ത്രം നടത്തുകാർക്കും ഈ പുതിയ പ്രദേശങ്ങളിലെ മററു് കുടിയേററിപ്പാർപ്പുകാർക്കും, നിലം തെളിച്ചെടുക്കുന്നതിലുള്ള അവരുടെ നേട്ടത്തെ പുരസ്കരിച്ച് ഗവമെൻറു് ബഹുമതികൾ നല്കപ്പെട്ടു.

മദ്ധ്യേഷ്യൻ സോവിയററു് റിപ്പബ്ലിക്കുകളിലെ കൂട്ടകൃഷിക്കാരും അത്രതന്നെ മഹത്തരമായ നേട്ടം കൈവരിച്ചു. ഉസ്ബെക്കിസ്ഥാനിലെ പരുത്തിവിള സോവിയററു് ഭരണകാലത്തു് ആറിരട്ടി വർദ്ധിച്ചിട്ടുണ്ടു്. 1913 ൽ അവിടത്തെ പരുത്തി ഉല്പാദനം 518000 ടൺ ആയിരുന്നതു് 1956ൽ 2,860,0000 ടൺ ആയി വർദ്ധിച്ചു. ടർക്കിയും പാകിസ്ഥാനും ഇറാനും ബ്രസീലും കൂടി ഉല്പാദിപ്പിക്കുന്നത്ര പരുത്തി ഉസ്ബെക്കിസ്ഥാൻ ഇപ്പോൾ നല്കിവരുന്നുണ്ടു്. 1956ൽ ഒരു ഹെക്ടർ ഭൂമിയിൽനിന്നു ലഭിച്ചിരുന്ന ശരാശരി പരുത്തി ഉല്പാദനം ഇപ്രകാരമായിരുന്നു: തുർക്കുമേനിയ—1.95 ടൺ, കിർഗീസിയ—2.07 ടൺ, ഉസ്ബെക്കിസ്ഥാൻ—2.23ടൺ, താജിക്കിസ്ഥാൻ—രണ്ടരയിലധികം ടൺ. ടർക്കിയിലെ ശരാശരി പരുത്തി ഉല്പാദനം ഒരിക്കലും .78 ടണ്ണിലധികമായിരുന്നിട്ടില്ലെന്നും, യു. എസ്സ്. ഏ.യിൽ ഇതു് 0.93 ടണ്ണിനു മേൽ പോയിട്ടില്ലെന്നും ഒരു താരതമ്യപഠനത്തിനുവേണ്ടി പ്രസ്താവിക്കാവുന്നതാണു്.

തങ്ങളുടെ സോവിയററു് സന്ദർശനത്തിനിടയ്ക്കു് ഇറാനിലെ ഷായും രാജ്ഞിയും ജൂലൈ 1-ാംനു താഷ്കെൻറു് പ്രദേശത്തുള്ള “ക്സിൽ—ഉസ്ബെക്കിസ്ഥാൻ” കൂട്ടകൃഷികളും സന്ദർശിക്കുകയുണ്ടായി. ഈ കൂട്ടകൃഷികളത്തിനു് 1955 ൽ ഒരു ഹെക്ടർ ഭൂമിയിൽനിന്നു് ശരാശരി 3.7 ടൺ പരുത്തി ലഭിച്ചെന്നു് അറിഞ്ഞ

പ്പോൾ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ഞങ്ങളുടെ കൃഷക രോട് ഇത്ര ഉയർന്ന വിളയെപ്പററി പറഞ്ഞാൽ അവർ വിശ്വസിക്കുകയില്ല." 1956-ൽ ഇതേ കൂട്ടകൃഷികളത്തിന് 1250 ഹെക്ടർ ഭൂമിയിൽനിന്നു് ഒരു ഹെക്ടറിന് ശരാശരി 4.03 ടൺ പരുത്തി വീതം ലഭിച്ചു. കാർഷികോല്പാദനത്തിന്റെ വളരെ ഉയർന്ന നിലയിലുള്ള സാങ്കേതിക സജ്ജീകരണത്തിലാണ് ഈ വിജയ "രഹസ്യം" കുടികൊള്ളുന്നതു്.

വിപ്ലവത്തിനുമുമ്പു് മരക്കലപ്പയും പല്ലിത്തടിയും മാത്രമായിരുന്നു കൃഷകരുടെ കൃഷിപ്പണിയായുധങ്ങൾ. എന്നാൽ ഇന്നാകട്ടെ, ഈ കൃഷകർക്ക് 8742 മെഷീൻ ട്രാക്ടർ സ്റ്റേഷനുകളുടെ സഹായം ലഭിക്കുന്നുണ്ടു്. 1956-ൽ സോവിയററു് കാർഷികരംഗത്തു് 1,577,000 ട്രാക്ടറുകളും (15 കുതിരശക്തി യൂണിററുകൾ വീതം) 338,000 ധാന്യം കൊയ്ത്തു് യന്ത്രങ്ങളും, മററു പല സങ്കീർണ്ണ യന്ത്രങ്ങളും ഉപയോഗത്തിലുണ്ടായിരുന്നു. ഇതിൻഫലമായി ഉഴവു്, വിത, ധാന്യങ്ങളുടേയും കരിമ്പിന്റേയും പരുത്തിയുടേയും വിളവെട്ടപ്പു് തുടങ്ങി വയലുകളിലെ മിക്കവാറും പ്രധാനപ്പെട്ട ജോലികളെല്ലാംതന്നെ യന്ത്രവല്ക്കരിക്കാൻ സ്റ്റേററു് കളങ്ങൾക്കും കൂട്ടകൃഷി കളങ്ങൾക്കും കഴിഞ്ഞു. അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്തു് കൃഷിയിലെ ഉപയോഗത്തിനായി ഇരുന്നൂറിലധികം പുതിയതരം യന്ത്രങ്ങൾ അംഗീകരിക്കപ്പെട്ടു. ചോളത്തിന്റെയും ഉരുളക്കിഴങ്ങിന്റെയും വിളവെട്ടുക്കുന്നതിനുള്ള യന്ത്രങ്ങൾ, പരുത്തി പറിക്കുന്ന യന്ത്രങ്ങൾ, വൈദ്യുത ട്രാക്ടറുകൾ തുടങ്ങിയവ ഇതിൽ പെടുന്നു. ഇപ്പോൾ കൂട്ടകൃഷി കളങ്ങൾക്കു് വേണ്ടി മെഷീൻ ട്രാക്ടർ സ്റ്റേഷനുകൾ 190 ൽ അധികം പ്രവൃത്തികൾ യന്ത്രം ഉപയോഗിച്ചു് നടത്തിക്കൊടുക്കുന്നുണ്ടു്.

ആറാം പഞ്ചവത്സരപദ്ധതിക്കാലത്തു് കൃഷിക്കു് 1,650,000 ട്രാക്ടറുകളും(15 കുതിരശക്തിവീതമുള്ളതെന്ന കണക്കിനു്), 560,000 കൊയ്ത്തു് യന്ത്രങ്ങളും, മററു് അസംഖ്യം വേറെ യന്ത്രങ്ങളും ലഭിക്കുന്നതാണു്.

വിപ്ലവത്തിനുമുമ്പു് കൃഷകരുടെ സഹായത്തിനുണ്ടായിരുന്ന ഏക ശക്തി (power) കുതിര, കഴുത, ഒട്ടകം, കാള തുടങ്ങിയ ജന്തുക്കളിൽ നിന്നുള്ളതു് മാത്രമായിരുന്നു. എന്നാൽ ഇന്നാകട്ടെ, കൂട്ടകൃഷികളങ്ങളിലും സ്റ്റേററു് കളങ്ങളിലും 95 ശതമാനം യന്ത്രശക്തിയാണു് ഉപയോഗിക്കപ്പെടുന്നതു്.



ഫെർഗാനാ പ്രദേശത്തു് സാക്കെൻറു ഗ്രാമത്തിലെ
ഒരു കൂട്ടുകൃഷികളംവക വായനശാല.

കൃഷിയിൽ വൈദ്യുതീകരണം അതിവേഗം മുന്നോട്ടു് നീങ്ങുന്നുണ്ടു്. ഇപ്പോൾ മിക്കവാറും എല്ലാ മെഷീൻ ട്രാക്ടർ സ്റ്റേഷനുകളിലും, അമ്പതു് ശതമാനത്തിലധികം കൂട്ടുകൃഷികളങ്ങളിലും വൈദ്യുതശക്തി ലഭിക്കുന്നുണ്ടു്. കഷകഗൃഹങ്ങളിൽ ഇപ്പോൾ വൈദ്യുത വിളക്കുകളുണ്ടു്; വീട്ടുപയോഗത്തിനും ഉല്പാദനത്തിനും വൈദ്യുതശക്തി ലഭിക്കുന്നുണ്ടു്; അതായതു് വെള്ളം പമ്പുചെയ്യൽ, കന്നുകാലിതീററ സംസ്കരിച്ചെടുക്കൽ, പശുക്കറവ, ആടുകളുടെ രോമംവെട്ടു് തുടങ്ങിയവയെല്ലാം വൈദ്യുതശക്തികൊണ്ടാണു് നടത്തപ്പെടുന്നതെന്നു് സാരം.

തുക്കു്മെൻ റിപ്പബ്ലിക്കിലെ "ചുവപ്പു് ഒക്ടോബർ" കൂട്ടുകൃഷികളത്തിലെ ചെയർമാനായ കർബൻദുർദി അതവുരദോവു്

പണ്ടത്തേയും ഇപ്പോഴത്തേയും ജോലി വ്യവസ്ഥകളെപ്പററി പറയുന്നതിപ്രകാരമാണ്: "എനിയ്ക്കു് വയസ്സ് 67 ആയി, വിപ്ലവത്തിനു് മുൻപുള്ള തുർക്ക്മെൻ കൃഷകൻെറ ജീവിതത്തെപ്പററി മററാളുകൾ പറഞ്ഞു് കേട്ടിട്ടല്ല, സ്വന്തം അനുഭവത്തിൽനിന്നു് തന്നെ എനിക്കറിയാം. മിക്കവാറും ഞങ്ങൾക്കാർക്കും ഒരു കഷ്ണം ഭൂമി പോലുമുണ്ടായിരുന്നില്ല. പണക്കാരനായ യൂസഫ്ഖാൻെറയൊ, അയാളുടെ വലിയ പാട്ടക്കാരുടേയൊ കയ്യിൽനിന്നാണ് ഞങ്ങൾ ഭൂമി പാട്ടത്തിനെടുത്തിരുന്നതു്. അതിൻെറ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു: വിളവിൽ അഞ്ചിൽ മൂന്നു് ഭാഗം നിലമുടമസ്ഥനും, ബാക്കി രണ്ടു് കൃഷിക്കാരനും. എല്ലാ ചിലവുകളും കൃഷിക്കാരൻ തന്നെ വഹിക്കണം. അക്കാലത്തു് യാതൊരു കൃഷിയന്ത്രങ്ങളുമുണ്ടായിരുന്നില്ല; തൂമ്പകൊണ്ടാണ് കിളച്ചിരുന്നതു്. അങ്ങിനെ കൃഷിചെയ്തിരുന്ന വയലിൽനിന്നു് ഹെക്ടറിന്നു് 3-4 സെൻറനർ പരുത്തി മാത്രമാണ് ലഭിച്ചിരുന്നതു്. 6 സെൻറനർ എന്നു് പറയുന്നതു് ഒരു നല്ല വിളയായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നതു്. രാപകലില്ലാതെ, കാലു് നിലത്തുറയ്ക്കുന്നിടത്തോളം ഞങ്ങൾ അദ്ധ്വാനിച്ചു.

"ഇന്നു് ഞങ്ങളുടെ കൈകളിലുള്ള കരുത്തേറിയ യന്ത്രങ്ങൾകൊണ്ടു് ഭൂമിയിൽ ഭംഗിയായി കൃഷി നടത്താനും, ജലസേചനം ചെയ്യാനും കഴിയും. പ്രധാനപ്പെട്ട എല്ലാ ജോലികളും യന്ത്രങ്ങളാണ് നടത്തുന്നതു്. ഉഴവു്, വിത, കൊയ്ത്തു്, തറനിരപ്പാക്കൽ തുടങ്ങിയ എല്ലാ ജോലികളും യന്ത്രങ്ങളാണ് നടത്തുന്നതു്. ഇതിൻെറകൂടെ, കൊല്ലംതോറും ഞങ്ങൾക്കു് കൂടുതൽ കൂടുതലായി കിട്ടിക്കൊണ്ടിരിക്കുന്ന ഒന്നാന്തരം ധാതുവളങ്ങളുടെ കാര്യംകൂടി പരിഗണിക്കുകയാണെങ്കിൽ, ഞങ്ങളുടെ വിളവും വരുമാനവും ഇത്ര ഉയൎന്നിരിക്കുന്നതിൻെറ കാരണം മനസ്സിലാകും. കഴിഞ്ഞ കൊല്ലം, ഓരോ ഹെക്ടർ ഭൂമിയിൽനിന്നും ഞങ്ങൾക്കു് ശരാശരി 2.2 ടൺ നേന്മയേറിയ പരുത്തി ലഭിക്കുകയുണ്ടായി."

* * *

യുദ്ധത്തിനു് ശേഷം ആട്ടുമാട്ടുകളുടെ സ്ഥിതി കൂടുതൽ വിഷമകരമായിരുന്നു. ഹിററ്ലർ പട കയ്യേറി വെണ്ണീറാക്കിയ പ്രദേശങ്ങളിൽ ലക്ഷക്കണക്കിനു് കന്നുകാലികൾ കൊന്നൊടുക്കപ്പെട്ടു. യുദ്ധത്തിനിടയ്ക്കു് ഈ നഷ്ടം പരിഹരിക്കാൻ കഴിഞ്ഞില്ല. അതിനാൽ യുദ്ധം കഴിഞ്ഞിട്ടും മൃഗവളർത്തൽ പിന്നിലായിരുന്നു. ഇതിനുള്ള പ്രധാന കാരണം സ്റ്റേററ് കളങ്ങളിലേയും കൂട്ടുകൃഷികളങ്ങളിലേയും കന്നുകാലി തീററയുടെ ദൗർല്ലഭ്യമായിരുന്നു. തന്നെയുമല്ല, കന്നുകാലികളുടെ സംഖ്യ ത്വരിതഗതിയിൽ വൎദ്ധി

പ്പിക്കുന്നതിൽ കളങ്ങൾക്കും അവയിലെ അംഗങ്ങൾക്കും വേണ്ടത്ര പ്രചോദനവുമുണ്ടായിരുന്നില്ല. അവയുടെ മൊത്തം വരുമാനം വളരെ കുറവായിരുന്നു; അതു് മതിയായ ഒരു വരുമാനത്തിന് ഉറപ്പു് നൽകിയിരുന്നുമില്ല.

മാംസത്തിന്റെയും പാലിന്റെയും ഉല്പാദനം സമീപ ഭാവിയിൽതന്നെ ഇരട്ടിക്കണമെന്നു് സോവിയററു് കമ്യൂണിസ്റ്റു് പാർട്ടിയുടെ ഇരുപതാം കോൺഗ്രസ്സു് ആഹ്വാനംചെയ്തു. കന്നുകാലി തീററ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ശുപാർശ ചെയ്യപ്പെട്ടു. കൂട്ടുകൃഷിക്കാർക്കു് കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിനു് വേണ്ടി മാട്ടിറച്ചി, പന്നി, കോഴി, എന്നിവയുടെ മൊത്തം വാങ്ങൽ വില 450 ശതമാനവും, പാലിന്റേയും, വെണ്ണയുടേയും വില നൂറു ശതമാനവും ഉയർത്തപ്പെടുകയുണ്ടായി.

ഏറെ കഴിയുന്നതിനു് മുൻപു് ഈ നടപടികളുടെ ഫലം കാണാമായിരുന്നു. 1956ൽ 1953നെ അപേക്ഷിച്ചു് പാലിന്റെ ഉല്പാദനം 35ശതമാനവും, വെണ്ണയുടേതു് 45ശതമാനവും വർദ്ധിച്ചു.

സോഷ്യലിസ്റ്റു് കൃഷിയിൽ അടുത്തകാലത്തായുണ്ടായ ഗണ്യമായ പുരോഗതി, അടുത്ത ചില കൊല്ലംകൊണ്ടു് പാലു്, വെണ്ണ, മാംസം എന്നിവയുടെ ആളോഹരി ഉല്പാദനത്തിൽ യൂ. എസ്. ഏ. യെ പിന്നിലാക്കുകയെന്ന കടമ മുന്നോട്ടു് വെയ്ക്കാൻ സഹായിച്ചു. പാലിന്റെയും വെണ്ണയുടെയും ആളോഹരി ഉല്പാദനം യൂ. എസ്. ഏ. യിൽ യഥാക്രമം 343 കിലോഗ്രാമും 3.8 കിലോഗ്രാമും ആണു്; സോവിയററു് യൂണിയനിൽ ഇതു് 245 കിലോഗ്രാമും 2.8 കിലോഗ്രാമും ആണു്. രണ്ടു് രാജ്യങ്ങളും തമ്മിൽ ആളോഹരി പാലുല്പാദനത്തിലുള്ള വ്യത്യാസം താരതമ്യേന വളരെ ചെറുതാണു്. പാലിന്റെ ഉല്പാദനക്കാര്യത്തിൽ ഇക്കൊല്ലം തന്നെ യൂ. എസ്. ഏ. യുടെ ഒപ്പമെത്തുകയും അതിനെ കവച്ചു് വെക്കുകയും ചെയ്യാൻ സോവിയററു് യൂണിയനു് കഴിയേണ്ടതാണു്. സോവിയററു് യൂണിയനിലെ കഴിഞ്ഞ കൊല്ലത്തെ വെണ്ണയുടെ ആളോഹരി ഉല്പാദനം 1956 ലെ യൂ. എസ്. നിലവാരത്തിനു് സമമായിരുന്നു.

മാംസോല്പാദനത്തിലെ സ്ഥിതി കുറേ കൂടുതൽ വിഷമം പിടിച്ചതാണു്, എങ്കിലും ഇതിലും അടുത്ത ചില കൊല്ലംകൊണ്ടു് യൂ. എസ്. ഏ. യുടെ ഒപ്പമെത്താൻ സോവിയററു് യൂണിയനു് കഴിയുമെന്നാണു് കണക്കുകൾ സൂചിപ്പിക്കുന്നതു്.

ഇതു് സാധിക്കുന്നതിന്ന്, 100 ഹെക്ടർ കൃഷിഭൂമിയുള്ളിടത്തെ ശരാശരി മാംസോല്പാദനം 4.2 ടൺ (കൊന്നതിനുശേഷമുള്ള തൂക്കം) ആയും, പാലിന്റേതു് 14.1 ടൺ ആയും വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്.

ആയിരക്കണക്കിന്നു് സ്റ്റേറ്റു് കളങ്ങളും കൂട്ടുകൃഷി കളങ്ങളും ഇതിലും ഉയന്ന നിലവാരം കൈവരിക്കാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. അടുത്ത ഒന്നോ രണ്ടോ കൊല്ലത്തിനകം 100 ഹെക്ടർ കൃഷിഭൂമിയുള്ളിടത്തെ പാലിന്റെ ശരാശരി ഉല്പാദനം 40 ടണ്ണും, മാംസത്തിന്റേതു് 8-10 ടണ്ണും ആക്കുകയെന്നതാണ് അവർ ഏറ്റെടുത്തിട്ടുള്ള കടമ.

കൃഷിശാസ്ത്രവും അതിന്റെ നേട്ടങ്ങളും, നൂതനമാർഗ്ഗപ്രവർത്തകരുടേയും ഏററവും മികച്ച തൊഴിലാളികളുടേയും അനുഭവവും എല്ലാ കൃഷി പ്രവർത്തകർക്കിടയിലും പ്രചരിപ്പിക്കാൻ കഴിവതെല്ലാം ചെയ്തുവരുന്നുണ്ടു്. ഇപ്പോൾ മോസ്കോയിൽ മൂന്നാമത്തെ പ്രാവശ്യവും ആരംഭിച്ചിട്ടുള്ള അഖില സോവിയററു് കാർഷിക പ്രദർശനം ഇതിൽ വലിയൊരു പങ്കു് വഹിക്കുന്നുണ്ടു്. പുരോഗമിച്ച കൃഷിസമ്പ്രദായാഭ്യസനത്തിനുള്ള ഒരു ജനസമ്മതമായ സ്കൂളെന്നാണ് അതു് ന്യായമായി അറിയപ്പെടുന്നതും.

ഓരോ കൊല്ലം കഴിയുന്തോറും പ്രദർശനം കൂടുതൽ പ്രാതിനിധ്യസ്വഭാവമുള്ളതായിത്തീരുന്നുണ്ടു്. ആദ്യത്തെ കൊല്ലത്തിൽ, ഇതിൽ 173,000 പ്രദർശകർ പങ്കെടുത്തു. 1956 ൽ ഇതു് 300,000 ആയും, 1957 ൽ 400,000 ആയി വർദ്ധിച്ചു.

ഈ പ്രദർശനം സോവിയററു് യൂണിയന്റെ നാനാഭാഗത്തു് നിന്നുമുള്ളവരെ മാത്രമല്ല ആകർഷിക്കുന്നതു്. 1954 ൽ പതിനായിരം വിദേശ സന്ദർശകർ ഇവിടം സന്ദർശിച്ചു; 1955 ൽ അവരുടെ സംഖ്യ 15000 വും, 1956 ൽ 26000 വും ആയിരുന്നു.

10

# മാറിയ ജീവിതനിലവാരം

അങ്ങനെ സോവിയററു് യൂണിയനിൽ ഭൂമി ദേശസാല്ക്കരിക്കപ്പെട്ടുകയും, കൂട്ടുകൃഷിക്കാരുടെ ഉപയോഗത്തിനായി അതു് എന്നന്നേയ്ക്കുമായി അവർക്കു് വിട്ടുകൊടുക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു. യന്ത്രങ്ങൾ അദ്ധ്വാനം ലഘൂകരിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു; തന്മൂലം, ജനങ്ങൾക്കു് കൂടുതൽ ഭക്ഷണസാധനങ്ങളും, വ്യവസായത്തിനു് കൂടുതൽ അസംസ്കൃത വിഭവങ്ങളും നല്കാൻ കൃഷകർക്കു് കഴിവുണ്ടായിരിക്കുന്നു.

എന്നാൽ, കൃഷകനു് ഇതുകൊണ്ടെന്തു് നേട്ടമാണുണ്ടായിട്ടുള്ളതു? അവനു് മെച്ചപ്പെട്ട ഭക്ഷണവും വസ്ത്രവും വീട്ടുസാധനങ്ങളും, വിനോദങ്ങളും ലഭിക്കുമോ?

മുൻപു് പ്രസ്താവിച്ചതുപോലെ, വിപ്ലവത്തിനു് മുമ്പു് റഷ്യയിലെ നാട്ടിൻപുറങ്ങളിൽ ധാന്യത്തിന്റെയും മററും അടിസ്ഥാന ഉല്പാദകനായിരുന്ന കൃഷകൻ കൂടുതൽ കൂടുതൽ ദരിദ്രമായിവരികയായിരുന്നു. അൻപത്തിരണ്ടു് ശതമാനം കൃഷക കുടുംബങ്ങൾക്കു് ഒരു കൊല്ലത്തേയ്ക്കു് മുഴുവൻ വേണ്ടുന്ന ഭക്ഷണസാധനങ്ങൾ ഉണ്ടായിരുന്നില്ല. തിമിര്യാസേവ് എന്ന ആ മഹാനായ റഷ്യൻ ശാസ്ത്രജ്ഞൻ പറഞ്ഞതുപോലെ "റഷ്യയെ പോററുന്നവർക്കു് സ്വയം പോററാൻ മതിയായ ഭക്ഷണമില്ല." സ്ഥിരമായ ആ പട്ടിണി കൃഷിക്കാരെ പാപ്പരാക്കി. ചില സ്ഥലങ്ങളിൽ അതുമൂലം കർഷകർ നിശ്ശേഷം നശിക്കുകപോലും ചെയ്തു.

ആദ്യത്തെ റഷ്യൻ വിപ്ലവത്തിനു് (1905) അല്പം മുമ്പു് ഡോക്ടർ ഷിൻഗരേവു് എന്നൊരു നാട്ടുവൈദ്യൻ "മണ്ണടിയുന്ന ഗ്രാമം" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. വൊറനേഷ് ഗുബേർണിയയിലുള്ള നൊവോ-ഷിവോത്നയെ ഗ്രാമവാസികളിൽ 10 ശതമാനവും, മക്കൊവത്ക്കാ ഗ്രാമത്തിലെ മൂന്നിലൊന്നോളവും ആളുകൾ 1893 ൽ ആ പ്രദേശത്തുണ്ടായ വി

ളനാശംമൂലം മരണമടയുകയുണ്ടായെന്നു് ആ പുസ്തകം വെളിപ്പെടുത്തി. പഴയ റഷ്യയിലെ മററു് ഗ്രാമവാസികളുടെ അനുഭവവും ഏതാണ്ടിതൊക്കെത്തന്നെയായിരുന്നു. എന്നാൽ നൊവോ-ഷിവോത്നയേയിലേയും മക്കവോത്ക്കയിലേയും ഇന്നത്തെ ജീവിതമോ?

1957 ജൂൺ 1-ാംനു യിലെ മോസ്കോ "ഇസ്വെസ്തിയ" ഈ ഗ്രാമങ്ങളിലെ ആളുകൾ പണ്ടു് ഉപയോഗിച്ചിരുന്ന ഭക്ഷണത്തിൻെറയും ഇന്നുപയോഗിക്കുന്ന ഭക്ഷണത്തിൻെറയും കണക്കുകളെ സംബന്ധിച്ചു് നടത്തപ്പെട്ട ഒരു സർവ്വേയുടെ ഫലം പ്രസിദ്ധീകരിക്കുകയുണ്ടായി. അതാണു് ചുവടേ ചേർക്കുന്നതു്.

## ഒരു ദിവസം ഒരാൾ ഉപയോഗിക്കുന്ന ഭക്ഷണ സാധനങ്ങൾ

| സാധനങ്ങൾ | 1900 | 1956 |
|---|---|---|
| റൈ കൊണ്ടുള്ള റൊട്ടി | 709.50 ഗ്രാം | 198.90 ഗ്രാം |
| ഗോതമ്പു് മാവു് | 11.10 " | 300.80 " |
| പയറുവർഗ്ഗങ്ങൾ | 125.10 " | 44.00 " |
| മക്രോണി | — | 40.00 " |
| ഉരുളക്കിഴങ്ങു് | 233.85 " | 576.00 " |
| മൊട്ടക്കൂസ് | 94.06 " | 98.80 " |
| വെള്ളരിക്ക | 2.74 " | 80.00 " |
| തക്കാളി | — | 102.00 " |
| സസ്യ എണ്ണ | 2.49 " | 12.00 " |
| വെണ്ണ | 0.70 " | 13.00 " |
| പഞ്ചസാര | 0.78 " | 31.00 " |
| ബേക്കറി സാധനങ്ങൾ | — | 50.00 " |
| മാംസം | 36.96 " | 78.40 " |
| മത്സ്യം (എല്ലാത്തരങ്ങളും) | 6.37 " | 10.50 " |
| ഹെറിംഗ് | 0.28 " | 23.60 " |
| പാലു് | 220.37 " | 561.40 " |
| മുട്ട | 3.13 " | 10.20 " |
| | 1447.43 | 2230.60 |

1900ലെ ഈ ദൈനിക ഭക്ഷണരേഷനെ സംബന്ധിച്ച തൻെറ വിവരം ശരാശരി കണക്കുകളെ ആധാരമാക്കിയുള്ളതാണെന്നു് ഡോ: ഷിൻഗരേവു് പ്രസ്താവിച്ചിരുന്നു. ഉദാഹരണത്തിനു്, നൊവോഷിവോത്തിനോയയിലെ 68 വീടുകളിൽ ഗോതമ്പു്

ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹം പറഞ്ഞു. മക്കവോത്ക്കായിലെ ഒരു വീട്ടിലും ഇതുണ്ടായിരുന്നില്ല. (നൊവോ-ഷിവോത്തിനോയയിൽ 96 വീടുകളും മക്കവോത്ക്കായിൽ 65 വീടുകളുമാണ് ഉണ്ടായിരുന്നതു്). 46വീടുകളിൽ നല്ലമായ മുട്ടക്കൂസ് ഉണ്ടായിരുന്നില്ല. 77കുടുംബങ്ങൾക്കു് പഞ്ചസാര വാങ്ങാൻ കഴിവുണ്ടായിരുന്നില്ല; അതേസമയം 109 കുടുംബങ്ങൾക്കു് ചായയുള്ള്പോലും വകയുണ്ടായിരുന്നില്ല. 48വീടുകളിൽ മാട്ടിറച്ചിയും, 40വീടുകളിൽ ആട്ടിറച്ചിയും, 122വീടുകളിൽ പച്ചമത്സ്യവും, 59 വീടുകളിൽ പാലും, 74 കുടുംബങ്ങളിൽ വെണ്ണയും ഒരിക്കലും ഉപയോഗിക്കപ്പെട്ടിരുന്നതേയില്ല.

ഇന്നു് ഈ ഗ്രാമങ്ങളിലെ പ്രധാന ഭക്ഷണസാധനം റൊട്ടിയും പയറുകളും അല്ല. ഏതൊരു കുടുംബത്തിനും അവരുടെ ഭക്ഷണത്തിൽ മത്സ്യവും മാംസവും മുട്ടയും പച്ചക്കറികളും വെണ്ണയും, സസ്യഎണ്ണയും ഉൾപ്പെടുത്താൻ കഴിയും. പാലിൻെറ ഉപയോഗം നൂറു് ശതമാനം അധികരിച്ചിട്ടുണ്ടു്. ഇപ്പോൾ ഭക്ഷണത്തിൽ മക്രോണിയും, ബേക്കറി സാധനങ്ങളും ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു.

ഈ മാററങ്ങൾ സോവിയററു് കഷകൻെറ ജീവിതത്തിലുണ്ടായിട്ടുള്ള പൊതു അഭിവൃദ്ധിയെയാണു് പ്രതിഫലിപ്പിക്കുന്നതു്. യു. എസ്. എസ്. ആർ.ലെ കേന്ദ്രസ്ഥിതിവിവരക്കണക്കു് ബോർഡു് നടത്തിയ കുടുംബബജററു് സർവ്വേയിൽനിന്നുള്ള വിവരമനുസരിച്ചു് കൂട്ടുകൃഷിക്കാരുടെ കുടുംബങ്ങളിലെ ആളോഹരി ഉപഭോഗം 1940നെ അപേക്ഷിച്ചു് 1960ൽ താഴെ കാണും പ്രകാരം വർദ്ധിച്ചിരുന്നു; മാംസോല്പന്നങ്ങൾ 63ശതമാനം, പാലും ക്ഷീരോല്പന്നങ്ങളും - 48 ശതമാനം, മുട്ട—100 ശതമാനം, പഞ്ചസാര 300ശതമാനം.

ഇനി, ഇന്നു് നൊവോ-ഷിവോത്തിനോയെയിലെയും മക്കവോത്ത്ക്കയിലേയും ജീവിതസ്ഥിതി എന്താണെന്നു് നോക്കാം.

ശുചീകരണ സ്റ്റാൻഡേർഡ് അനുസരിച്ചു് വേണ്ടതിൻെറ ആറിലൊരുഭാഗം പോലും വായുസഞ്ചാരമില്ലാത്ത കൊച്ചു് കുടിലുകളിൽ കഷകർ തിങ്ങിപ്പാർത്തിരുന്നുവെന്നാണു് ഡോ: ഷിൻഗരേവു് എഴുതിയിരുന്നതു്. ഈ കുടിലുകൾക്കുള്ളിലെ സൗകര്യങ്ങളോ? കട്ടിലുകളില്ലാതിരുന്നതിനാൽ മരപ്പലകകളിലാണു് അവർ ഉറങ്ങിയിരുന്നതു്. ചാക്കിൽ നിറച്ച വയ്ക്കോലായിരുന്നു

അവരുടെ കിടക്ക; പകൽ ധരിക്കുന്ന സ്വന്തം കോട്ടായിരുന്നു അവരുടെ പുതപ്പ്.

ഈ ഗ്രാമങ്ങളിലെ കർഷകർ ഇപ്പോൾ ധാരാളം വായുവും വെളിച്ചവുമുള്ള പുതിയ വീടുകളിലാണു് താമസിക്കുന്നതു്. ആരും ഇന്നു് വെറും മരപ്പലകയിൽ കിടന്നുറങ്ങുന്നില്ല. നല്ല മെത്തയും തലയിണയും പുതപ്പും ഇന്നു് ഏതൊരു വീട്ടിലുമുണ്ടു്. ഉദാഹരണത്തിനു്, നമുക്കു് അലക്സി മിഹൈലോവിന്റെ കാര്യം നോക്കാം. കൂട്ടുകൃഷി കളത്തിലെ ആടുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന അയാൾ തന്റെ കുടുംബത്തിനു്വേണ്ടി ധാരാളം ഫർണിച്ചറുകളും മററുമുള്ള ഇഷ്ടികവീടു് നിർമ്മിച്ചിട്ടുണ്ടു്. മററെല്ലാ കർഷകഗൃഹങ്ങളിലുമെന്നപോലെ അവിടെയും വൈദ്യുത വിളക്കുകൾ ഉണ്ടു്. അവിടെ ഒരു തയ്യൽ യന്ത്രവും മററു് വീട്ടു് സാമാനങ്ങളുമുണ്ടു്.

കൂട്ടുകൃഷിക്കാരുടെ പ്രധാന വരുമാനമാർഗ്ഗം കൂട്ടുകൃഷികളത്തിൽ ചെയ്യപ്പെടുന്ന അദ്ധ്വാനമാണു്; ഈ അദ്ധ്വാനത്തിന്നു് പണമായും ഇനമായും ലഭിക്കുന്ന പ്രതിഫലമാണു്. കൂട്ടുകൃഷിക്കാരുടെ പണമായുള്ള വരുമാനം (ജോലി ദിവസയൂണിററുകളനുസരിച്ചു് കൂട്ടുകൃഷിക്കാർക്കു് നല്കപ്പെടുന്ന ധാന്യം, ഉരുളക്കിഴങ്ങു്, പച്ചക്കറികൾ എന്നിവയുടെ വിലയൊന്നും ഇതിൽ പെടുന്നില്ല) 1940ൽ 2070കോടി റൂബിളും, 1950ൽ 3420കോടി റൂബിളും 1956ൽ 9450കോടി റൂബിളുമായിരുന്നു.

അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്തു് (1951-55) കൂട്ടുകൃഷിക്കാരുടെ യഥാർത്ഥ വരുമാനം 50ശതമാനം കണ്ടു് വർദ്ധിച്ചു. 1956ൽ ഇതിൽ വേറൊരു 12 ശതമാനം വർദ്ധനവുകൂടി ഉണ്ടായി. അതേ കൊല്ലങ്ങളിൽ യഥാർത്ഥ കൂലിയും ശമ്പളവും യഥാക്രമം 39 ശതമാനവും 3ശതമാനവും വർദ്ധിച്ചു.

കൂട്ടുകൃഷിക്കാരുടെ വരുമാനം കൂലിയേയും ശമ്പളത്തേയും കാൾ വേഗത്തിൽ കൂടിക്കൂടി വരികയാണു്. വിപ്ലവത്തിനു മുൻപുള്ള റഷ്യയിൽ നാട്ടിൻ പുറത്തുകാരുടെ വരുമാനം നഗരവാസികളുടേതിനു് വളരെ പിന്നിലായിരുന്നു. അതിനാൽ, കർഷകരുടെ ജീവിതനിലവാരമുയർത്തുകയും, അതു് നഗരങ്ങളിലെ തൊഴിലാളി ജനതയുടെ ജീവിതനിലവാരത്തിനു് ഒപ്പമെത്തിക്കുകയും ചെയ്യുകയെന്നതായിരുന്നു സോവിയററു് ഗവമെണ്ടി

ൻറ മുഖ്യകടമകളിലൊന്നു്. ആറാം പഞ്ചവത്സരപദ്ധതിക്കാലത്തു് കൂട്ടകൃഷിക്കാരുടെ വരുമാനം ഇനിയുമൊരു നാല്പതു് ശതമാനം കൂടി ഉയരുന്നതാണു്.

സ്റ്റേററു് സ്റ്റോറുകളിലും, സഹകരണസംഘങ്ങളിലും നിന്നു് കൂട്ടകൃഷിക്കാർ കൂടുതൽ കൂടുതൽ സാധനങ്ങൾ വാങ്ങുന്നതു് അവരുടെ വർദ്ധിച്ചു വരുന്ന വരുമാനത്തിൻെറ ഒരു സൂചികയാണു്. 1940നും 1956നുമിടയ്ക്കു് കൂട്ടകൃഷിക്കാരുടെ കുടുംബങ്ങൾ നൂറുശതമാനം കൂടുതൽ തുണിത്തരങ്ങളും, 95ശതമാനം കൂടുതൽ തുകൽ ചെരിപ്പുകളും, 12 ശതമാനം കൂടുതൽ ഉടുപ്പുകളും, 200 ശതമാനം കൂടുതൽ ഫർണിച്ചറുകളും മററു് വീട്ടുസാമാനങ്ങളും വാങ്ങിയിട്ടുണ്ടു്.

കസ്സാക്കു് റിപ്പബ്ലിക്കിലുള്ള കൊൾമഗരോവ്ക്കാ ഗ്രാമത്തിലെ കൂട്ടകൃഷിക്കാർ കഴിഞ്ഞ അഞ്ചു് കൊല്ലത്തിനിടയ്ക്കു് വാങ്ങിയ സാധനങ്ങളിലുണ്ടായ വർദ്ധനവു് ഇപ്രകാരമാണു്: പഞ്ചസാര—200ശതമാനം, ബേക്കറി സാധനങ്ങൾ—300ശതമാനം, കമ്പിളിത്തുണി—600 ശതമാനം, തയ്യാറാക്കിയ വസ്ത്രങ്ങൾ—700 ശതമാനം.

വളരെക്കാലം പഴകുന്ന സാധനങ്ങൾക്കു് ഗ്രാമങ്ങളിൽ ആവശ്യം കൂടിവരികയാണു്. പല കർഷകരും മോട്ടോർ സൈക്കിളുകളും മോട്ടോർ കാറുകളും വാങ്ങുന്നുണ്ടു്. ഒഡീസ്സാപ്രദേശത്തു് ബെരെസ്‌വ്ക്കാ ജില്ലയിലുള്ള "ക്രസ്റ്റോർമെയത്സ്" കൂട്ടകൃഷികളത്തിലെ മൂന്നുകുടുംബങ്ങളിൽഒന്നിനു് വീതം ഒരു മോട്ടോർ സൈക്കിളോ, കാറോ ഉണ്ടു്. ചിലക്കു് രണ്ടും ഉണ്ടു്. അവിടെ ജോലിയുള്ള എല്ലാ ടാക്ടർ ഡ്രൈവർമാക്കും സ്വന്തമായ മോട്ടോർ കാറുകളുണ്ടു്.

യു. എസ്. എസ്. ആർ.ലുള്ള പല കൂട്ടകൃഷി കളങ്ങളിലേയും അംഗങ്ങളുടെ വരുമാനം ഒരു തൊഴിലാളിയുടേതോ, മററു് ജോലിക്കാരുടേതോ ആയി കിടപിടിക്കുന്നതും, ചിലപ്പോൾ അതിലും ഉയന്നതുമാണു്. ബൈലോ റഷ്യൻ റിപ്പബ്ലിക്കിൽ, മൊഹിലേവു് പ്രദേശത്തു്, കിരോവ്സ്ക്കു് ജില്ലയിലുള്ള "റാസ്വെത" കൂട്ടകൃഷി കളത്തിലെ ഐ. പി. ബെല്യാവ്സ്കിയുടെ കുടുംബത്തിൽ ജോലി ചെയ്യാൻ കഴിവുള്ള അഞ്ചു് അംഗങ്ങളുണ്ടു്. അവർ സമ്പാദിച്ച ജോലി ദിവസയൂണിററുകൾക്കുള്ള പ്രതിഫലമായി അവക്കു് ഒരൊററ കൊല്ലത്തിൽ 5.2 ടൺ

ധാന്യവും, 17.4 ടൺ ഉരുളക്കിഴങ്ങും, 1.7 ടൺ പച്ചക്കറികളും, 1 സെൻറനർ വെണ്ണയും അത്രയുംതന്നെ പഞ്ചസാരയും, പണമായി 51000 റൂബിളും ലഭിച്ചു. സ്റ്റാലിൻഗ്രാഡ് പ്രദേശത്തു് ഇലോവ്ല്യാ ജില്ലയിലുള്ള "ബോൾഷെവിക്ക്" കൂട്ടകൃഷികളത്തിലെ പന്നിവളർത്തുകാരുടെ 1955ലെ പ്രതിമാസശരാശരി വരുമാനം 2410റൂബിളായിരുന്നു. ഇന്ത്യയിൽ ഇനഗമോവിൻെറ (താഷ്ക്കൻറ് പ്രദേശത്തു്, യൻഹിയുൽ ജില്ലയിൽ അബ്ബിഇജബാബ് ഗ്രാമത്തിൽ) കുടുംബത്തിലെ ജോലി ചെയ്യാൻ കഴിവുള്ള നാലുപേർക്കു് കൂടി അവരുടെ കൂട്ടകൃഷിക്കളത്തിൽനിന്നു് ഒരു കൊല്ലത്തേയ്ക്കു് 48125 റൂബിളും 6ടൺ ധാന്യവും ലഭിച്ചു. "ലെനിനിസം" കൂട്ടകൃഷികളത്തിലെ (തുർക്കമെൻ റിപ്പബ്ലിക്കിൽ, മേരീ പ്രദേശത്തുള്ളതു്) ടീം നേതാവായ യസ്മുരാദ് സകത്തോവിനു് 1956ൽ 62000 റൂബിൾ ലഭിച്ചു. ഇതു് തുർക്കമേനിയയിൽ കോളേജ് പരിശീലനം സിദ്ധിച്ച ഒരു സ്പെഷ്യലിസ്റ്റിനു് ലഭിക്കുന്നതിനേക്കാൾ കൂടുതലാണു്.

കൂട്ടകൃഷികളത്തിൽ ചെയ്യുന്ന ജോലിയ്ക്കുള്ള പ്രതിഫലത്തിനു് പുറമേ ഓരോ കുടുംബത്തിനും സ്വന്തം നിലത്തിൽനിന്നുള്ള വരുമാനവുമുണ്ടു്. ഇതു് ഓരോ വർഷവും അനേകായിരം റൂബിൾ വരെ ഉണ്ടായിരിക്കും.

ഭവന നിർമ്മാണമാണു് കൂട്ടകൃഷിക്കാരുടെ വർദ്ധിച്ചുവരുന്ന ഐശ്വര്യത്തിൻെറ മറെറാരു സൂചിക. കഴിഞ്ഞ ആറുകൊല്ലത്തിനിടയ്ക്കുമാത്രം (1951-1956) കൂട്ടകൃഷിക്കാരും ഗ്രാമപ്രദേശത്തെ ബുദ്ധിജീവികളും (കൃഷിശാസ്ത്രജ്ഞർ, മൃഗംവളർത്തു വിദഗ്ദ്ധർ, ഡോക്ടർമാർ, അദ്ധ്യാപകർ മുതലായവർ) കൂടി തങ്ങളുടെ സ്വന്തമായ 30 ലക്ഷം വീടുകൾ നിർമ്മിക്കുകയുണ്ടായി. ഉസ്ബെക്കു് റിപ്പബ്ലിക്കിലെ ദിമിത്രോവു് കൂട്ടകൃഷികളത്തിൽ നൂറു് കൂട്ടകൃഷിക്കാർ 1956-ൽ സ്വന്തം വീടുകൾ നിർമ്മിച്ചു. 1955-ൽ സ്റ്റാവ്രപ്പോൾ ടെറിട്ടറിയിൽ പെട്ട പ്യത്തിഗോർസ്കു് ജില്ലയിലെ "പ്രോളിത്താർസ്കയാ വോല്യാ" കൂട്ടകൃഷികളത്തിലെ 300 കൂട്ടകൃഷിക്കാരുടെ കുടുംബങ്ങൾ പുതിയ വീടുകളിലേയ്ക്കു് താമസം മാററി. 1956-ലെ വസന്തത്തിൽ അവിടെത്തന്നെയുള്ള വേറൊരു നൂറു് കുടുംബങ്ങളും പുതിയ വീടുകളിലേയ്ക്കു് താമസം മാററി. താഷ്ക്കൻറു് പ്രദേശത്തുള്ള അബ്ബി ഇജബാബ് കൂട്ടകൃഷികളത്തിലെ കർഷകർ 1956-ൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ നാലുമുറികളുള്ള 80 വീടുകൾ നിർമ്മിച്ചു.

സാധാരണയായി, കൂട്ടകൃഷികളത്തിലെ പ്രത്യേക നിർമ്മാണ ടീമുകളാണ് ഈ വീട്ടുകൾ കെട്ടുന്നതു്. കൂട്ടകൃഷികളത്തിൽനിന്നുതന്നെ കെട്ടിടനിർമ്മാണ സാമഗ്രികളും നൽകുന്നു. ഉദാഹരണത്തിനു്, സ്റ്റോളൻസ്കു് പ്രദേശത്തുള്ള "റാദിഷ്ചേവു്" കൂട്ടകൃഷികളത്തിൽ ഒരു വീട്ടു് പണിയുന്നതിന്ന് 11000-12000 റൂബിൾ ചിലവു് വരും. ഓരോ കൂട്ടംബത്തിൻെറയും കഴിവനുസരിച്ചു്, ഈ പണം അടച്ചുതീർക്കുന്നതിനു് അവിടെ നാലോ അഞ്ചോ വർഷത്തെ സമയം അനുവദിക്കപ്പെടുന്നു.

പല കൂട്ടകൃഷിക്കാരും ഭവനനിർമ്മാണവായ്പയുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നു. ഉദാഹരണത്തിനു്, ഉസ്ബെക്കിസ്ഥാനിലെ കിരോവു് കൂട്ടകൃഷികളും ഭവനനിർമ്മാണത്തിനായി അതിലെ അംഗങ്ങൾക്കു് 300,000 റൂബിൾ വായ്പനല്കി. താഷ്ക്കൻറ് പ്രദേശത്തുള്ള "ക്ലിൽ-ഉസ്ബെക്കിസ്ഥാൻ" കൂട്ടകൃഷികളും 1956ൽ 98 വീട്ടുകൾ പണിതതിനു പുറമേ, കൂട്ടകൃഷിക്കാരുടെ ഭവനനിർമ്മാണത്തെ സഹായിക്കുന്നതിനു് പത്തുലക്ഷത്തിലധികം റൂബിൾ അനുവദിച്ചു.

കൂട്ടകൃഷികളത്തിലെ മാനേജിങ്ങ്ബോർഡുകൾക്കു് പുറമെ പരസ്പരസഹായസംഘങ്ങളും ഭവനനിർമ്മാണ വായ്പ നൽകുന്നു. ക്രിസ്നോദനിലെ ബ്രുക്കവ്യെത്സ്കായാ ഗ്രാമത്തിൽ ഒരു കൊല്ലത്തിനിടയ്ക്കു് പരസ്പരസഹായസംഘ വായ്പ ഉപയോഗപ്പെടുത്തി 140 വീട്ടുകൾ നിർമ്മിക്കപ്പെട്ടു.

സ്റ്റേററിൽനിന്നും ഭവനനിർമ്മാണത്തിനു് വൻ തുകകൾ വായ്പയായി നൽകാറുണ്ടു്. ഉദാഹരണത്തിനു് ലാററ്വിയൻ റിപ്പബ്ലിക്കിലെ ഗവമ്മെൻറു് കൂട്ടകൃഷിക്കാക്കു് ഭവനനിർമ്മാണത്തിനായി 15 കൊല്ലത്തെ അവധിയ്ക്കു് 15000 റൂബിൾവരെ വായ്പ നൽകുന്നുണ്ടു്. ഇതു് വായ്പ കിട്ടി അഞ്ചു് കൊല്ലത്തിനു് ശേഷം തുല്യ ഗഡുക്കളായി അടച്ചുതീർത്താൽ മതിയാവുന്നതാണു്.

ധാരാളം കുട്ടികളും, വിധവകളും, പ്രായമായവരും, അനാഥബാലരും, അംഗഹീനരും, അഗ്നിബാധിതരുമായ ആളുകളുള്ള കുടുംബങ്ങൾക്കു് കൂട്ടകൃഷികളത്തിൽനിന്നു് സൗജന്യമായി വീട്ടുകൾ നിർമ്മിച്ചുകൊടുക്കപ്പെടുന്നു. ഉദാഹരണത്തിനു്, ബൈലോറഷ്യയിലെ "കമ്യൂണിസത്തിൻെറ ഉദയം" എന്ന കൂട്ടകൃഷിക്കളത്തിൻെറ ഭരണസമിതി വലിയ കുടുംബങ്ങൾക്കും അവശക്കും

വേണ്ടി ആറു വീടുകൾ തികച്ചും സൗജന്യമായി പണിയിച്ച് കൊടുത്തു.

കർഷകരുടെ ജീവിതത്തിനും ഗ്രാമങ്ങളുടെ ബാഹ്യരൂപത്തിനു തന്നെയും ഒരു പരിവർത്തനം ഉണ്ടായിട്ടുണ്ട്. കരിപിടിച്ച പഴയ ചെററക്കുടിലുകളുടേയും നാടോടി കൂടാരങ്ങളുടേയും സ്ഥാനത്തു് ഇപ്പോൾ വൈദ്യുതശക്തിയും, റേഡിയോയും മററുംകൊണ്ട് സജ്ജമായ പുതിയ വീടുകൾ സ്ഥലംപിടിച്ചിട്ടുണ്ട്. ചില ഗ്രാമങ്ങളിൽ ഈ വീടുകളിൽ പൈപ്പുവെള്ളത്തിനും തണുപ്പുകാലത്തു് വീട് ചൂട് പിടിപ്പിക്കുന്നതിനുമുള്ള ഏർപ്പാടുകളും ഗ്യാസ്സിനുള്ള സൗകര്യങ്ങളും, ടെലിഫോണും മററുമുണ്ട്.

ഉസ്ബെക്ക് റിപ്പബ്ലിക്കിലെ അന്ദിഷാൻ, ലെനിൻ, ജാലാ കുദുക്ക് എന്നീ ജില്ലകളിലുള്ള 65 കൂട്ടുകൃഷികളങ്ങളിലെ ചായപ്പീടികകളിലേയും സ്കൂളുകളിലേയും നഴ്സറികളിലേയും, പരുത്തി ഉണക്കുന്ന ഷെഡ്ഡുകളിലേയും, കർഷകഗൃഹങ്ങളിലേയും മററും ഉപയോഗത്തിനു് 1948 മുതല്ക്ക് വിദ്യുഛക്തി ലഭിച്ചിരുന്നു.

സൗജന്യമായ വൈദ്യസഹായം, വലിയ കുടുംബങ്ങളിലെ അമ്മമാക്കുള്ള അലവൻസു്, സ്കൂളുകളിലേയും കോളേജുകളിലേയും മററും സൗജന്യ വിദ്യാഭ്യാസം, ഗവമ്മെൻറു് സ്കോളർഷിപ്പ് എന്നിവ ഓരോ കൂട്ടുകൃഷികാരൻെറ കുടുംബബജററിനേയും സംബന്ധിച്ചേടത്തോളം വളരെ പ്രാധാന്യമുള്ളതാണ്.

വിപ്ലവത്തിനു് മുൻപ് അപൂർവ്വം കർഷകക്ക് മാത്രമേ ഒരു ആശുപത്രിയിൽ കടക്കാൻ കഴിയുമായിരുന്നുള്ളു. രോഗങ്ങൾ വൻതോതിൽ പടർന്നുപിടിച്ചിരുന്നെങ്കിലും ആശുപത്രികളും ഡോക്ടർമാരും നന്നേ കുറവായിരുന്നു. അവരിൽ പലരും മുറിവൈദ്യന്മാരുടേയും ഒന്നുമറിയാൻ പാടില്ലാത്ത വൈദ്യന്മാരുടേയും സേവനമാണ് ഉപയോഗപ്പെടുത്തിയിരുന്നതു്.

സോവിയററു് ഗവമ്മെൻറു് ഗ്രാമവാസികൾക്കും പട്ടണവാസികൾക്കും, ഇരുകൂട്ടക്കുംവേണ്ടി വിപുലമായൊരു വൈദ്യസേവനശാഖ സ്ഥാപിച്ചിട്ടുണ്ട്. ഇന്നു് സോവിയററു് യൂണിയനിൽ 354,000 ഡോക്ടർമാരും, പരിശീലനം സിദ്ധിച്ച വേറൊരു 900,000 മെഡിക്കൽ പ്രവത്തകരും ഉണ്ട്. 1913ൽ സാറിസ്റ്റ് റഷ്യയിൽ ഇവരുടെ സംഖ്യ 2800 ആയിരുന്നു.

വിപ്ലവത്തിനു് മുൻപുള്ള ഉസ്ബെക്കിസ്ഥാനിൽ 31000 പേർക്ക് ഒരു ഡോക്ടർ വീതമാണുണ്ടായിരുന്നതു്; ഇന്നു് അവിടെ 895പേർക്കു് ഒരു ഡോക്ടർ വീതമുണ്ടു്.

ഇതിനും പുറമെ, ആയിരക്കണക്കിന്നു് കർഷകർക്കു് സൗജന്യമായോ, വളരെ കുറഞ്ഞ നിരക്കിലോ സുഖവാസസൗകര്യം ലഭിക്കുന്നു. 1956ൽ, ചെച്ചെൻ ഇൻഗുഷ് സ്വയംഭരണ റിപ്പബ്ലിക്കിലുള്ള കിറോവ് കൂട്ടകൃഷികളത്തിലെ 100 പേരും, ബ്ര്യാക്കവെത് സ്കായാ ജില്ലയിലുള്ള ബുദ്യോനി കൂട്ടകൃഷികളത്തിലെ നൂറുപേരും, മററു് ആസംഖ്യം കർഷകരും സൗജന്യമായി സുഖവാസകേന്ദ്രങ്ങളിലേക്കയക്കപ്പെട്ടു.

പല കൂട്ടകൃഷികളങ്ങളും സ്വന്തമായ സാനിട്ടോറിയങ്ങളും, വിശ്രമകേന്ദ്രങ്ങളും നിലനിർത്തിപ്പോരുന്നുണ്ടു്. ഉദാഹരണത്തിനു്, ഇവനോവോ ജില്ലയിലെ സ്റ്റാലിൻ കൂട്ടകൃഷികളം കൊക്കേഷ്യൻ മലയടിവാരങ്ങളിൽ ഗൊര്യാച്ചി ക്ളൂച്ച് എന്ന പ്രകൃതിരമണീയമായ സ്ഥലത്തു് ഒരു സാനിട്ടോറിയം പണികഴിപ്പിച്ചിട്ടുണ്ടു്. എല്ലാ മാസവും ഈ കൂട്ടകൃഷികളത്തിലെ അൻപതു് അംഗങ്ങൾ അവിടെ വിശ്രമത്തിനും ചികിത്സക്കുമായി പോകുന്നു. ക്രാസ്നി അക്ട്യാബ്ർ കൂട്ടകൃഷികളം (കിറോവ് പ്രദേശം) 30 പേർക്കു് വിശ്രമിക്കാൻ കഴിയുന്ന ഒരു സാനിട്ടോറിയം നിലനിർത്തിപ്പോരുന്നുണ്ടു്. ഏററവും നല്ല ഒരു 'സ്പാ' (ധാതുജല ചികിത്സ കിട്ടുന്ന സ്ഥലം) ആയ കിസ്ലോവദ്സ്കിൽ റോസ്സിയാ കൂട്ടകൃഷികളത്തിന്റെ വക ഒരു സാനിട്ടോറിയമുണ്ടു്. വിപ്ലവത്തിനു് മുൻപു് ധനികർക്കു് മാത്രമുള്ള ഒരു സ്ഥലമായിരുന്നു ഇതു്. ലെനിൻ ജില്ലയിലെ കൂട്ടകൃഷികളങ്ങൾ ഒത്തുചേർന്നു് ഉസ്ബെക്കിസ്ഥാനിലെ അന്ദിഷാൻ പ്രദേശത്തു് ഒരു സാനിട്ടോറിയം സ്ഥാപിച്ചിട്ടുണ്ടു്. ഇവിടെ പരുത്തി കൃഷിക്കാർക്ക് സൗജന്യമായ പ്രവേശനം നൽകുന്നു. ഏററവും മികച്ച തരത്തിലുള്ള നാലു് നേരത്തെ ഭക്ഷണവും വിദഗ്ദ്ധമായ ചികിത്സയും അവർക്കു് നിത്യേന ലഭിക്കുന്നു. കൂട്ടകൃഷി വ്യവസ്ഥയുടെ ആവിർഭാവത്തിന്റെ ഫലമായി സാധാരണ കർഷകർ പാല്ക്കാരികൾ, പന്നി, വളർത്തുകാർ, ആട്ടിടയർ, ട്രാക്ടർ ഡ്രൈവർമാർ, മററു് കർഷകത്തൊഴിലാളികൾ തുടങ്ങിയവർക്കെല്ലാം സാനിട്ടോറിയത്തിന്റേയും സുഖവാസകേന്ദ്രങ്ങളുടേയും പ്രയോജനം ലഭിക്കുന്നു.

പൊതുജനാരോഗ്യസംരക്ഷണത്തിന്റേയും അഭിവൃദ്ധിപ്പെടുന്ന ജനതയുടെ ജീവിതാഭിവൃദ്ധിയുടെയും ഫലമായി 1913



തിമിര്യാസെവ് കൂട്ടുകൃഷികളും (ഗോക്കി പ്രദേശം) കൂട്ടുകൃഷിക്കാക്കുവേണ്ടി നിർമ്മിച്ച ഒരു സുഖവാസ കേന്ദ്രം.

നെ അപേക്ഷിച്ച് മരണനിരക്ക് 25 ശതമാനമായി കുറഞ്ഞിരിക്കുന്നു.

ഇനി അവസാനമെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത മറ്റൊരു കാര്യമുണ്ട്. അതായത് വാർദ്ധക്യത്തേയോ അവശതയേയോ ഓർത്ത് ആരും വിഷമിക്കേണ്ടതില്ല. "വാർദ്ധക്യം ഒരു സന്തോഷമല്ല" എന്ന പഴമൊഴി ഇന്ന് അർത്ഥശൂന്യമായിരിക്കുന്നു.

വാർദ്ധക്യബാധിതരും അവശരുമായ കർഷകർക്ക് സ്ഥിരമായ സഹായം നൽകുന്നതിനും, പ്രസവകാലവേതനം നൽകുന്നതിനും, അനാഥരായ കുട്ടികളെ രക്ഷിക്കുന്നതിനും പല കൂട്ടുകൃഷികളങ്ങൾക്കും സ്വന്തമായ പെൻഷൻ ഫണ്ടുണ്ട്. പച്ചേൽമാ ജില്ലയിലെ ലെനിൻ കൂട്ടുകൃഷി കളത്തിലെ പ്രായാധിക്യം ബാധിച്ച ഓരോ കർഷകനും 1951ൽ 150 റൂബിൾ പ്രതിമാസ പെൻഷൻ ലഭിച്ചു; പുറമെ അൻപത് ജോലിദിവസ യൂണിററുകളും. ഇത് തത്തുല്യമായ സാധനങ്ങൾ ലഭിക്കുന്നതിനും അയാളെ അർഹനാക്കും. മോൾഡേവിയൻ റിപ്പബ്ലിക്കിലെ കൂട്ടുകൃഷി കാരണവ

ന്മാക്കു് ധാരാളം ഭക്ഷണസാധനങ്ങൾക്കു് പുറമെ, ഒരു കൊല്ലം 3000—3500 റൂബിൾ ലഭിക്കുന്നു. വലിയ കൂട്ടുകൃഷികളങ്ങൾ പ്രായംചെന്നവക്കുവേണ്ടി പ്രത്യേക സദനങ്ങൾ സ്ഥാപിക്കുന്നു, അതേ സമയം പല ചെറിയ കളങ്ങൾ ഒന്നിച്ചുചേന്നു് അത്തരം സദനങ്ങൾ നിമ്മിക്കുന്നു. വൊറനേഷ് പ്രദേശത്തു് കലാച്ച് ജില്ലയിലുള്ള വൃദ്ധസദനത്തിൽ വിവിധ കൂട്ടുകൃഷികളങ്ങളിൽ നിന്നുള്ള 24 കർഷകകാരണവന്മാർ താമസിക്കുന്നുണ്ടു്. സുസജ്ജീകൃതവും സുഖസമ്പൂർണ്ണവുമായ മുറികളിലാണു് അവർ താമസിക്കുന്നതു്. അവക്കു് നല്ല ഭക്ഷണവും മറെറല്ലാ പരിരക്ഷണവും ലഭിക്കുന്നു. അവിടെ റേഡിയോയും ഗ്രന്ഥശാലകളും തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ടു്. മിക്കവാറും എന്നും അവിടെ ഫിലിം പ്രദർശനവും ഉണ്ടാകാറുണ്ടു്. മററു പല കൂട്ടുകൃഷികളങ്ങളും ഇതുപോലുള്ള സൗകര്യം നൽകാറുണ്ടു്.

ഉസ്ബെക്കിസ്ഥാനിലെ യാൻഗി-യുൽ ജില്ലയിൽ പെട്ട വൊറോഷിലോവ് കൂട്ടുകൃഷികളത്തിലെ ഒരു വൃദ്ധനായ ഉൽമാസ് നൊർമത്തോവിനോട്ടു് ജീവിതത്തെപ്പററി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

“എനിക്കു് എൻെറ വയസ്സു് കാലത്തെപ്പററി വിഷമിക്കേണ്ട ഒരു കാര്യവുമില്ല. മുമ്പു്, ഞങ്ങൾ വയസ്സന്മാർ ഒന്നിച്ചു് കൂടുമ്പോഴെല്ലാം ഒരേ ഒരു കാര്യത്തെപ്പററി മാത്രമേ സംസാരിച്ചിരുന്നുള്ളുവെന്നതു് ശരിയാണു്; അതായതു് കൊല്ലം ഓരോന്നു് കഴിയുമ്പോൾ ഞങ്ങൾക്കെന്തു് സംഭവിക്കുമെന്നതായിരുന്നു ഞങ്ങളുടെ സംസാരവിഷയം. ഇന്നു് അത്തരമൊരു സംസാരത്തെപ്പററി കേൾക്കാനേ സാദ്ധ്യമല്ല. പെൻഷൻ സ്ഥാപിച്ചതിൽ ഞങ്ങൾക്കു് സന്തോഷമുണ്ടു്. ഞങ്ങൾ കിഴവന്മാർ അതിൽ വളരെ കൃതജ്ഞരുമാണു്.”

കൂട്ടുകൃഷി കാരണവന്മാർ അവരുടെ ജന്മദിനങ്ങളിൽ സല്ക്കരിക്കപ്പെടുന്നതിനെക്കുറിച്ചു് ഇപ്പോൾ കൂടുതൽ കേട്ടുതുടങ്ങിയിട്ടുണ്ടു്. ജില്ലാ കേന്ദ്രങ്ങളിലാണു് ഈ ആഘോഷങ്ങൾ പലപ്പോഴും നടക്കാറുള്ളതു്. അനേകം കൂട്ടുകൃഷിക്കാരും പ്രമുഖ എം. ടീ. എസ്സ്. ജോലിക്കാരും ഇതിൽ പങ്കെടുക്കുകയും ചെയ്യും. ഈ അടുത്തകാലത്തു് നൊവോ-വൊറഞ്ഞു്സോസ്കാ ജില്ലാകേന്ദ്രത്തിൽ വെച്ചു് 25 കൊല്ലക്കാലംവരെ കളത്തിലെ പന്നിവളത്തൽ വിഭാഗത്തിൻെറ ചാജ്ജു് വഹിച്ചിരുന്ന വർവരാ ക്രാവരെങ്കോയ്ക്കു് ഒരു സല്ക്കാരം നല്കപ്പെട്ടു. അവക്കു് വിലപിടിച്ച പലപാരിതോ

ഷികങ്ങളും ലഭിച്ചു. കൂട്ടകൃഷികളം അവക്ക് 200 ജോലിദിവസ യൂണിററുകൾ ആജീവനാന്ത പെൻഷൻ അനുവദിക്കുകയും, അവരുടെ വീട് പുതുക്കിപ്പണിയുകയും ചെയ്തു.

പല കൂട്ടകൃഷി കളങ്ങളിലും വിവാഹ സമ്മാനങ്ങൾ ഒരു പതിവായി വരികയാണ്. ക്രാസ്നോദർ പ്രദേശത്തെ "സമാധാനവും അദ്ധ്വാനവും" എന്ന കൂട്ടകൃഷികളത്തിലെ ഒരു വിവാഹാഘോഷ ചടങ്ങിൽവെച്ച് നവദമ്പതികളെ ആശംസിച്ചുകൊണ്ട് സംസാരിക്കവെ കൂട്ടകൃഷികളത്തിൻെറ ചെയർമാൻ ഇപ്രകാരം പറഞ്ഞു: "വധുവിനു് സ്ത്രീധനം നൽകുകയെന്നതു് ഒരു പഴയ റഷ്യൻ ആചാരമായിരുന്നു. പഴയകാലത്തു്, യുവദമ്പതികൾ അവരുടെ പുതിയ പൊറുതി ആരംഭിക്കുമ്പോൾ അവക്ക് സഹായകമാകുന്നതിനുവേണ്ടി മാതാപിതാക്കൾ തങ്ങളുടെ സ്വത്തിലൊരുഭാഗം അവക്ക് നല്കിയിരുന്നു. നമ്മുടെ ഇപ്പോഴത്തെ പ്രധാന സ്വത്തു് കൂട്ടകൃഷികളമാണ്. അതുകൊണ്ട്, ഒരു പുതിയ ജീവിതമാരംഭിക്കുന്ന യുവ ദമ്പതികൾക്കു് കളത്തിൻെറ വകയായി ഒരു സ്ത്രീധനം നൽകുകയെന്നതു് ന്യായംമാത്രമാണ്. ഇക്കൊല്ലം മുതൽ കന്നുകാലികളെ വളത്തലിലാണെങ്കിൽ കറഞ്ഞതു് 500 ജോലി ദിവസ യൂണിററുകളും, വയലിലെ ജോലിയിലാണെങ്കിൽ 300 ജോലിദിവസ യൂണിററുകളും നേടിയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുമ്പോൾ അവക്കെല്ലാം കൂട്ടകൃഷികളത്തിൽ നിന്നു് ഒരു സ്ത്രീധനം നൽകുന്നതായിരിക്കും."

തുടന്നു്, ചെയർമാൻ ആ യുവ ദമ്പതികൾക്കുള്ള സ്ത്രീധനം സമ്മാനിച്ചു: അതിൽ ഒരു കട്ടിലും, ധാരാളം വലിപ്പമുള്ള ഒരു മേശയും, ഒരു ഡിന്നർ സെററും, ചരന്ന് ഒരു കോട്ടും മററു് പല സാധനങ്ങളും അടങ്ങിയിരുന്നു. അതിനുശേഷം ഈ കൂട്ടകൃഷികളത്തിൽ 13 യുവദമ്പതികൾക്കു് സ്ത്രീധനം ലഭിച്ചിട്ടുണ്ട്.

11

# സാംസ്കാരിക വിപ്ലവം

കാർഷിക പ്രശ്നപരിഹാരം വഴി ഒക്ടോബർ വിപ്ലവം സ്കൂളുകളുടേയും കലാശാലകളുടേയും, ഗ്രന്ഥശാലകളുടേയും സാംസ്കാരിക സദനങ്ങളുടേയും കവാടങ്ങൾ കർഷകർക്ക് തുറന്നിട്ടുകൊടുത്തു.

യുദ്ധത്തിനു് മുൻപു്തന്നെ സോവിയററു് യൂണിയനിൽ സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പിലായി കഴിഞ്ഞിരുന്നു. ഇപ്പോൾ സാർവ്വത്രികമായ ദശവത്സര വിദ്യാഭ്യാസത്തിലേയ്ക്കുള്ള മാററം പൂർത്തിയാക്കിവരികയാണു്. 8, 9, 10 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സംഖ്യ 1940—41-ൽ 10 ലക്ഷമായിരുന്നതു് 1955—56-ൽ 2,370,000 ആയി വർദ്ധിച്ചു.

വിപ്ലവത്തിനു് മുൻപു് മദ്ധ്യേഷ്യൻ ജനങ്ങൾക്കിടയിലായിരുന്നു നിരക്ഷരത്വം ഏററവും വ്യാപകമായിരുന്നതു്. 200 താജിക്കുകളിൽ ഒരാൾക്കു് വീതം മാത്രമേ എഴുതാനും വായിക്കാനും കഴിഞ്ഞിരുന്നുള്ളു. എന്നാൽ, ഇന്നു് താജിക്കിസ്ഥാൻ മററെല്ലാ സോവിയററു് റിപ്പബ്ലിക്കുകളേയുംപോലെ നൂറു് ശതമാനം സാക്ഷരത്വമുള്ള രാജ്യമാണു്.

ഇന്നു്, സെക്കൻററി വിദ്യാഭ്യാസം സിദ്ധിച്ച എത്രയോ കൂട്ടകൃഷിക്കാരെ നമുക്കു് കാണാൻ കഴിയും. ബൈലോ റഷ്യൻ റിപ്പബ്ലിക്കിൽ ല്യൂബ്ച്ചൻസ്കായാ എം. ടി. എസ്. നു് സമീപമുള്ള "കമ്മ്യൂണാർ" കൂട്ടകൃഷികളത്തിലെ മൃഗവളർത്തു വിഭാഗത്തിൽ ദശവത്സര വിദ്യാഭ്യാസം സിദ്ധിച്ച 36 യുവതീയുവാക്കൾ ജോലിയിലേർപ്പെട്ടിട്ടുണ്ടു്. ആനുഷംഗികമായി പറയട്ടെ സോവിയററു് കാലത്തിനു് മുൻപു് ഈ കൂട്ടകൃഷികളത്തിലെ ആറു് ഗ്രാമങ്ങളിൽ മൊത്തം രണ്ടാളുകൾ മാത്രമാണു് സെക്കൻററി വിദ്യാഭ്യാസം സിദ്ധിച്ചവരായി ഉണ്ടായിരുന്നതു്. റ്യസാൻ പ്രദേശത്തുള്ള കൂട്ടകൃഷികളങ്ങളിലെ പാൽക്കാരികൾ, പന്നിവളർത്തുകാർ, കോഴിവളർത്തുകാർ, ആട്ടിടയർ തുടങ്ങിയവർക്കിടയിൽ ഇപ്പോൾ സെക്കൻററി വിദ്യാഭ്യാസമുള്ള നാലായിരം യുവതീയുവാക്കളുണ്ടു്.



അസർബൈജാനിൽ ഒരു കൂട്ടുകൃഷിക്കാരന്റെ വീട്

പല സാധാരണ കൂട്ട്കൃഷിക്കാരും തപാൽ ക്ലാസ്സുകൾവഴി അവരുടെ കോളേജ് വിദ്യാഭ്യാസം തുടരുന്നുണ്ട്. വൊറനേഷിലെ കാർഷിക ഇൻസ്റ്റിററ്യൂട്ടിൽനിന്ന് അഞ്ഞൂറോളം യുവകൂട്ടുകൃഷിക്കാർ തപാൽ വിദ്യാഭ്യാസം നേടുന്നുണ്ട്.

1955 ൽ ഗ്രാമങ്ങളിൽ 115000 സാംസ്കാരിക സദനങ്ങളും ക്ലബ്ബുകളും ഗ്രന്ഥശാലകളും ഉണ്ടായിരുന്നു. ഇന്ന് ഓരോ ജില്ലാകേന്ദ്രത്തിലും ഒരു സാംസ്കാരിക സദനമുണ്ട്. പല ഗ്രാമങ്ങൾക്കും സ്വന്തമായ ക്ലബ്ബുകളും ഗ്രന്ഥശാലകളുമുണ്ട്. ഉസ്ബെക്കിസ്ഥാനിൽ മാത്രം ഏതാണ്ട് 3000 ഗ്രാമീണ ക്ലബ്ബുകളുണ്ട്. ലെനിനാബാദ് ജില്ലയിലെ (താജിക്ക് റിപ്പബ്ലിക്ക്) വൊറോഷിലോവ് കൂട്ടുകൃഷികളും നടത്തുന്ന ക്ലബ്ബ്. ഈ ക്ലബ്ബുകളുടെ ഒരു

നല്ല ഉദാഹരണമാണ്. അവിടെ 1200 പേക്കിരിക്കാവുന്ന ഒരു നാടകശാലയും, 250 പേക്ക് ഇരുന്ന് വായിക്കാവുന്ന ഒരു ഗ്രന്ഥശാലയും, 300 പേക്ക് സൗകര്യമുള്ള ഒരു വിശ്രമ ഹാളും ഉണ്ട്. ഇതിന് പുറമെ അവിടെ ഒരു കളിസ്ഥലവും, മീററിങ്ങ് ഹാളുകളും, അമച്വർ കലാ സംഘങ്ങൾക്കുള്ള മുറികളും, സ്ഥിരമായ കാഷിക പ്രദർശനത്തിനുള്ള ആറ് മുറികളുമുണ്ട്.

ഗ്രാമീണ ക്ലബ്ബ്കൾ രാഷ്ട്രീയ ശാസ്ത്രീയ വിഷയങ്ങളെകറിച്ചുള്ള പ്രസംഗങ്ങളും, കലാപരിപാടികളും, നാടകങ്ങളും; ഫിലിം പ്രദർശനങ്ങളും മററും ഏർപ്പാട് ചെയ്യുകയും; അമച്വർ കലാപ്രവത്തനം സംഘടിപ്പിക്കുകയും ചെയ്യുന്നു.

ദശസഹസ്രക്കണക്കിന് സംഗീത സംഘങ്ങളും, ഗായകസംഘങ്ങളും, നാടക കമ്പനികളും മററും നാട്ടിൻപുറത്തെ അമച്വർ കലാവാസനകൾക്ക് രൂപം നൽകുന്നുണ്ട്. സിൻഷേവ്യലാ (മൊൾഡേവിയൻ റിപ്പബ്ലിക്ക്) ഗ്രാമത്തിലെ പുതിയ ജീവിതത്തെപ്പററി അനിസ്യാചബ്ബ് പറയുന്നതിപ്രകാരമാണ്: "സോവിയററ് ഭരണത്തിന് മുൻപ് ഞങ്ങൾക്ക് രണ്ട് അദ്ധ്യാപകരുള്ള ഒരു കൊച്ചു് സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് ഞങ്ങൾക്ക് ഞങ്ങളുടെ ഗ്രാമത്തിൽ അൻപതു് അദ്ധ്യാപകരും മെഡിക്കൽ പ്രവത്തകരുമുണ്ട്. അവിടെ രണ്ട് സപ്തവത്സര വിദ്യാലയങ്ങളും, മൂന്ന് ചതുർവഷ വിദ്യാലയങ്ങളുമുണ്ട്. ഞങ്ങൾക്ക് ഒരു ക്ലബ്ബും, ഒരു ആശുപത്രിയുമുണ്ട്...... ഒരു പുതിയ സ്റ്റോറിൻെറ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ വിനോദങ്ങൾ പണ്ടത്തേതിൽനിന്ന് വളരെ വിഭിന്നങ്ങളാണ്. ഒരു ദിവസം ഞങ്ങളുടെ പാക്കിൽ വന്ന് നോക്കുക; ഞങ്ങളുടെ കൂട്ടുകൃഷികളത്തിലെ ബാൻറു് വായനക്കാരുടെ ബാൻറു് സംഗീതം നിങ്ങൾക്ക് കേൾക്കാൻ കഴിയും. അതുപോലെ പഴയ കാലത്തെ കഷകത്തൊഴിലാളികളുടെയും സാധു കഷകരുടേയും കുട്ടികളെ നോക്കുക! സോവിയററിലെ ഒരു പ്രതിനിധിയെന്നനിലയ്ക്ക് എനിയ്ക്ക് മററ് ഗ്രാമങ്ങളും സന്ദർശിക്കാനുള്ള അവസരമുണ്ട്. എവിടെ നോക്കിയാലും ആളുകൾ പുതിയ വീടുകൾ പണിയുകയും, പഴയവ പുതുക്കിപ്പണിയുകയുമാണ്. അവക്ക് വീട്ടിൽ വിദ്യുച്ഛക്തിയും റേഡിയോയുമുണ്ട്. ഇതെല്ലാം ഐശ്വര്യത്തിൻെറ ഒരു ചിഹ്നമാണ്."

പട്ടണത്തിലേയും ഗ്രാമത്തിലേയും ജീവിതം തമ്മിലുള്ള അന്തരം, അവരുടെ ഭൗതിക സാംസ്കാരിക ജീവിത നിലവാരങ്ങളിലുള്ള വ്യത്യാസം ക്രമേണ മാഞ്ഞ്വരികയാണ്.

വിപ്ലവത്തിനു് ശേഷമുള്ള നാല്പതു് വർഷക്കാലത്തു് അനേകലക്ഷം സോവിയററു് കർഷകരുടെ ജീവിതത്തിലുണ്ടായിട്ടുള്ള ഐതിഹാസികമായ പരിവർത്തനങ്ങൾ ഇതെല്ലാമാണു്. കൂട്ടകൃഷിക്കാരുടെ അണികളിൽനിന്നു് അനവധി എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാരും രാജ്യതന്ത്രജ്ഞന്മാരും, കൂട്ടകൃഷികളും ചെയർമാന്മാരും സ്റ്റേററു് കളും ഡയറക്ടർമാരും, പ്രമുഖ സഹകരണസംഘ പ്രവർത്തകരും, സോവിയററു് പ്രതിനിധികളും, പ്രദേശങ്ങളിലേയും റിപ്പബ്ലിക്കുകളിലേയും ഉയർന്ന സ്ഥാനങ്ങൾ വഹിക്കുന്ന ഗവൺമെന്റു് എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാരും, ശാസ്ത്രജ്ഞരും, കലാപ്രവർത്തകരും, എഴുത്തുകാരും ഉയർന്നുവന്നിട്ടുണ്ടു്.

സോഷ്യലിസ്റ്റു് രീതിയിലൂടെയുള്ള കാർഷികപ്രശ്ന പരിഹാരം അദ്ധ്വാനിക്കുന്ന കർഷക ജനതയ്ക്കു് യഥാർത്ഥ സ്വാതന്ത്ര്യവും, വർദ്ധിച്ചുവരുന്ന ഐശ്വര്യവും സംസ്കാരവും പ്രദാനം ചെയ്തിട്ടുണ്ടു്.

## *AVAILABLE NOW!*

The most authoritative book on the subject so far published in India... furnishes the reader with answers to such oft-asked questions—what is Soviet democracy? How does it function? What are the organs of state power in the Soviet Union? Who elects the Soviet Parliament? What are the functions of the two chambers? And what are the Standing Commissions? etc., etc.

In short, the book is a fund of information on the structure and constitutional principles of the activities of the highest organs of state power in the USSR—the Soviet Parliament and its Presidium.

Fully illustrated with photographs.

*Pages* **48** *Price*: **0.20** *nP.*

### *Packing & Postage Free*

*Available at*:

1. **Prabhat Book House Cannanore.**
2. **M/s. Prabhath Book House, Main Road, Trivandrum.**
3. **M/s. N.S. Janardanan, Akampadiviruthy, Thengapattanam.**
4. **M/s. R. Soman, Janayugam Agent, Chirayinkil,**
5. **M/s. K. Gangadharan, 'Santha' Agencies, Ambalapuzha,**

**&**

**Directly from**




## SOVIET LAND BOOKLETS

1/1, Wood Street, CALCUTTA.-16. · 25, Barakhamba Road, NEW DELHI. · 26, Club Road, BOMBAY-8



# സോവിയറ്റുയൂണിയനിൽ കാർഷികപ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെ

ഡി. എസ്സ്. കൊൾംപകോവ്